# ജനപഥം

മാർച്ച് 2014





## കവർസ്റ്റോറി


**14**
**മലയാളിസ്ത്രീക്ക് പ്രതികരണശേഷി കൂടിയിരിക്കുന്നു**
ഡോ. ബി. ഹൃദയകുമാരി/എൻ.പി. മുരളീകൃഷ്ണൻ

**17**
**കുടുംബിനി ചില അർഥാന്തരങ്ങൾ**
ഡോ. ആർ. ശ്രീലതാവർമ

**20**
**വിർചൽ ലോകത്തെ സ്ത്രീ**
അന്ന എം.

**6**
**ആരോഗ്യപരിപാലനത്തിന് വിവരസാങ്കേതികവിദ്യ**
രഞ്ജിത്ത് എം.കെ.

**24**
**കായൽപരപ്പിൽ ഉദിച്ചുയർന്ന ഒരു സംഘടന**
കുന്നുകുഴി എസ്. മണി

**28**
**ഫോട്ടോ ഫീച്ചർ**

**30**
**ഇന്ത്യൻ സിനിമയുടെ നായർസാബ്**
ശ്രീവരാഹം സോമൻ

**34**
**കേരള പഠനസൂചികയുടെ മൂന്നു ദശാബ്ദങ്ങൾ**
ഡോ. അജികുമാരി ടി.

**37**
**യുഗപുരുഷൻ**
ഡോ. എൻ.പി. വിജയകൃഷ്ണൻ

**39**
**കഥകളിയിലെയും തുള്ളലിലെയും നാടോടി സ്വാധീനം**
ഡോ. പ്രമോദ് ഇരുമ്പുഴി







**42**
**വിസ്മയങ്ങളുടെ ഹരിതകാന്തി**
രമേഷ്കുമാർ വെള്ളമുണ്ട





**48**
**ചരിത്രസ്പന്ദനങ്ങളുമായൊരു ഘടികാരം**
ഡോ. മെറ്റൽഡ

**50**
**നെയ്യാർ ഡാം അഗസ്ത്യന്റെ വരദാനം**
പി.എം. മണി വെള്ളറട

**52**
**മനോഹരം, മായികം യക്ഷഗാന ബൊമ്മയാട്ടം**
വി.വി. പ്രഭാകരൻ

**54**
**ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉത്സവദിനം**

46 പദപാഠം
47 പുസ്തകപരിചയം
51 പെൺജീവിതം




# കാർഷിക സമൃദ്ധി വീണ്ടെടുക്കാൻ

അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണത്തോടനുബന്ധിച്ച് 2014 ഫെബ്രുവരി ലക്കം ജനപഥത്തിൽ പ്രസിദ്ധീകരിച്ച കുടുംബകൃഷിയെക്കുറിച്ചുള്ള ലേഖനം വിജ്ഞാനപ്രദമായിരുന്നു. ഭക്ഷ്യസുരക്ഷ എന്ന ആശയത്തിന്റെ സാക്ഷാത്കാരം കുടുംബകൃഷിയിലൂടെ സാധ്യമാകുന്നതാണ്. പണ്ടുകാലങ്ങളിൽ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ നമ്മുടെ പറമ്പുകളിൽത്തന്നെ കൃഷിചെയ്തെടുക്കുന്നതായിരുന്നു രീതി. എന്നാൽ ക്രമേണ എല്ലാത്തിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി വ്യാപകമായി. കുറച്ചുപേരെങ്കിലും മാറിച്ചിന്തിക്കാൻ തുടങ്ങുന്നത് ഗുണകരമാണ്. കൃഷിയിടങ്ങൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ മട്ടുപ്പാവിൽ തങ്ങൾക്ക് ആകുന്നതരത്തിൽ കൃഷി ചെയ്തു തുടങ്ങിയത് ആശ്വാസകരമാണ്. എങ്കിലും അത് ഇനിയുമേറെ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പ്രചോദനമാകട്ടെ കുടുംബകൃഷി ഭക്ഷ്യസുരക്ഷയിലേക്കുള്ള വാതായനം എന്ന സുരേഷ് മുതുകുളത്തിന്റെ ലേഖനം.

**എൻ.വി. നായർ, ആലുവ**

# നാണ്വാരും ഗുണ്ടർട്ടും

രൂക്ഷപരിഹാസംകൊണ്ട് നമ്മുടെ കാപട്യങ്ങളെ അനാവരണം ചെയ്ത ചിരിയുടെ നാണ്വാരായ വി.കെ.എന്നിന്റെ അഭാവം മലയാളസാഹിത്യത്തിൽ അനുഭവപ്പെടുന്നു. ആധുനികത ജീവിതനിരാസമായി കത്തിനിന്ന കാലത്ത് ഇടപെട്ടളയും എന്ന അട്ടഹാസവുമായി എഴുതിനിറഞ്ഞ ഈ തിരുവില്വാമലക്കാരന് ഡൽഹി മുതൽ തിരുവില്വാമല വരെ ധാരാളം  കഥാപാത്രങ്ങളുണ്ടായി. സർ ചാത്തുവും പയ്യൻസും അതിലെ ജനപ്രിയരായി. വി.കെ.എൻ അനുസ്മരണത്തിനൊപ്പം മലയാള ഭാഷയ്ക്ക് ഒരിക്കലും മറക്കാനാകാത്ത ഹെർമൻ ഗുണ്ടർട്ടിന്റെ ഇരുനൂറാം ജന്മശതാബ്ദിയെക്കുറിച്ചുള്ള ലേഖനവും ശ്രദ്ധേയമായി. മലയാള ഭാഷയുടെ ആധുനികതയിലേക്കുള്ള പ്രയാണത്തിൽ 19-ാം നൂറ്റാണ്ടിലെ ഈ ജർമൻ പാതിരി വഹിച്ച പങ്ക് ഇനിയും വേണ്ടത്ര കേരളം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്. 1859-ലെ മലയാള ഭാഷാവ്യാകരണം ഒഴികെയുള്ള അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഇനിയും പഠനവിധേയമാകേണ്ടിയിരിക്കുന്നു. സർവകലാശാലകൾ അതിന് മുൻകയ്യെടുക്കണം. രാജ്യസമാചാരം എന്ന ആദ്യഭാഷാപത്രത്തിലൂടെ മലയാള പത്രപ്രവർത്തന ചരിത്രത്തിലും അമ്മമലയാളത്തെ സ്നേഹിച്ച ഈ പണ്ഡിതൻ  ചിരകാല സ്മരണീയനാകുമെന്ന് തീർച്ച.

**ഷാഹിന എം.ആർ, കോഴിക്കോട്**

# നിരൂപണത്തിലെ ശ്രേഷ്ഠത

വ്യത്യസ്തം, വേറിട്ടത് എന്ന വാക്കുകൾ ഇന്ന് സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ച് പഴകിപ്പോയെങ്കിലും എം.പി. ശങ്കുണ്ണിനായർ എന്ന മഹാനായ നിരൂപകന്റെ കാര്യത്തിൽ അത് ഏറ്റവും ഉചിതമാണെന്നതിൽ ഗൗരവമായി സാഹിത്യവിമർശനത്തെ സമീപിക്കുന്നവർക്ക് രണ്ടഭിപ്രായമുണ്ടാകില്ല. ആ വ്യത്യസ്തത അഗാധപാണ്ഡിത്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, നിരീക്ഷണങ്ങളിലും എഴുത്തിലും ഒരുപോലെ തിളങ്ങിനിന്നു. കാളിദാസ കൃതിയുടെ ഉദാത്തതകളിലൂടെ സഞ്ചരിക്കുമ്പോഴും വൈലോപ്പിള്ളി കവിതകളുടെ മാധുര്യത്തിലൂടെ സഞ്ചരിക്കുമ്പോഴും ആ ആഴക്കാഴ്ചകൾക്ക് ചാഞ്ചല്യമുണ്ടായില്ല. ഡോ.എ.എം .ഉണ്ണികൃഷ്ണന്റെ ആരായിരുന്നു എം.പി. ശങ്കുണ്ണിനായർ എന്ന ലേഖനം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതുപോലെ പാണ്ഡിത്യത്തിനൊപ്പം സരസത്വവും ഉചിതമായി സമ്മേളിച്ച് ഹൃദ്യമായ നിരൂപണങ്ങൾ ഉണ്ടാകുന്നതിന്റെ ഉത്തമനിദർശനമാണ്.

**സൗമ്യ സനൽ, തിരുവനന്തപുരം**

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2014
പുസ്തകം 3 ലക്കം 1
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

പ്രതിനിധികൾ:

- **എസ്.ആർ. പ്രവീൺ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**

മുഖക്കുറിപ്പ്

# സ്വാതന്ത്ര്യത്തിന്റെ പുതുലോകങ്ങൾ

വിർജീനിയ വുൾഫ് 1928-ൽ 'എ റൂം ഓഫ് വൺസ് ഓൺ' എന്ന പേരിലെഴുതിയ ലേഖനം വിഖ്യാതമാണ്. സ്ത്രീക്ക് എഴുതണമെങ്കിൽ എല്ലാ അർഥത്തിലും തന്റേതായ ഒരിടം വേണമെന്ന വാദം അവർ അതിൽ ഉയർത്തുന്നു. സ്ത്രീവാദ എഴുത്തുകാരിൽ ആദ്യ പഥികരിലൊരാളായി കണക്കാക്കുന്ന ഈ എഴുത്തുകാരി സാമ്പത്തിക സ്വാതന്ത്ര്യമുള്ള, പുരുഷാധിപത്യത്തിന്റെ വിലക്കുകളില്ലാത്ത ഒരു സർഗാത്മകലോകത്തെയാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യാഖ്യാനങ്ങൾ പറയുന്നു. ലിംഗസമത്വ ചിന്താഗതി ശക്തമായി വേരോടിയ, ഒരു സംസ്കാരം തന്നെയായി മാറിയ പാശ്ചാത്യലോകത്ത് സ്ത്രീ ഒരുപക്ഷെ ഈ തന്റേടം നേടിയിരിക്കാം. പക്ഷെ നമ്മുടെ കാര്യമോ? കുടുംബത്തിലും കുടുംബത്തിനു പുറത്തും ചിലപ്പോൾ തൊഴിലിടങ്ങളിലേക്കുപോലും നീളുന്ന പുരുഷാധീശത്വം ഇന്നും ഇവിടെ വിമർശനവിധേയമാവുന്നു. സ്ത്രീയെ ശരീരം മാത്രമായി കാണുന്ന ലൈംഗികാതിക്രമണങ്ങളെക്കുറിച്ചല്ല ഇവിടെ പറയുന്നത്. ദൃശ്യവും അദൃശ്യവുമായി അവൾ വീട്ടിലും പൊതുവിടത്തിലും നേരിടുന്ന പുരുഷവീക്ഷണത്തിന്റെ ചങ്ങലക്കെട്ടുകളെക്കുറിച്ചാണ്. അത് അവളുടെ സർഗജീവിതത്തിലും ബാധകമാണ്. ലളിതാംബിക അന്തർജനവും കെ. സരസ്വതിയമ്മയും രാജലക്ഷ്മിയും മാധവിക്കുട്ടിയും തുടങ്ങി പുതുതലമുറക്കാർ വരെയെത്തിയ കേരളത്തിലെ സ്ത്രീയെഴുത്തിന്റെ ചരിത്രത്തിൽ ഇത്തരം നിരവധി അനുഭവങ്ങൾ പങ്കുവെക്കപ്പെട്ടിട്ടുണ്ട്

ഈ പശ്ചാത്തലത്തിലാണ് നവമാധ്യമങ്ങൾ പ്രസക്തമാവുന്നത്. ഫെയിസ്ബുക്ക്, ടിറ്റർ തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളും ബ്ളോഗുകളും മറ്റും പലതരത്തിലുള്ള വിലക്കുകളും മറികടന്ന് സ്ത്രീ സ്വത്വാവിഷ്കാരത്തിന് പുതിയ പൊതുവിടങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. വിർചൽ ലോകത്തെ അവളുടെ ഇടപെടലുകളും പ്രശ്നമുക്തമല്ലെങ്കിൽകൂടി പുതിയ സംവാദങ്ങൾക്കു വഴിയൊരുക്കുന്ന ധാരാളം സാധ്യതകളാണ് നവമാധ്യമങ്ങൾ സൃഷ്ടിക്കുന്നത്. വനിതാദിനം കേരളത്തിലുൾപ്പെടെ ആഘോഷാന്തരീക്ഷത്തിൽ കൊണ്ടാടപ്പെട്ട ഈ അവസരത്തിൽ (മാർച്ച് എട്ട്) ലിംഗസമത്വം ഒരു സംസ്കാരമായി മാറുന്ന പുതിയ പൊതുവിടങ്ങൾ സ്ഥാപിക്കേണ്ടതിന്റെ പ്രസക്തിയെപ്പറ്റി ജനപഥം ചർച്ച ചെയ്യുന്നു.

കഥകളിയിലെ ഇതിഹാസ വ്യക്തിത്വങ്ങളിലൊന്നായ കലാമണ്ഡലം കൃഷ്ണൻ നായരുടെ ജന്മശതാബ്ദി വർഷമാണിത്. (മാർച്ച് 27). കളിയരങ്ങിലെ പൂർണതയാൽ അസംഖ്യം ആരാധകരെ സൃഷ്ടിച്ച അദ്ദേഹത്തെപ്പറ്റിയുള്ള അനുസ്മരണവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

ആരോഗ്യം

■ രഞ്ജിത്ത് എം.കെ.

# ആരോഗ്യപരിപാലനത്തിന് വിവരസാങ്കേതികവിദ്യ



കേരളം വിവര സാങ്കേതിക വിദ്യാമേഖലയിലും ആരോഗ്യ പരിപാലന രംഗത്തും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിലയിലാണ്. ആരോഗ്യ രംഗത്തെ ഒട്ടുമിക്ക മേഖലകളിലും ആശാവഹമായ പുരോഗതിയാണ് കേരള ജനത നേടിയിരിക്കുന്നത്. എങ്കിലും ആരോഗ്യ പരിപാലന രംഗത്ത് വിവര സാങ്കേതികവിദ്യയുടെ ഉപയോഗത്തിലും പ്രയോഗത്തിലും നമ്മൾ ഇനിയുമേറെ മുന്നേറേണ്ടിയിരിക്കുന്നു. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ്, ടെലി മെഡിസിൻ, ഹെൽത്ത് നോളഡ്ജ് റിസോഴ്സസ്, ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം, ഇ-ലേണിങ്, ഹെൽത്ത് ഇൻഫർമാറ്റിക്സ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത സേവന-സംവിധാനങ്ങൾ പ്രയോഗപ്പെടുത്തിയാൽ നമ്മുടെ ആരോഗ്യ പരിപാലന രംഗത്തെ ഗുണമേന്മ വർധിക്കുമെന്നതിൽ തർക്കമില്ല. ആരോഗ്യമേഖലയിലെ വിദഗ്ധരുടെ അഭാവം പരിഹരിക്കുവാൻ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം

**ഭാവിയുടെ ആരോഗ്യപരിപാലനം പൂർണമായും ഐ.ടി. അധിഷ്ഠിതമായിരിക്കും. ഈ രംഗത്തെ നമുക്കുള്ള സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്യുന്നു**



മൂലം ഒരു പരിധിവരെ സാധിക്കും.

ആരോഗ്യ മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗവും പ്രയോഗവുമാണ് ആരോഗ്യ വിവര സാങ്കേതികവിദ്യ (Health Information Technology HIT) അഥവാ ഹെൽത്ത് ഐ.ടി (Health IT) എന്നറിയപ്പെടുന്നത്. കംപ്യൂട്ടർ ഹാർഡ് വെയറുകളും സോഫ്റ്റ് വെയറുകളും ഉപയോഗിച്ച് വിവരങ്ങൾ അപഗ്രഥിക്കുകയും ശേഖരിക്കുകയും വീണ്ടെടുക്കുകയും പങ്കുവെയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യുവാൻ ആരോഗ്യ വിവര സാങ്കേതികവിദ്യ നമ്മെ സഹായിക്കുന്നു. വിവരങ്ങൾ എന്നത് കൊണ്ട് ആരോഗ്യ പരിപാലന വിവരങ്ങൾ, ഇതു സംബന്ധിച്ച ഡാറ്റ എന്നാണർഥമാക്കുന്നത്. ആരോഗ്യ വിവരങ്ങളുടെ പരിപാലനവും സുരക്ഷിതമായ കൈമാറ്റവും വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സാധ്യമാകുന്നു. ആരോഗ്യ പരിപാലകർക്ക് രോഗീപരിചരണം എളുപ്പവും കുറ്റമറ്റതുമാക്കി തീർക്കുവാൻ ഇതു സഹായിക്കുന്നു. ആരോഗ്യ പരിപാലനം, ആരോഗ്യ പ്രവർത്തനങ്ങൾ, രോഗീപരിചരണം തുടങ്ങി കാര്യങ്ങളുടെ മൊത്തമായ ഗുണനിലവാരം, സുരക്ഷ എന്നിവ ഗണ്യമായി ഉയർത്തുന്നതിന് ആരോഗ്യ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം കൊണ്ട് സാധ്യമാകും.

### എന്തിനാണ് ആരോഗ്യ വിവരസാങ്കേതിക വിദ്യ?

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുന്നതിലും പകർച്ചവ്യാധികളും മാറാരോഗവും പിടിപെട്ടവരുടെ പരിചരണത്തിലും അവർക്ക് ലഭിക്കേണ്ടതിന്റെ ഏകദേശം മൂന്നിൽ രണ്ട് പരിചരണം മാത്രമേ ലഭിക്കുന്നുള്ളൂ. ഏകദേശം 1/5 മുതൽ 1/3 വരെ മാറാരോഗികൾക്കും പകർച്ചവ്യാധി ബാധിതർക്കും നൽകുന്ന പരിചരണം ഫലവത്താകാറില്ല. ഇത്തരം സാഹചര്യങ്ങളിൽ ആരോഗ്യ വിവര സാങ്കേതിക വിദ്യയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. ആരോഗ്യ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ആരോഗ്യ പരിപാലകർക്ക് താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ സാധിക്കും.

> ആരോഗ്യ വിവരങ്ങളുടെ പരിപാലനവും സുരക്ഷിതമായ കൈമാറ്റവും വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സാധ്യമാകുന്നു. ആരോഗ്യ പരിപാലകർക്ക് രോഗീപരിചരണം എളുപ്പവും കുറ്റമറ്റതുമാക്കി തീർക്കുവാൻ ഇതു സഹായിക്കുന്നു. ആരോഗ്യ പരിപാലനം, ആരോഗ്യ പ്രവർത്തനങ്ങൾ, രോഗീപരിചരണം തുടങ്ങിയ കാര്യങ്ങളുടെ മൊത്തമായ ഗുണനിലവാരം, സുരക്ഷ എന്നിവ ഗണ്യമായി ഉയർത്തുന്നതിന് ആരോഗ്യ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം കൊണ്ട് സാധ്യമാകും.

1. രോഗികളുടെ ആരോഗ്യസംബന്ധമായ പൂർണവും കൃത്യവുമായ വിവരങ്ങൾ ലഭിക്കുന്നു. ഇതുവഴി മെച്ചപ്പെട്ട രോഗീപരിചരണം നൽകുവാൻ സാധിക്കുന്നു.
2. രോഗീപരിചരണം, പരിപാലനം എന്നിവയിൽ ഏകോപനം സാധ്യമാകുന്നു. അടിയന്തര ഘട്ടങ്ങളിൽ ഇത് വളരെ പ്രാധാന്യമേറിയതാണ്.
3. രോഗികളുടെ ആരോഗ്യസംബന്ധമായ വിവരങ്ങൾ സുരക്ഷിതമായി രോഗികൾക്കും അവരെ പരിചരിക്കുന്ന കുടുംബങ്ങൾക്കുമിടയിൽ കൈമാറ്റം ചെയ്യുവാൻ സാധിക്കുന്നു. ഇതുമൂലം രോഗികൾക്കും കുടുംബങ്ങൾക്കും നിർണായക ഘട്ടങ്ങളിൽ എളുപ്പത്തിൽ കുറ്റമറ്റതായ തീരുമാനങ്ങൾ കൈകൊള്ളുവാൻ സാധിക്കുന്നു.
4. ഡോക്ടർക്ക് എളുപ്പത്തിൽ രോഗനിർണയം നടത്തുവാൻ സാധിക്കുന്നതിനു പുറമെ ആരോഗ്യ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം മെഡിക്കൽ പിഴവുകൾ കുറയ്ക്കുവാനും സുരക്ഷിതമായ സേവനം ചുരുങ്ങിയ ചിലവിൽ നൽകുവാനും സഹായിക്കുന്നു.
5. നമ്മുടെ ആരോഗ്യ പരിപാലന ശൃംഖലയെ പരിപോഷിപ്പിക്കുന്നു എന്നതിനു പുറമെ രോഗികൾക്കും ഡോക്ടർക്കുമുള്ള എഴുത്തുകുത്തുകൾ വളരെയധികം കുറച്ചുകൊണ്ടുവരുവാനും ആരോഗ്യ വിവരസാങ്കേതികവിദ്യ സഹായിക്കും.
6. ആരോഗ്യമേഖലയിലെ ഭരണ നിർവഹണ രംഗത്ത് മികവാർന്ന നയങ്ങൾക്ക് രൂപം നൽകുവാൻ സഹായിക്കുന്നു.

ആരോഗ്യ വിവരസാങ്കേതികവിദ്യയെ പ്രധാനമായും താഴെപറയുന്ന ഉപവിഭാഗങ്ങളായി തരംതിരിക്കാം.

1. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് (Eeletcronic Medical Records EHR)
2. ക്ലിനിക്കൽ ഡിസിഷൻ സ്പ്പോർട്ട് (Clinical Decision Support CDS)
3. കമ്പ്യൂട്ടറൈസ്ഡ് ഫിസിഷ്യൻ ഓർഡർ എൻട്രി (Computerized Physician Order Entry CPOE)

ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സിലെ ഡാറ്റയെ ആസ്പദമാക്കി മുന്നറിയിപ്പുകളും ഓർമപ്പെടുത്തലുകളും നൽകുന്ന സോഫ്റ്റ്‌വെയറുകളാണ് ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം വിഭാഗത്തിൽ

ഉൾപ്പെടുന്നത്. രോഗ നിർണയ പരിശോധനകളും ലബോറട്ടറി ടെസ്റ്റുകളും ഇലക്ട്രോണിക് രൂപത്തിൽ നിർദേശിക്കുകയും പരിശോധനാ ഫലങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ ഡോക്ടർമാർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന സോഫ്റ്റ്‌വെയറുകൾ കംപ്യൂട്ടറൈസ്ഡ് ഫിസിഷ്യൻ ഓർഡർ എൻട്രി വിഭാഗത്തിൽ ഉൾക്കൊള്ളുന്നു.

പ്രധാന ആരോഗ്യ വിവരസാങ്കേതിക വിദ്യാ അപ്ലിക്കേഷനുകൾ: ചില പ്രധാന ആരോഗ്യ വിവരസാങ്കേതികവിദ്യാ അപ്ലിക്കേഷനുകൾ താഴെ പറയുന്നവയാണ്.

1. പ്രാക്ടീസ് മാനേജ്മെന്റ് സിസ്റ്റം (Practce Management System PMS)
2. ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ്സും (Eeletcronic Medical Records EMR) ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സും (Electronic Health Records EHR).
3. ഇലക്ട്രോണിക് പ്രിസ്ക്രൈബിങ് (e Prescribing)
4. പേഴ്സണൽ ഹെൽത്ത് റെക്കോർഡ്സ് (Personal Health Records PHR)
5. പേഷ്യന്റ് റെജീസ്ട്രീസ് (Patient Registries)
6. പേഷ്യന്റ് പോർട്ടൽസ് (Patient Portals)
7. പിക്ചർ ആർകൈവിങ് ആൻഡ് കമ്യൂണിക്കേഷൻ സിസ്റ്റം (Picture Archiving and Communication System PACS)
8. ഇ-ഹെൽത്തും ടെലിമെഡിസിനും (e Health and Telemedcine)
9. ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയറുകൾ (Information System Softwares)
10. മൊബൈൽ ഹെൽത്ത് (Mobile Health)

ഇത്തരം ഉത്പന്നങ്ങളുടെ ആത്യന്തിക ലക്ഷ്യം തന്നെ ആരോഗ്യ പരിപാലകരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും രോഗികളുടെ ആരോഗ്യസംബന്ധമായ വിവരങ്ങൾ മെച്ചമായ രീതിയിൽ പരിപാലിക്കുകയും അതുവഴി രോഗീപരിചരണം എളുപ്പവും കുറ്റമറ്റതുമാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. രോഗികളുടെ വിവരങ്ങൾ എന്നതിൽ മരുന്നുകളുടെ കുറിപ്പടി, രജിസ്ട്രേഷൻ വിവരങ്ങൾ, ഫോട്ടോ, ഇൻഷുറൻസ് വിവരങ്ങൾ, ബില്ലുകൾ, പരിശോധനാ ഫലങ്ങൾ, ഡോക്ടറുടെ അഭിപ്രായങ്ങൾ മുതലായ കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

> ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സിലൂടെ ആശുപത്രിയിൽ നിന്ന് ആശുപത്രിയിലേക്കും ഡോക്ടറിൽ നിന്ന് ഡോക്ടറിലേക്കും വളരെയെളുപ്പത്തിൽ സൂരക്ഷിതമായി രോഗവിവരങ്ങൾ കൈമാറ്റം ചെയ്യുവാൻ സാധിക്കും. ഡോക്ടർമാർ തമ്മിൽ ഒരു രോഗിയുടെ വിവരങ്ങൾ എളുപ്പത്തിൽ കൈമാറ്റം ചെയ്യുവാനും അവർക്ക് തമ്മിൽ സന്ദേശങ്ങൾ കൈമാറുവാനും ഇലക്ട്രോണിക് ഹെൽത്ത്റെക്കോർഡ്സ് സഹായിക്കുന്നു.



**പ്രാക്ടീസ് മാനേജ്മെന്റ് സിസ്റ്റം (PMS):** ഇത്തരം സോഫ്റ്റുവെയറുകൾ ഉപയോഗിച്ച് രോഗികളുടെ സന്ദർശനം, രജിസ്ട്രേഷൻ, ബില്ലിങ് തുടങ്ങിയ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നു. വളരെ എളുപ്പത്തിൽ നടപ്പിലാക്കുവാൻ പറ്റുന്നതും സാധാരണയായി കൂടുതൽ ഉപയോഗത്തിലിരിക്കുന്നതുമായ സോഫ്റ്റുവെയറുകളാണിത്. ആശുപത്രികളിലെ ബിസിനസ് കാര്യങ്ങളാണ് പ്രധാനമായും ഇത്തരം സോഫ്റ്റുവെയറുകൾ കൈകാര്യം ചെയ്യുന്നത്. ഓഫീസ് മാനേജ്മെന്റ് സിസ്റ്റവുമായി ഇത്തരം സോഫ്റ്റുവെയറുകൾക്ക് അഭേദ്യ ബന്ധമുണ്ട്.



**ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ്സ് (EMR), ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് (EHR):** ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ്സ് എന്നത് മെഡിക്കൽ രേഖകളുടെ ഡിജിറ്റൽ പതിപ്പാണ്. ഡോക്ടറുടെ കുറിപ്പടി, ലാബ് പരിശോധനാ ഫലങ്ങൾ, രോഗിയുടെ വിവരങ്ങൾ, മേൽവിലാസം, ഇൻഷുറൻസ് വിവരങ്ങൾ, മുൻകാല ആരോഗ്യ വിവരങ്ങൾ തുടങ്ങിയവയെല്ലാം ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നു. ഇവ കൈമാറ്റം ചെയ്യുവാൻ കഴിയുന്ന വിധത്തിലുള്ള ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ്സ് ആണ്. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സിലൂടെ ആശുപത്രിയിൽ നിന്ന് ആശുപത്രിയിലേക്കും ഡോക്ടറിൽ നിന്ന് ഡോക്ടറിലേക്കും വളരെയെളുപ്പത്തിൽ സൂരക്ഷിതമായി രോഗവിവരങ്ങൾ കൈമാറ്റം ചെയ്യുവാൻ സാധിക്കും. ഡോക്ടർമാർ തമ്മിൽ




ഒരു രോഗിയുടെ വിവരങ്ങൾ എളുപ്പത്തിൽ കൈമാറ്റം ചെയ്യുവാനും അവർക്ക് തമ്മിൽ സന്ദേശങ്ങൾ കൈമാറുവാനും ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് സഹായിക്കുന്നു. രോഗി ആശുപത്രിയിൽ നേരിട്ട് ഹാജരാകുന്നതിനുമുമ്പു തന്നെ അവരുടെ രജിസ്ട്രേഷൻ നടത്തുവാനും മുൻകാല രോഗവിവരങ്ങൾ, ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾ, ചികിത്സാ വിവരങ്ങൾ എന്നിവ അപഗ്രഥിച്ച് രോഗിയെപ്പറ്റിയും രോഗത്തെക്കുറിച്ചും ഡോക്ടർക്ക് ഏകദേശ ധാരണ ഉണ്ടാക്കുവാനും അതിനനുസരിച്ച് കാര്യങ്ങൾ നീക്കുവാനും ഇത് സഹായിക്കുന്നു. രോഗിയുടെ സന്ദർശന സമയത്ത് മരുന്നുകൾ കുറിക്കുവാനും പരിശോധനകൾ നിർദേശിക്കുവാനും പരിശോധനാ ഫലങ്ങൾ കാണുവാനും നിർദേശങ്ങൾ ഉൾപ്പെടുത്തുവാനും ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് ഏറെ സഹായകരമാണ്.

**ഇലക്ട്രോണിക് പ്രിസ്ക്രൈബിങ് (e Prescribing):** മരുന്നുകളുടെ കുറിപ്പടികൾ ഡോക്ടറിൽ നിന്ന് ഫാർമസിയിലേക്ക് ഇലക്ട്രോണിക് രൂപത്തിൽ കൈമാറ്റം ചെയ്യുവാൻ ഇത്തരം സോഫ്റ്റ് വെയറുകൾ സഹായിക്കുന്നു. ഡോക്ടർക്ക് രോഗികളുടെ മരുന്നു കുറിപ്പടികളെ തന്റെ കംപ്യൂട്ടർ ഉപയോഗിച്ച് കൈകാര്യം ചെയ്യാം. മരുന്നുകളുടെ നിലവാരം, പാർശ്വഫലങ്ങൾ എന്നിവ കുറിപ്പ് നൽകുന്ന സമയത്ത് മനസ്സിലാക്കുവാനും കഴിയുന്നു. ഫാർമസിയിൽ മരുന്നുകളുടെ ലഭ്യതയും ഇത്തരം സോഫ്റ്റ് വെയറിലൂടെ മനസ്സിലാക്കാം. പരമ്പരാഗത കയ്യെഴുത്ത് കുറിപ്പുകൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന തെറ്റുകുറ്റങ്ങൾ അതായത്, കയ്യെഴുത്തിൽ വ്യക്തതയില്ലായ്മ, സാമ്യമുള്ള മരുന്നുകളുടെ പേരുമായി മാറുക, ഡോസിലുള്ള വ്യത്യാസം തുടങ്ങിയ കാര്യങ്ങൾ ഒഴിവാക്കുവാൻ ഇ-പ്രിസ്ക്രൈബിങ്ങ് മൂലം സാധിക്കുന്നു.

**പേഴ്സണൽ ഹെൽത്ത് റെക്കോർഡ്സ് (PHR) :** രോഗികൾ സ്വന്തമായി കൈകാര്യം ചെയ്യുകയും പുതുക്കുകയും ചെയ്യുന്ന ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് ആണ് പേഴ്സണൽ ഹെൽത്ത് റെക്കോർഡ്സ് എന്നറിയപ്പെടുന്നത്. മുൻ രോഗവിവരങ്ങൾ, രക്ത സമ്മർദം, പഞ്ചസാരയുടെ അളവ്, ഭക്ഷണക്രമം, ഹൃദയമിടിപ്പ് തുടങ്ങിയ വിവരങ്ങൾ ആരോഗ്യപരിപാലകർക്ക് കാണുവാനും വിശകലനം ചെയ്യുവാനും സാധിക്കുന്നു.

**പേഷ്യന്റ് രജിസ്ട്രീസ്:** ഒരു പ്രത്യേക രോഗം ബാധിച്ചവരുടെയോ ഒരു പ്രത്യേക ചികിത്സാ രീതിക്ക് വിധേയമാകുന്നവരുടെയോ വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് രജിസ്ട്രികൾ തയാറാക്കുന്നത്. ഒരു പ്രത്യേക രോഗിയുടെയോ രോഗികളുടെ കൂട്ടത്തിന്റെയോ വിശദമായ റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ പേഷ്യന്റ് രജിസ്ട്രി വഴി കഴിയും. ഗവേഷണ പ്രവർത്തനങ്ങൾക്കും നയങ്ങൾക്ക് രൂപം നൽകുന്നതിനും രജിസ്ട്രികൾ നൽകുന്ന സംഭാവനകൾ ചെറുതല്ല. ആശുപത്രി അധിഷ്ഠിത അർബുദ രജിസ്ട്രി, ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി എന്നിവ ഉദാഹരണങ്ങളാണ്.

**പേഷ്യന്റ് പോർട്ടൽ:** ഓൺലൈൻ

> ഇലക്ട്രോണിക് പ്രിസ്ക്രൈബിങ് : മരുന്നുകളുടെ കുറിപ്പടികൾ ഡോക്ടറിൽ നിന്ന് ഫാർമസിയിലേക്ക് ഇലക്ട്രോണിക് രൂപത്തിൽ കൈമാറ്റം ചെയ്യുവാൻ ഇത്തരം സോഫ്റ്റ് വെയറുകൾ സഹായിക്കുന്നു. ഡോക്ടർക്ക് രോഗികളുടെ മരുന്നു കുറിപ്പടികളെ തന്റെ കംപ്യൂട്ടർ ഉപയോഗിച്ച് കൈകാര്യം ചെയ്യാം. മരുന്നുകളുടെ നിലവാരം, പാർശ്വഫലങ്ങൾ എന്നിവ കുറിപ്പ് നൽകുന്ന സമയത്ത് മനസ്സിലാക്കുവാനും കഴിയുന്നു.

മുഖേന രോഗികൾക്ക് ആരോഗ്യപരിപാലകരുമായി സംവദിക്കുവാനും നിർദേശങ്ങൾ സ്വീകരിക്കുവാനും രോഗവിവരങ്ങൾ കൈമാറുവാനും പേഷ്യന്റ് പോർട്ടൽ വഴിയൊരുക്കുന്നു. രോഗികൾക്ക് ഇത്തരം പോർട്ടലിൽ ലോഗിൻ ചെയ്ത് തന്റെ ലാബ് പരിശോധനാഫലങ്ങൾ നിരീക്ഷണ വിധേയമാക്കാവുന്നതാണ്. ചിലപ്പോൾ പേഷ്യന്റ് പോർട്ടൽ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സിന്റെ ഭാഗമാകാറുണ്ട്.

**പിക്ചർ ആർക്കൈവിങ് ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റം (PACS):** മെഡിക്കൽ ഇമേജുകൾ ശേഖരിച്ച് വെക്കുകയും തരംതിരിച്ച് കൈമാറ്റം ചെയ്യുകയും ഗുണനിലവാരം നഷ്ടമാകാതെ പരിശോധനയ്ക്ക് വഴിയൊരുക്കുകയും ചെയ്യുന്ന സോഫ്റ്റ്‌വെയറുകൾ PACS സോഫ്റ്റ്‌വെയറുകൾ എന്നറിയപ്പെടുന്നു. PACS ഉപയോഗപ്പെടുത്തിക്കൊണ്ട് MRI, XRay, CT തുടങ്ങിയ ഇമേജുകൾ കൃത്യതയാർന്ന രൂപത്തിൽ സൂക്ഷിക്കുവാനും ആവശ്യമെങ്കിൽ മറ്റു സ്ഥാപനങ്ങളുമായോ ഡോക്ടർമാരുമായോ പങ്കുവെയ്ക്കുവാനും ഒരേസമയത്ത് വിവിധ സ്ഥലങ്ങളിൽ വെച്ച് പരിശോധിക്കുവാനും സാധിക്കുന്നതാണ്. കൂടാതെ പിക്ചർ ആർക്കൈവിങ് ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫിലിമുകളുടെ ഉപയോഗം ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്.

**ഇ-ഹെൽത്ത്:** ഇ-ഹെൽത്ത് എന്നത്

## ഹെൽത്ത് ഐടി നടപ്പിലാക്കൽ നമുക്ക് നാലായി തരംതിരിക്കാം.

### 1. പ്രാരംഭ പ്രവർത്തനങ്ങൾ

1. പുതിയ സോഫ്ട്‌വെയർ ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ട കംപ്യൂട്ടർ, സെർവർ, തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കുക.
2. വിവിധ വിൽപ്പനക്കാരുമായി സംസാരിക്കുകയും അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്യുക.
3. നടപ്പിലാക്കാൻ വേണ്ട തുക കണക്കാക്കുക.
4. പരിപാലിക്കുവാൻ ഒരോ വർഷവും വേണ്ട തുക കണക്കാക്കുക. സോഫ്ട്‌വെയർ, ഹാർഡ് വെയർ പരിപാലനം, സോഫ്ട്‌വെയർ ലൈസൻസ് പുതുക്കൽ എന്നിവ ഇതിലുൾപ്പെടും.
5. ഏത് സാങ്കേതികവിദ്യയാണ് നിങ്ങളുടെ ജീവനക്കാർക്ക് ഏറ്റവും സുഖകരമെന്ന് മനസ്സിലാക്കുക.
6. പരമാവധി സ്വതന്ത്ര സോഫ്ട്‌വെയറിൽ അധിഷ്ഠിതമായ വെബ് അപ്ലിക്കേഷനുകൾ ഉപയോഗിക്കുവാൻ ശ്രമിക്കുക.

7) നിങ്ങളുടെ ആവശ്യങ്ങൾ നിർണയിക്കുകയും നിലവിലുള്ള പ്രക്രിയകൾ രേഖപ്പെടുത്തുകയും ഉദ്യോഗസ്ഥർ, സാങ്കേതികവിദ്യ, മൂലധനം എന്നിവയുടെ സജ്ജീകരണം നടത്തുകയും ചെയ്യുക.

### 2. തിരഞ്ഞെടുക്കൽ

ആരോഗ്യ വിവരസാങ്കേതികവിദ്യാ ഉത്പന്നങ്ങളും വിൽപ്പനക്കാരെയും തിരഞ്ഞെടുക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. വിൽപ്പനക്കാരെ തിരഞ്ഞെടുക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. സാങ്കേതിക ആവശ്യകതകൾ നിങ്ങളുടെ വർക്ക് ഫ്ളോയിൽ നിന്നുകൊണ്ട് വിശകലനം ചെയ്ത് തയാറാക്കുക.
2. വിൽപ്പനക്കാരെ വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ മുൻകൂട്ടി തയാറാക്കുക.
3. നിങ്ങളുടെ ബിസിനസ്സിലെ എല്ലാ മേഖലയിലുമുള്ള ആളുകളെ തീരുമാനങ്ങൾ എടുക്കുമ്പോൾ പങ്കാളിയാക്കുക.
4. സെർട്ടിഫിക്കേഷൻ ഉള്ള വ്യാപാരികളെ പരിഗണിക്കുക.
5. നിങ്ങളുടെ ആവശ്യകതയോട് യോജിക്കുന്ന വിൽപ്പനക്കാരുടെ ചുരുക്കപട്ടിക തയ്യാറാക്കുക.
6. ബ്രാന്റ്, കമ്പനി പ്രൊഫൈൽ എന്നിവ പരിശോധിക്കുക.
7. വ്യാപാരികളോട് സോഫ്ട്‌വെയറിന്റെ വ്യക്തമായ ഡെമോൺസ്ട്രേഷൻ നടത്തുവാൻ ആവശ്യപ്പെടുക.
8. റെഫറൻസ്, സാക്ഷ്യപത്രങ്ങൾ എന്നിവ ആവശ്യപ്പെടുക.
9. ലൈവ് ഇൻസ്റ്റലേഷൻ റഫറൻസ് ആവശ്യപ്പെടുക.
10. ചുരുങ്ങിയത് മൂന്നോ നാലോ വ്യാപാരികൾ ആരോഗ്യ വിവരസാങ്കേതിക വിദ്യാ ഉത്പന്നങ്ങൾ നടപ്പിലാക്കിയത് നേരിൽ കണ്ട് താരതമ്യം നടത്തുക.

### 3. നടപ്പിലാക്കൽ

ഏത് ഉത്പന്നമാണ് നടപ്പിലാക്കേണ്ടതെന്നും ആരായിരിക്കണം വിൽപ്പനക്കാർ എന്നും തീരുമാനിച്ച് കഴിഞ്ഞാൽ നടപ്പി



ഈ അടുത്ത കാലത്തായി വളർന്നു വന്ന ആരോഗ്യ പരിപാലന രീതിയാണ്. ആരോഗ്യമേഖലയിലെ എല്ലാത്തരം ഇലക്ട്രോണിക് ഡിജിറ്റൽ സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ചുരുക്കത്തിൽ ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആരോഗ്യ പരിപാലന പ്രക്രീയയാണ് ഇ-ഹെൽത്ത് എന്നറിയപ്പെടുന്നത്. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ്, ടെലിമെഡിസിൻ, കൺസ്യൂമർ ഹെൽത്ത് ഇൻഫർമാറ്റിക്സ്, ഹെൽത്ത് നോളഡ്ജ് മാനേജ്മെന്റ്, വെർച്വൽ ഹെൽത്ത് കെയർ ടീമുകൾ തുടങ്ങിയവ ഇ-ഹെൽത്തിന്റെ വിവിധ രൂപങ്ങളാണ്.

**മൊബൈൽ ഹെൽത്ത് (എം.ഹെൽത്ത്):** മൊബൈൽ ഉപകരണങ്ങൾ ഉപയോഗിച്ച് രോഗികളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ഇത്തരം വിവരങ്ങൾ ഡോക്ടർമാർക്കും രോഗികൾക്കും ഗവേഷകർക്കും ആരോഗ്യ പ്രവർത്തകർക്കും ലഭ്യമാക്കുകയും രോഗിയെ നിരീക്ഷിച്ച് നേരിട്ട് പരിചരണം ഉറപ്പുവരുത്തുകയും ചെയ്യുന്ന സംവിധാനങ്ങളെയാണ് മൊബൈൽ ഹെൽത്ത് എന്നറിയപ്പെടുന്നത്. വരാനിരിക്കുന്ന കാലഘട്ടം മൊബൈൽ ആരോഗ്യ വിവര സാങ്കേതികവിദ്യയുടേതാണ് എന്ന കാര്യം ഇവിടെ പ്രസക്തം.

**ടെലിമെഡിസിൻ:** ടെലികമ്മ്യൂണിക്കേഷൻ, വിവര സാങ്കേതികവിദ്യ എന്നിവയുടെ

ലാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ തയാറാക്കുക.

1. പുതിയ സോഫ്ട്വെയറിലേക്ക് മാറുന്നതിനായി വിശദമായതും അനായാസകരവുമായ പദ്ധതി തയാറാക്കുക.
2. ഹാർഡ് വെയർ, ജീവനക്കാർ മുതലായ കാര്യങ്ങളിൽ കഴിയുന്നത്ര വിശകലനം നടത്തുക
3. വ്യക്തമായ പദ്ധതി തയാറാക്കുക.
4. ജീവനക്കാരും രോഗികളും ഏത് രീതിയിൽ പ്രവർത്തിക്കണമെന്ന് വ്യക്തമായ രീതിയിൽ പദ്ധതി തയാറാക്കുകയും ജീവനക്കാരുമായി ചർച്ച നടത്തുകയും ചെയ്യുക.
5. എത്രകാലം വ്യാപാരികളുടെ സൈറ്റിലുള്ള സഹായം വേണമെന്നും, പരിശീലനം എങ്ങനെ വേണമെന്നും, സിസ്റ്റം കോൺഫിഗറേഷൻ, ടെസ്റ്റിങ്, ലൈവ്, വിശകലനവും പുതുക്കലും എങ്ങനെ വേണമെന്നും തീരുമാനിക്കുക.

## 4. പരിപാലനം

ഈ ഘട്ടത്തിൽ നിങ്ങളുടെ ആരോഗ്യ വിവരസാങ്കേതികവിദ്യാ അപ്ലിക്കേഷനുകൾ നടപ്പിലാക്കിയത് വിശദമായി അവലോകനം ചെയ്ത് മാറ്റങ്ങൾ വരുത്തി മെച്ചപ്പെടുത്താം. ഇതൊരു തുടർപ്രവർത്തനമാണ്. പ്രോജക്ടിന്റെ ലക്ഷ്യത്തിനനുസരിച്ച് പുരോഗതി അളക്കുകയും പ്രകടനം വിലയിരുത്തുകയും ചെയ്യുക. ആവശ്യമെങ്കിൽ അവലോകന യോഗങ്ങളിൽ നിങ്ങളുടെ വ്യാപാരികളെ കൂടി ഉൾപ്പെടുത്തുക. ആരോഗ്യ വിവര സാങ്കേതികവിദ്യയുടെ വെല്ലുവിളികൾ, പ്രധാന ഗുണഫലങ്ങൾ താഴെ പറയുന്നവയാണ്.

1. പരിചരണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നു.
2. രോഗികളുടെ സുരക്ഷ വർധിപ്പിക്കുന്നു.
3. ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾക്ക് പിന്തുണയേകുന്നു.
4. ഉത്പാദന ക്ഷമത ഉയർത്തുന്നു.
5. വരുമാനം ഉയർത്തുന്നു.
6. രോഗികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നു.
7. രോഗികളുടെ ചികിത്സാ വിവരങ്ങൾ എല്ലാ പരിശോധനാ മുറികളിലും ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നു.
8. കടലാസ് ചെലവ് കുറയ്ക്കാൻ കഴിയുന്നു.
9. ആരോഗ്യ അസമത്വം കുറയ്ക്കുന്നു.
10. മെഡിക്കൽ തെറ്റുകൾ കുറയ്ക്കുവാൻ സഹായിക്കുന്നു.
11. രോഗികളുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പു വരുത്തുന്നു.
12. മെഡിക്കൽ സംഘങ്ങൾക്കിടയിൽ ഏകോപനം ഉറപ്പു വരുത്തുന്നു.
13. രോഗികളുടെ ചികിത്സാ വിവരങ്ങൾ ട്രാക്ക് ചെയ്യുവാൻ എളുപ്പത്തിൽ കഴിയുന്നു.
14. ചികിത്സയുടെ പുരോഗതി ഓരോ രോഗികളിലും എങ്ങനെയാണെന്ന് കണ്ടെത്താൻ സഹായിക്കുന്നു.
15. പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭിക്കുന്നു.
16. രോഗികളുടെ പ്രശ്നങ്ങൾ വേഗത്തിൽ പരിശോധിക്കുവാൻ സഹായിക്കുന്നു.
17. ഇരട്ട നടപടിക്രമങ്ങൾ ഒഴിവാക്കി രോഗികളെ സംതൃപ്തരാക്കുന്നു.
18. മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നു.
19. പൊതുജനാരോഗ്യം വർധിപ്പിക്കാൻ സഹായിക്കുന്നു.
20. ആരോഗ്യ പരിപാലകർക്ക് അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നു.
21. ജീവനക്കാർക്കിടയിലെ വിവര കൈമാറ്റം വേഗത്തിലാക്കുന്നു.

## പ്രധാന വെല്ലുവിളികൾ

1. മെഡിക്കൽ റെക്കോർഡുകളുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പുവരുത്തും.
2. ആരോഗ്യ പരിപാലന പിഴവുകൾ കുറയ്ക്കും.
3. ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡുകളുടെ ഗുണ നിലവാരവും ഗുണ നിലവാരം ഉയർത്തലും
4. നടപ്പിലാക്കുന്നതിനുള്ള ചെലവ്
5. കടലാസിൽ നിന്ന് ഇലക്ട്രോണിക് രൂപത്തിലേക്കുള്ള മാറ്റം
6. കംപ്യൂട്ടറുകളും സെർവറുകളും വാങ്ങുന്നത് സംബന്ധിച്ച്
7. സ്റ്റാൻഡേർഡുകൾ ഉപയോഗിക്കുന്നതിലുള്ള അഭാവം.

8) നടപ്പിലാക്കുന്നതുമായുള്ള പ്രശ്നങ്ങൾ

9) സെർവറിലെ വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നത്.

10) പരിപാലനത്തിനാവശ്യമായ ഭീമമായ ചെലവ്

11) രോഗിയെ തിരിച്ചറിയുന്നത്.

12) പ്രകൃതി ദുരന്തങ്ങളിൽ നിന്ന് തിരിച്ചുവരവ്, മുൻകരുതൽ.

13) ടെലി മെഡിസിനുള്ള ഐടി സപ്പോർട്ട് നൽകുന്നത്.

14) ആരോഗ്യ പരിപാലനത്തിൽ ഐടി എത്രമാത്രം ഫലപ്രദമാണ് എന്ന് അളക്കുന്നത്.

15) ആരോഗ്യ ഡാറ്റാബേസുകളുടെ നിർമാണം.

16) സമയാസമയം പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നത്.

17) ബയോ മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷയുമായുള്ള വെല്ലുവിളികൾ

18) കംപ്യൂട്ടർ സാക്ഷരത, സാങ്കേതിക വിദഗ്ധരുടെ അഭാവം, ഇലക്ട്രോണിക് രൂപത്തിലേക്ക് മാറാനുള്ള വിമുഖത.

19) ആരോഗ്യ വിവരസാങ്കേതികവിദ്യാ ശൃംഖലകൾ തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങൾക്ക് പൊതുവായ മാനകങ്ങൾ ഉപയോഗിക്കുന്നത്.

20) ആരോഗ്യ വിവരസാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യങ്ങളുടെ മാനകീകരണം ലഭ്യമാക്കുന്നത്.

21) ആരോഗ്യ പരിപാലകരുടെ സംഘങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം

22) ഗ്രാമങ്ങളിലെ വെല്ലുവിളികൾ - കംപ്യൂട്ടറുകൾ, ഇന്റർനെറ്റ് എന്നിവയുടെ അഭാവം.



പയോഗിച്ച് വിദൂര സ്ഥലങ്ങളിലൂള്ള രോഗികൾക്ക് ക്ലിനിക്കൽ ആരോഗ്യ പരിചരണം സാധ്യമാക്കുന്ന സാങ്കേതികവിദ്യയാണ് ടെലിമെഡിസിൻ. രോഗിയും ഡോക്ടറും തമ്മിലുള്ള ആശയ വിനിമയം ടെലിമെഡിസിനിലൂടെ സാധ്യമാകുന്നു. 2001 ൽ തന്നെ ടെലിമെഡിസിൻ സംവിധാനം ഇന്ത്യയിൽ ഉപയോഗിച്ച് തുടങ്ങി.

**ടെലിമെഡിസിൻ സർവീസുകൾ പ്രധാനമായും മൂന്നു വിധമാണ്:**

സ്റ്റോർ ആൻഡ് ഫോർവാർഡ് ടെലിമെഡിസിൻ: ഇത്തരം ടെലിമെഡിസിനിൽ മെഡിക്കൽ ഡാറ്റ ശേഖരിക്കുകയും പിന്നീട് ഡോക്ടർക്കോ വിദഗ്ധർക്കോ കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. ഇതിൽ രോഗിയും ഡോക്ടറും ഒരേ സമയത്ത് വരണമെന്നില്ല. ടെലി ഡെർമിറ്റോളജി, ടെലി റേഡിയോളജി, ടെലിപാത്തോളജി തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു.

റിമോട്ട് (സ്വയം നിരീക്ഷണ) ടെലിമെഡിസിൻ: ഇത്തരം സംവിധാനത്തിൽ ഡോക്ടർ രോഗിയെ ദൂരസ്ഥലത്തു നിന്ന് നിരീക്ഷണ വിധേയമാക്കുന്നു. പകർച്ച വ്യാധികൾ, ഹൃദയ രോഗങ്ങൾ, ആസ്തമ തുടങ്ങിയവയുടെ ചികിത്സയിലും ഇത്തരം ടെലിമെഡിസിൻ സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

പാരസ്പര്യമുള്ള(ഇന്ററാക്ടീവ്) ടെലിമെഡിസിൻ: ഇന്ററാക്ടീവ് ടെലിമെഡിസിൻ സംവിധാനത്തിൽ ഡോക്ടറും രോഗിയും തമ്മിൽ നേരിട്ടുള്ള ആശയ വിനിമയം സാധ്യമാകുന്നു. ഡോക്ടർക്ക് രോഗവിവരങ്ങൾ ചോദിച്ചറിയുവാനും നിർദേശങ്ങൾ നൽകുവാനും സാധിക്കുന്നതാണ്.

> ഒറ്റപ്പെട്ട ജനസമൂഹത്തിനും വിദൂര സ്ഥലങ്ങളിലുള്ളവർക്കും ടെലിമെഡിസിൻ വളരെയേറെ ഉപകാരപ്രദമാണ്. അടുത്ത കാലത്ത് മൊബൈൽ സാങ്കേതികവിദ്യയിലുണ്ടായ പ്രചാരം ആരോഗ്യ പരിപാലകർക്ക് വിവിധ സ്ഥലങ്ങളിൽ നിന്ന് രോഗികളെ കാണുവാനും അവരുടെ രോഗവിവരങ്ങൾ ചോദിച്ച് മനസ്സിലാക്കുവാനും, നിർദേശങ്ങൾ നൽകുവാനും ഒരു മുറിയിൽ എന്നപോലെ സാധിക്കുന്നു

ടെലിമോണിറ്ററിങ്, ടെലിനേഴ്സിങ്, ടെലിഫാർമസി, ടെലി റിഹാബിലറ്റേഷൻ, ടെലിപാത്തോളജി, ടെലി ഓഡിയോളജി, ടെലി ട്രോമ, ടെലി സൈക്യാട്രി, ടെലി റേഡിയോളജി, ടെലി കാർഡിയോളജി, ടെലി ഡെർമിറ്റോളജി, ടെലി ഡെന്റിസ്ട്രി, ടെലി സർജറി, തുടങ്ങിയവ വിവിധ വിഭാഗങ്ങളിലുള്ള ടെലിമെഡിസിൻ പ്രയോഗങ്ങളാണ്.

ഒറ്റപ്പെട്ട ജനസമൂഹത്തിനും വിദൂര സ്ഥലങ്ങളിലുള്ളവർക്കും ടെലിമെഡിസിൻ വളരെയേറെ ഉപകാരപ്രദമാണ്. അടുത്ത കാലത്ത് മൊബൈൽ സാങ്കേതികവിദ്യയിലുണ്ടായ പ്രചാരം ആരോഗ്യ പരിപാലകർക്ക് വിവിധ സ്ഥലങ്ങളിൽ നിന്ന് രോഗികളെ കാണുവാനും അവരുടെ രോഗവിവരങ്ങൾ ചോദിച്ച് മനസ്സിലാക്കുവാനും, നിർദേശങ്ങൾ നൽകുവാനും ഒരു മുറിയിൽ എന്നപോലെ സാധിക്കുന്നു. ടെലിമെഡിസിൻ വഴി ക്ലാസ്സുകളും ചർച്ചകളും നടത്തുവാനും മെഡിക്കൽ വിദ്യാഭ്യാസോപാധിയായി ഉപയോഗിക്കുവാനും കഴിയുന്നു. ആരോഗ്യപരിചരണത്തിനു വേണ്ടിയുള്ള ചെലവ് ഒരു പരിധിവരെ കുറയ്ക്കുവാനും ഗുണനിലവാരം ഉറപ്പു വരുത്തുവാനും പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കുവാനും ടെലിമെഡിസിൻ സംവിധാനം സഹായിക്കുന്നു. ഗ്രാമ നഗര വ്യത്യാസമില്ലാതെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഇതിൽ ചെയ്യുവാൻ സാധിക്കും.

ഹെൽത്ത് 2.0, ഹെൽത്ത് 3.0, ഡോക്


ടേർസ് 2.0: ഹെൽത്ത് 2.0 എന്നത് വെബ് 2.0, ഇ–ഹെൽത്ത്, ഹെൽത്ത് കെയർ എന്നിവയുടെ ഒരു സംയോജിത രൂപമാണ്. ബ്ലോഗ്, പോഡ്കാസ്റ്റ്, ടാഗ്, വിക്കി, സെർച്ച് എൻജിൻ തുടങ്ങിയ വെബ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി സ്വതന്ത്രസോഫ്റ്റുവെയർ എന്ന ആശയത്തിലൂന്നി ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും ഒന്നിച്ച് ചേർന്ന് ആരോഗ്യ പരിപാലന വിവരങ്ങൾ പുതുക്കുകയും ചർച്ച ചെയ്യുകയും ആരോഗ്യ വിദ്യാഭ്യാസം പോഷിപ്പിക്കുകയും ചെയ്യുന്നതിനെ ഹെൽത്ത് 2.0 എന്ന് പറയുന്നു.

ഹെൽത്ത് 3.0 എന്നത് വെബ് 3.0 എന്നതിന്റെ ആരോഗ്യ രംഗത്തെ പതിപ്പാണ്. ആരോഗ്യ പരിപാലനം അർഥസംബന്ധിയായ (സെമാന്റിക്) വെബിന്റെ ഉപയോഗത്തിലൂടെ സാധ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. അതായത് ലൊക്കേഷൻ മനസ്സിലാക്കുക, സെൻസറുകളുടെ ഉപയോഗം എന്നിവ സാധ്യമാകുന്നു.

സോഷ്യൽ മീഡിയ വഴി ഡോക്ടർമാർ ചർച്ച നടത്തുകയും മറ്റു ഡോക്ടർമാരുമായി അനുഭവങ്ങളും അറിവും പങ്കുവെയ്ക്കുകയും ചെയ്യുന്നു. ഇത്തരം മുന്നേറ്റങ്ങൾ ഡോക്ടേർസ് 2.0 എന്നറിയപ്പെടുന്നു.

**ഹെൽത്ത് ഇൻഫർമേഷൻ എക്സ്ചേഞ്ച് (Health Information Exchange HIE) :**

ആരോഗ്യ വിവരസാങ്കേതികവിദ്യ എന്നത് പ്രധാനമായും വിവര സാങ്കേതിക വിദ്യയുടെ ആരോഗ്യ രംഗത്തുള്ള ഉപയോഗവും പ്രയോഗവുമാണ്. ഹെൽത്ത് ഇൻഫർമേഷൻ എക്സ്ചേഞ്ച് എന്നത് വിവിധ ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലും അവയിലെ ആരോഗ്യ വിവരസാങ്കേതികവിദ്യാ അപ്ലിക്കേഷനുകൾ തമ്മിലുമുള്ള ക്ലിനിക്കൽ വിവര കൈമാറ്റമാണ്. ഇങ്ങനെ കൈമാറ്റം ചെയ്യുമ്പോൾ വിവരങ്ങളുടെ അർഥത്തിന് യാതൊരു കേടുപാടും സംഭവിക്കുവാൻ പാടില്ല.




## അപ്ലിക്കേഷനുകളുടെ നടപ്പിലാക്കൽ

ആരോഗ്യ വിവരസാങ്കേതികവിദ്യാ അപ്ലിക്കേഷനുകളുടെ നടപ്പിലാക്കലിലെ ചെറിയ കുറവുകൾ പോലും ഒരു പക്ഷേ പരാജയത്തിലേക്ക് നയിച്ചേക്കാം. ശരിയായ തയാറെടുപ്പുകളോ വിലയിരുത്തലുകളോ കൂടാതെ ഇത്തരം സോഫ്റ്റുവെയറുകൾ നടപ്പിലാക്കുവാൻ തുനിയുന്നതാണ് പല സ്ഥാപനങ്ങളിലും ഇത് പരാജയപ്പെടുവാൻ കാരണം.

## വെല്ലുവിളികളെ നേരിടാം

സമഗ്രമായ സമീപനത്തോടെ ആരോഗ്യ വിവര സാങ്കേതികവിദ്യ നടപ്പിലാക്കുവാൻ തുനിയുകയാണെങ്കിൽ നമുക്ക് വെല്ലുവിളികളെ നേരിട്ടുകൊണ്ട് കാര്യക്ഷമമായ രീതിയിൽ ഗുണഫലങ്ങൾ ഉൾക്കൊണ്ട് അത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

വ്യക്തമായ നയം രൂപപ്പെടുത്തുകയും മെച്ചപ്പെട്ട അവബോധവും പരിശീലനവും നൽകിയും നടപ്പിലാക്കേണ്ടതാണ് ഹെൽത്ത് ഐ.ടി. സുരക്ഷയും സ്വകാര്യതയും ഉറപ്പു വരുത്തുന്നതിനുള്ള മുൻകരുതലുകൾ എടുക്കുക. പരസ്പര പ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന സ്റ്റാൻഡേർഡുകൾ തിരഞ്ഞെടുക്കുക. HL 7, DICOM, CPT 4, LOINC, ICD 10 തുടങ്ങിയ സ്റ്റാൻഡേർഡുകൾ ഉൾക്കൊള്ളുന്ന സോഫ്ട്വെയറുകൾ തിരഞ്ഞെടുക്കുക. HIT നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ സാങ്കേതികമായി വിദ്യാഭ്യാസ യോഗ്യത ഉള്ളവരാണെന്നും പരിശീലനം ലഭിച്ചവരാണെന്നും ആവശ്യാനുസരണം ആളുകൾ ഉണ്ടെന്നും ഉറപ്പു വരുത്തണം. ശരിയായ രീതിയിലുള്ള കംപ്യൂട്ടർ ഉപയോഗം ശീലമാക്കുകയും പാസ്വേർഡുകൾ, ആന്റി വൈറസുകൾ ഉപയോഗിച്ചും, സെർവറുകൾ, മൊബൈൽ തുടങ്ങിയവ സുരക്ഷിതമാക്കിയും, നെറ്റ്വർക്കുകളുടെ സുരക്ഷ ഉറപ്പു വരുത്തിയും ഈ രംഗത്തെ സൈബർ കുറ്റകൃത്യങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാം.



എന്നിരുന്നാലും ചെറിയ വെല്ലുവിളികളെ അതിജീവിച്ച് സമഗ്രമായ സമീപനത്തോടെയും കാര്യക്ഷമതയോടുകൂടിയും ആരോഗ്യ വിവരസാങ്കേതികവിദ്യാ അപ്ലിക്കേഷനുകൾ നടപ്പിലാക്കിയാൽ ആരോഗ്യ മേഖലയിൽ നമ്മൾ അനുഭവിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ചൂഷണങ്ങൾക്കും അറുതി വരുത്താമെന്നുമാത്രമല്ല, വളരെ വേഗത്തിലും സുരക്ഷിതമായും മികവുറ്റ പരിചരണം രോഗികൾക്ക് നൽകുവാനും സാധിക്കും.

ആരോഗ്യ വിവര സാങ്കേതികവിദ്യാ ഉത്പന്നങ്ങൾ നടപ്പിലാക്കുവാൻ കേരളത്തിലെ ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചത് കേരള ജനതയ്ക്ക് അഭിമാനത്തിന് വക നൽകുന്നകാര്യം തന്നെയാണ്. സമീപ ഭാവിയിൽ തന്നെ വെല്ലുവിളികളെ അതിജീവിച്ച് മികച്ച ആരോഗ്യ പരിപാലന രീതിയിലേക്ക് നമുക്ക് ഉയരുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. ■

■ ഡോ. ബി. ഹൃദയകുമാരി/എൻ.പി. മുരളീകൃഷ്ണൻ

# മലയാളിസ്ത്രീക്ക് പ്രതികരണശേഷി കൂടിയിരിക്കുന്നു

**വ്യവസ്ഥിതിയുടെ മാറ്റത്തിന് വീടിനകത്തുനിന്നുള്ള മൂല്യബോധത്തിൽ നിന്നും തുടങ്ങണം. വീട് സമൂഹത്തിന്റെ ഭാഗമാണ്. അതിന് ഒറ്റയ്ക്കു നിലനിൽപ്പില്ല.**

മുൻപെന്നത്തേക്കാളുമേറെ സ്ത്രീകൾ സംഘടിക്കുന്നുണ്ട്. തെരുവിലിറങ്ങാനും പ്രതിഷേധിക്കാനും തയാറാകുന്നുമുണ്ട്. പലപ്പോഴും ഒറ്റയ്ക്കുള്ള പ്രതിഷേധങ്ങൾ വരെ. അത്തരം ഒറ്റയാൾ സമരങ്ങൾ ആൾക്കൂട്ടങ്ങളെക്കാൾ ഫലം കണ്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

കെട്ട കാലം എന്നൊന്നും വിശേഷിപ്പിക്കുന്നില്ല. എല്ലാറ്റിനുമുള്ള പോലെ കാലത്തിനും രണ്ടുവശങ്ങളുണ്ടായിരിക്കും. നിരന്തരം വാർത്തകൾ പുറത്തുവരുന്നതുകൊണ്ടാകാം കാലം അത്രമേൽ ചീത്തയാണെന്ന് നമ്മളെക്കൊണ്ട് തോന്നിപ്പിക്കുന്നത്. എങ്കിലും എന്തൊക്കെയോ പറ്റിയിട്ടുണ്ട് എന്നൊരു തോന്നൽ എല്ലാവരിലുമുണ്ട്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും ഏറെ പറയാനുമുണ്ടാകും.

കേരളത്തിലെ എണ്ണപ്പെട്ട അധ്യാപകരിൽ ഒരാളും എഴുത്തുകാരിയും ചിന്തകയുമായ പ്രൊഫ. ബി. ഹൃദയകുമാരി സംസാരിക്കുന്നു.

*വനിതാദിനത്തിന് പ്രസക്തി കൂടുന്നു?*

ഓർമയുണർത്തും എന്നതിൽ കവിഞ്ഞ് ഒരു ദിനാചരണത്തിന് പ്രസക്തി കാണുന്നില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾ ഓർക്കാൻ ഒരു മാർച്ച് എട്ടു തന്നെ വേണമെന്നില്ല. എന്നു വേണമെങ്കിലും ആവാം. ഒരു ദിവസത്തിൽ മാത്രം ഒതുക്കേണ്ട കാര്യവുമില്ല. എങ്കിലും ചെറുപ്പക്കാർക്ക് ഗുണപരമായി ആഘോഷിക്കാൻതക്ക ഒന്നാണങ്കിൽ ഇത്തരം ദിനങ്ങൾ ഉണ്ടാകട്ടെ. ഒരു ദിനത്തിൽ സമ്മേളനം കൂടി പ്രമേയം പാസ്സാക്കിയാൽ മാറ്റം വരില്ല. നിരന്തരമല്ലെങ്കിലും ജനശ്രദ്ധയിൽനിന്നും മാഞ്ഞുപോകാത്ത വിധം സംഘടിപ്പിക്കണം. ചുറ്റുവട്ടത്ത് നടക്കുന്ന അക്രമങ്ങളിലേക്ക് ശ്രദ്ധ കൊണ്ടുവരാൻ ദിനാചരണങ്ങൾ കൊണ്ട് സാധിക്കും. ജനമൈത്രി പൊലിസ് പോലെയുള്ള ആശയങ്ങൾ നല്ലതാണ്. അതുപോലെ ഒരുപാട് അവസരങ്ങൾ ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഉണ്ട്. പരാതികളിന്മേൽ എങ്ങനെ നടപടികൾ വരുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഇത്തരം ദിനാചരണങ്ങളുടെയും കൂട്ടായ്മകളുടെയും വിജയം. ഒരു പ്ലാറ്റ്ഫോം അല്ലെങ്കിൽ ഫോറം ആവശ്യമാണ്. അതിനെയെല്ലാം നല്ല രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവരുമ്പോഴാണ് ലക്ഷ്യത്തിലെത്തുക.

*അത്തരമൊരു പ്ലാറ്റ്ഫോം നൽകാൻ സ്ത്രീ സംഘടനകൾക്ക് സാധിക്കും. അവ എത്രമാത്രം ഫലപ്രദമാകും?*

നമ്മൾ കേൾക്കാത്ത പല സംഘടനകളും ഉൾനാടുകളിലുണ്ടാകും. പഞ്ചായത്തുകളിലോ ഗ്രാമങ്ങളിലോ ഒക്കെ





അത്തരം ചെറു സംഘടനകൾ ഉണ്ടായിരിക്കും. അവയൊക്കെ നന്നായി പ്രവർത്തിക്കുന്നുമുണ്ടാകാം. പൊതുജനാഭിപ്രായം ശക്തിപ്പെട്ടുവരുന്നുണ്ട്. അതിനെ ഗൗരവത്തിൽ കാണുന്നിടത്തും ഫലപ്രാപ്തിയിലെത്തിക്കുന്നിടത്തുമാണ് സംഘടനയുടെ വിജയം.

## വീട്ടിൽ തുടങ്ങേണ്ട മൂല്യബോധം

*നല്ലതല്ലാത്ത കാര്യങ്ങൾ, വാർത്തകൾ, വർത്തമാനങ്ങൾ നിരന്തരം കേൾക്കുന്നു. സമൂഹത്തിന്റെ/മനുഷ്യന്റെ മാറ്റമാണോ ഇത് കാണിക്കുന്നത്?*

ഇത് ദുഷിച്ച കാലം, പഴയ കാലം നല്ലത്. എന്നിങ്ങനെ വേർതിരിച്ച് കാണാനാവില്ല. പ്രശ്നങ്ങൾ അന്നുമുണ്ടായിരുന്നു. പഴയ സമൂഹം അക്രമരഹിതമായിരുന്നെന്നോ ആദർശഭാസുരമായ ഒന്നായിരുന്നെന്നോ അഭിപ്രായമില്ല. എങ്കിലും അക്രമം കാണിക്കാനും അതിക്രമം കാണിക്കാനും ഒരു പേടിയുണ്ടായിരുന്നു. പൊലീസിനെയും നിയമത്തിനെയും പേടിയുണ്ടായിരുന്നു. ആ പേടി പോയി. മദ്യവും മയക്കുമരുന്നും സെക്സും വയലൻസും വലിയ തോതിൽ കാണിക്കുന്ന സിനിമകൾ ഇന്നത്തെപോലെ ഇല്ല. അതുകൊണ്ടുതന്നെ സമൂഹം ഇത്രകണ്ട് തിന്മയും അക്രമവും സ്വാഭാവികവും സാധാരണവുമാണെന്ന് കരുതിയിരുന്നില്ല. സാമൂഹിക ചുറ്റുപാടിന് വ്യത്യാസമുണ്ടായിരുന്നു. നന്മ മുന്നിട്ട് നിൽക്കുകയും തിന്മയ്ക്ക് പ്രവർത്തിക്കാൻ സ്ഥലമില്ലാതെ വരികയും ചെയ്യുമ്പോൾ തിന്മ ക്ഷീണിക്കും. അത്തരമൊരു കാലത്തെ നമുക്ക് പ്രതീക്ഷിക്കാം.

*പൊലിസിന്/ഭരണകൂടത്തിന് എങ്ങനെ ഇടപെടാൻ കഴിയും?*

തീർച്ചയായും സാധിക്കും. നിയമങ്ങൾ കൂടുതൽ കർക്കശമാക്കുകയും പൊലിസ് കൂടുതൽ ജാഗരൂകമാകുകയും ചെയ്താൽ മാറ്റങ്ങൾ വരും. പക്ഷേ അതൊക്കെ പ്രശ്നത്തിന്റെ വേരിൽ സ്പർശിക്കാൻ പ്രാപ്തമല്ല. പ്രശ്നങ്ങൾ വരുമ്പോഴുള്ള പൊട്ടിത്തെറി മാത്രമാണുള്ളത്. ചിന്തിക്കാതെയുള്ള പ്രവർത്തനങ്ങൾക്കാണ് സംഘടനകളും ആഹ്വാനം നൽകുന്നത്. വ്യവസ്ഥ തന്നെ അങ്ങനെ മാറിക്കൊണ്ടിരിക്കുകയാണ്. വേരെന്നു പറയുന്നത് വ്യക്തിയുടെ സാമൂഹികവും രാഷ്ട്രീയവും മാനസികവുമായ ചുറ്റുപാടുകളെയെല്ലാം ആശ്രയിച്ചിരിക്കും. ഇതിനെയൊന്നും സ്പർശിക്കാതെയുള്ള പ്രവർത്തനം കൊണ്ട് കാര്യമില്ല.

*വ്യവസ്ഥിതിയുടെ മാറ്റം എന്നു പറയുമ്പോൾ?*

പ്രശ്നപരിഹാരത്തിനുള്ള മാർഗം എന്നു പറയുന്നത് പൊലിസ് മാത്രമല്ല. വ്യവസ്ഥിതിയുടെ മാറ്റത്തിന് വീടിനകത്തുനിന്നുള്ള മൂല്യബോധത്തിൽ നിന്നും തുടങ്ങണം. വീട് സമൂഹത്തിന്റെ ഭാഗമാണ്. അതിന് ഒറ്റയ്ക്കു നിലനിൽപ്പില്ല. കുടുംബം മാത്രം വിചാരിച്ചാലും നന്നാവില്ല. വയലൻസ് പ്രചരിപ്പിക്കുന്ന മാധ്യമങ്ങൾക്ക് സമൂഹത്തെ ദുഷിപ്പിക്കുന്നതിൽ പങ്കുണ്ട്.

*ഇത്തവണ വനിതാദിനത്തിന് ഭൻവാരി ദേവി കേരളത്തിൽ വരികയുണ്ടായി. ഇരയാക്കപ്പെട്ടവരിൽ നിന്നുതന്നെയുള്ള ഇത്തരം ചെറുത്തുനിൽപ്പുകൾ നല്ല സൂചനകളല്ലേ തരുന്നത്?*

മുൻപാണെങ്കിൽ അത്തരമൊരു സ്ത്രീ മറഞ്ഞുപോകും. സമൂഹം അവരെ ജീവിക്കാൻ അനുവദിക്കില്ല. ആത്മഹത്യ മാത്രമായിരിക്കും ഇരയാക്കപ്പെട്ട സ്ത്രീക്ക് തിരഞ്ഞെടുക്കാനുള്ള വഴി. അത്തരക്കാർ മുഖ്യധാരയിലേക്ക് കടന്നുവരുന്നത് ആരോഗ്യകരമായ കാര്യമാണ്. അവരെ പ്രോത്സാഹിപ്പിക്കണം. അവർക്ക് വഴികാട്ടുന്ന സംഘടനകളെയും അഭിനന്ദിക്കണം. പിന്നെ പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെയും വിദ്യഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്. പ്രാകൃതമായ ജീവിതം നിലനിൽക്കുന്ന ഇത്തരം സ്ഥലങ്ങളിൽ നിന്നും ചിലരെങ്കിലും ഇതുപോലെ ഉയർന്നുവരുന്നത് വലിയ കാര്യമാണ്. അവിടെയൊക്കെ വിദ്യാഭ്യാസം എത്തിച്ചാൽ സ്ഥിതി കുറെ മെച്ചപ്പെടും.

ഷീ ടാക്സി, സ്ത്രീ സൗഹൃദ ഓട്ടോ കൊള്ളാം. പ്രശ്നത്തിനുള്ള പരിഹാരമല്ല. നല്ല പരീക്ഷണമാണ്. വലിയ അർഥം കാണുന്നില്ല. വലിയ ദോഷവുമില്ല. കുറേക്കൂടി നേരത്തെ വരേണ്ടതായിരുന്നു. സ്ത്രീ യാത്രക്കാരേക്കാൾ സ്ത്രീ ഡ്രൈവർമാരുടെ സുരക്ഷ പ്രധാനമാണ്.

## വേണ്ടത് പ്രശ്നാധിഷ്ഠിത പിന്തുണ

*പുതിയ തലമുറയിലെ പെൺകുട്ടികൾ ആത്മവിശ്വാസമുള്ളവരാണോ?*

അങ്ങനെ തോന്നും. എങ്കിലും സംശയമുണ്ട്. വേഷത്തിലും നടപ്പിലും സ്വാതന്ത്ര്യമുണ്ട്. കാര്യത്തോടടുക്കുമ്പോൾ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. മേലുദ്യോഗസ്ഥരോടും രക്ഷിതാക്കളോടും അധ്യാപകരോടുമുള്ള പെരുമാറ്റം കുട്ടികളിൽ മോശമായതായിക്കാണുന്നു. കുട്ടികളിൽ ഒരുതരം അഹങ്കാരം. ഇത് ആത്മവിശ്വാസമാണെന്ന് തെറ്റിദ്ധരിക്കുന്നവരുണ്ട്. അത് പാടില്ല.



നീതി നടപ്പിലാക്കാൻ പ്രശ്നാധിഷ്ഠിതമായി ഇപ്പോൾ പിന്തുണ കിട്ടുന്നില്ല. കിട്ടണമെങ്കിൽ ഏതെങ്കിലും സംഘടനയുടെ പിൻബലം വേണം. വ്യക്തിക്ക് ബലത്തിന് സംഘടനയിൽ ചേരും. സംഘടനകളുടെ അന്യായങ്ങളും നമ്മൾ സഹിക്കണം. പ്രശ്നാധിഷ്ഠിതചിന്ത നഷ്ടപ്പെട്ടു. എല്ലാം പാർട്ടി/സംഘടനാ ചിന്താഗതിയാണ്.

*സാഹിത്യം, സിനിമ, നാടകം എന്നിവയെല്ലാം ഉൾപ്പെടുന്ന സാംസ്കാരിക മേഖലയ്ക്ക് എങ്ങനെ ഇടപെടാനാകും?*

Social effect നല്ലതാണെങ്കിൽ പ്രേരണയെസംബന്ധിച്ച് സിനിമ നല്ലതാണ്. കുറേപ്പേരെ സ്വാധീനിക്കാൻ സാധിക്കും. ഡോക്യുമെന്ററി പ്രദർശനമൊക്കെ നല്ല കാര്യമാണ്. സമൂഹത്തിന്റെ മൊത്തം പോക്ക് അപകടത്തിലേക്കാണെങ്കിൽ ഒരാൾ ഒരു നോവൽ എഴുതിയതുകൊണ്ടോ അത്തരം സിനിമകൾ കൊണ്ടോ ഫലമില്ലാതാകും.

പുസ്തകങ്ങൾ വായിക്കുന്ന സമൂഹം വായിക്കാത്തവരെ എങ്ങനെ സ്വാധീനിക്കുന്നുവെന്നതാണ് പ്രധാനം. വായിക്കാത്തവർക്ക് സമൂഹത്തെ സ്വാധീനിക്കാൻ സാധിക്കില്ല. വിദ്യാർഥികളിൽ വായന കുറഞ്ഞു. വായനയ്ക്ക് പകരം വയ്ക്കാൻ മറ്റൊരു കാര്യം കൊണ്ടും സാധിക്കുകയുമില്ല. നല്ല പുസ്തകം വായിച്ച് നല്ല മനസ്സുകളുമായി സംവദിച്ച് നല്ല ചോദനകളും വികാരങ്ങളുമായി ഒരു കുട്ടി വളരുകയാണെങ്കിൽ ഒരു നല്ല മനുഷ്യൻ രൂപപ്പെടാൻ സാധ്യതയുണ്ട്. യുക്തിപരമായ ചിന്ത സ്കൂൾ തലം മുതൽ വളർത്തിയെടുക്കണം. കോളേജ് തലത്തിൽ വിപുലപ്പെടുത്തണം. വിദ്യാഭ്യാസവും വായനയും സമാന്തരമായി വരുമ്പോൾ സ്ഥിതി കുറേക്കൂടി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം.

വിദ്യാർഥികളിൽ വായന കുറഞ്ഞു. വായനയ്ക്ക് പകരം വയ്ക്കാൻ മറ്റൊരു കാര്യം കൊണ്ടും സാധിക്കുകയുമില്ല. നല്ല പുസ്തകം വായിച്ച് നല്ല മനസ്സുകളുമായി സംവദിച്ച് നല്ല ചോദനകളും വികാരങ്ങളുമായി ഒരു കുട്ടി വളരുകയാണെങ്കിൽ ഒരു നല്ല മനുഷ്യൻ രൂപപ്പെടാൻ സാധ്യതയുണ്ട്. യുക്തിപരമായ ചിന്ത സ്കൂൾ തലം മുതൽ വളർത്തിയെടുക്കണം. കോളേജ് തലത്തിൽ വിപുലപ്പെടുത്തണം.

## നവമാധ്യമങ്ങൾ സാധാരണക്കാരുടേതാകണം

*സോഷ്യൽ മീഡിയ?*

അഭിപ്രായം പറയാറായിട്ടില്ല. വളരട്ടെ. ഉപരിവർഗത്തിൽപെട്ട, ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച വ്യക്തികളാണ് ഇത് കൂടുതലായി ഉപയോഗിക്കുന്നത്. സാധാരണക്കാരിലേക്ക് കൂടുതലായി ഇറങ്ങിച്ചെല്ലട്ടെ. അപ്പോൾ നോക്കാം. ഒരു കാര്യത്തിന് ഫ്ളാഷ് മോബ് ഉണ്ടാക്കാൻ സോഷ്യൽ മീഡിയക്ക് സാധിക്കും, ഏതു കാര്യം എന്നുള്ളത് കൂടുതൽ പ്രധാനം.

*കുടുംബഘടനയിൽ, മൂല്യങ്ങളിൽ എല്ലാം മാറ്റങ്ങൾ വന്നതുകൊണ്ടാകുമോ വീടുകളിൽ നിന്നും ക്ലാസ്മുറികളിൽ നിന്നും പീഡനവാർത്തകൾ കേൾക്കുന്നത്?*

അത്തരം വാർത്തകളെ സാമാന്യവത്കരിക്കേണ്ടതില്ലെന്ന് തോന്നുന്നു. ഒറ്റപ്പെട്ട സംഭവങ്ങളായിരിക്കും മിക്കതും. കുടുംബഘടനയിലെ മാറ്റങ്ങളുമല്ല. മദ്യവും ആഡംബരഭ്രമവുമാണ് നമ്മുടെ വീടുകളെ ആക്രമിക്കുന്ന പ്രധാന രണ്ടു ഘടകങ്ങൾ. ഇതു രണ്ടും മനുഷ്യനെ ബാധിക്കുകയും കാർന്നുതിന്നുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് അടിമപ്പെട്ടവർ എന്തൊക്കെ ചെയ്തുകൂട്ടുമെന്ന് ഒരു നിശ്ചയവുമില്ല.

*സ്ത്രീകൾ പ്രതികരിച്ചു തുടങ്ങിയെന്ന് തോന്നുന്നുണ്ടോ?*

ഒരുപാടുകാലം ബസ്സിലെയും തീയറ്ററിലെയുമൊക്കെ ശല്യപ്പെടുത്തൽ സ്ത്രീകൾ സഹിച്ചിരുന്നു. ഇപ്പോൾ പ്രതികരിക്കുന്നുണ്ട്. ബസ്സിലെ ശല്യം ചെയ്യൽ മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത വിധമാണ് കേരളത്തിൽ. അത് മലയാളി പുരുഷന്റെ പ്രത്യേക മനോഭാവത്തിന്റെയാകാം. എന്തായാലും പ്രതികരിക്കാനുള്ള ആർജ്ജവം കൂടിയിട്ടുണ്ടെന്നു തന്നെയാണ് വിശ്വാസം ■

■ ഡോ. ആർ. ശ്രീലതാവർമ

# കുടുംബിനി ചില അർഥാന്തരങ്ങൾ

**കുടുംബിനിയെപ്പറ്റിയുള്ള ആദർശാത്മക സങ്കല്പത്തിനപ്പുറം കുടുംബത്തിനകത്തും പുറത്തും ജനാധിപത്യവീക്ഷണത്തോടെ സ്ത്രീയെ ഉൾക്കൊള്ളാൻ നമ്മുടെ സമൂഹം ഇനിയും ഏറെ വളരേണ്ടതുണ്ട്**

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും 20 ാം നൂറ്റാണ്ടിന്റെ പൂർവാർധത്തിലും നമ്മുടെ പൊതുബോധം താലോലിച്ച സ്ത്രീ സങ്കല്പം വരേണ്യബോധത്തിന്റെ വാർപ്പുമാതൃകയായി ഉരുത്തിരിഞ്ഞുവന്ന ഒന്നായിരുന്നു. സ്ത്രീസ്വത്വത്തെക്കുറിച്ചും സ്ത്രീയുടെ സ്വയംനിർണയാവകാശത്തെക്കുറിച്ചും അധികം ചിന്തിക്കാനും പറയാനുമുള്ള അവസരങ്ങൾ അന്ന് ദുർലഭമായിരുന്നുവെന്ന് സമ്മതിക്കുമ്പോൾത്തന്നെ കുടുംബത്തിന്റെ നല്ല നിലയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ടതാകണം സ്ത്രീയുടെ ജീവിതം എന്ന ചിന്ത അന്നത്തെ കലാനിർമിതികളിൽ വളരെ പ്രകടമായിരുന്നു എന്ന വസ്തുത അവശേഷിക്കുന്നു. ചലനാത്മകമായ സാമൂഹികജീവിതത്തിന്റെ പ്രതിഫലനങ്ങളുൾക്കൊള്ളുന്ന കലാകൃതികളിൽ അക്കാലത്ത് സ്ത്രീക്കുവേണ്ടി കരുതിവെച്ചിരുന്ന ഏറ്റവും സുരക്ഷിതമായ ഇടം കുടുംബമാണ്. സ്ത്രീ-പുരുഷ ബന്ധങ്ങളെക്കുറിച്ച് വേറിട്ട വഴിയിൽ ചിന്തിക്കുന്നതായി ഭാവിച്ചിട്ടുള്ള പല കഥാപാത്രങ്ങളും പിന്നീട് ഈ ഭാവം (നാട്യം) വെടിഞ്ഞ്, അവരുടെ തനിസ്വരൂപം വെളിപ്പെടുത്തുന്ന കാഴ്ച ആരെയും അതിശയിപ്പിക്കും. ഉദാഹരണത്തിന് മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്ത നോവലായ 'ഇന്ദുലേഖ'യിൽ നായികയായ ഇന്ദുലേഖ കാമുകനായ മാധവനെ ശപ്പൻ എന്നു വിളിക്കുകയും മറ്റും ചെയ്യുമ്പോൾത്തന്നെ മാധവന്റെ തിരോധാനകാലത്ത് രോഗബാധിതയായി കിടപ്പിലാകുന്നുവെന്ന് നോവലിസ്റ്റ് പറയുന്നുണ്ട്. നോവൽതുടങ്ങുമ്പോൾ അസാധാരണമാംവിധം കരളുറപ്പുള്ളവളായി ചിത്രീകരിക്കപ്പെട്ട ഇന്ദുലേഖ, പിന്നീട്, മാധവന്റെ തിരോധാനത്തിനുശേഷം അതീവ ദുർബലയായി മാറാൻ കാരണം വരേണ്യമായ പതിവ്രതാ സങ്കല്പത്തോടുള്ള നോവലിസ്റ്റിന്റെ ആഭിമുഖ്യമാണ്.

ഈ സങ്കല്പത്തിന് ഇന്നും വലിയ മാറ്റങ്ങൾ വന്നുചേർന്നിട്ടില്ല. നവോത്ഥാനം മുന്നോട്ടുവെച്ച മൂല്യസങ്കല്പങ്ങളിൽ സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ സ്വാതന്ത്ര്യത്തിനും അവരുടേതായ ഇടങ്ങൾ ഉണ്ടായിരിക്കുന്നു എങ്കിലും കുടുംബത്തിനുള്ളിലല്ലാതെ കുടുംബത്തിൽ നിന്ന് വേറിട്ട സ്ത്രീ അന്നത്തെ സമൂഹത്തിന്റെ ചിന്താപരിധിയിൽ വന്നിരുന്നതേയില്ല. അധികാരത്തിന്റെയും അധ്വാനത്തിന്റെയും വേറിട്ട തട്ടുകൾ നിലനിൽക്കുന്ന കുടുംബം എന്ന സാമൂഹിക സ്ഥാപനത്തിന്റെ സുഗമമായ മുന്നോട്ടുപോക്കിനായി എന്നും കുടുംബത്തിൽ കഴിയേണ്ടത് സ്ത്രീ മാത്രമായിരുന്നു. കുടുംബിനി എന്ന പദം നമ്മുടെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിന്റെ പരിച്ഛേദമായിത്തീരുന്നത് ഇവിടെയാണ്. കുടുംബിനി എന്ന പദത്തിന്റെ പുരുഷവാചിയായ പദമേതാണ്? കുടുംബനാഥൻ എന്നാകാം. എങ്കിലും കുടുംബനാഥനെ ചുറ്റിപ്പറ്റി ഉദാത്തമായ സങ്കല്പനങ്ങളൊന്നും സമൂഹം കൊണ്ടുനടന്നിട്ടില്ല. എന്നാൽ കുടുംബിനി അപ്രകാരമല്ല. അവൾ എന്താണെന്നും എന്തായിരിക്കണമെന്നും സമൂഹം വിഭാവന ചെയ്തിട്ടുണ്ട്.

"പുരുഷന്റെ മേന്മയ്ക്കുവേണ്ടി സ്ത്രീ അബലയായിത്തന്നെ ഇരിക്കട്ടെ. എന്നാൽ അവളുടെ ആനതമായ തോളിലാണ് ഗൃഹമെന്ന മഹാസ്ഥാപനത്തിന്റെ ഭാരം; അവളുടെ മാതൃഹൃദയത്തിനലിവുണ്ടാകണം, സമുദായത്തിന്റെ വളർച്ചയ്ക്ക്; അവളുടെ പട്ടുടയാട തന്നെ ചീന്തേണ്ടിവരും, രാജ്യത്തിന്റെ മുറികെട്ടാൻ..."

1930 ൽ പുറത്തുവന്ന 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിലാണ് ഈ സങ്കല്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സമുദായ പരിഷ്കരണപ്രസ്ഥാനങ്ങളുടെ താങ്ങും തണലുമായിത്തീർന്നിട്ടുള്ള സാംസ്കാരികാവിഷ്കാരങ്ങളിൽ ഒന്നാമതായി പേരുപറയുന്ന ഒരു നാടകത്തിൽപ്പോലും കുടുംബവുമായി ചേർത്തുനിർത്തി സ്ത്രീയെ മഹത്വവത്കരിക്കാനുള്ള പ്രവണതയുണ്ടായിരുന്നു എന്നത് ശ്രദ്ധിക്കാം.

സമുദായപരിഷ്കരണപ്രസ്ഥാനങ്ങൾ പലതും പരമ്പരാഗത മൂല്യസങ്കല്പങ്ങളിൽ നിന്ന് പെട്ടെന്ന് വിട്ടുമാറാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ ഇതിനൊക്കെ മുമ്പുതന്നെ കുടുംബപശ്ചാത്തലം കൂടാതെയുള്ള സ്ത്രീയെ കുമാരനാശാൻ വിഭാവന ചെയ്തിരുന്നു (നളിനി-1911, ലീല - 1914). ആശാന്റെ കാവ്യലോകത്തെങ്ങും വീട്-കുടുംബം സന്നിഹിതമല്ല. ഇന്ദുലേഖയെപ്പോലെ കൊളോണിയൽ മൂല്യസങ്കല്പമായ



കുമാരനാശാൻ

സ്ത്രീപുരുഷ പ്രേമത്തിലാണ് ആശാന്റെ നായികമാരും അടിയുറച്ചു വിശ്വസിച്ചത്. പക്ഷെ പ്രണയം ലക്ഷ്യമാക്കി വീടുവിട്ടിറങ്ങിയവരാണ് നളിനിയും ലീലയും. ഇന്ദുലേഖയെപ്പോലെ ഒരിക്കൽ കൈമുതലായിരുന്ന ധൈര്യം പിന്നീട് ചോർന്നുപോയി ദുർബലരാകുന്നില്ല ഇവർ. പ്രണയം നൽകുന്ന ധീരതയും ഇച്ഛാശക്തിയുമാണ് ഇവരുടെ ബലം. സ്വമനസ്സുകളുടെ പ്രേരണയ്ക്കു വഴങ്ങുമ്പോൾ നളിനിക്കും ലീലയ്ക്കും വീടുപേക്ഷിക്കേണ്ടിവരുന്നു. 'ചിന്താവിഷ്ടയായ സീത'യിൽ (1919) സീത പ്രതിനിധാനം ചെയ്യുന്ന വിമോചനസങ്കല്പനങ്ങളിലും കുടുംബബന്ധങ്ങളുടെ ഭദ്രതയ്ക്കു പകരം ശൈഥില്യമാണ് നാം കാണുക. ആശാൻ അവതരിപ്പിച്ച ഒരേ ഒരു ഭാര്യാഭർത്തൃബന്ധമാകട്ടെ – സാവിത്രി, ചാത്തൻ അന്നത്തെ (1922) സാമൂഹികാചാരങ്ങൾ അനുസരിക്കുന്നതായിരുന്നുമില്ല. സാഹചര്യവശാൽ മാതാപിതാക്കളുടെ കുടുംബത്തിന്റെ സംരക്ഷണവലയം നഷ്ടപ്പെട്ടവളാണ് സാവിത്രി എന്ന വസ്തുതയും ഓർക്കാം. വീട്ടിൽ നിന്ന്, കുടുംബത്തിൽ നിന്ന് മുക്തിനേടുന്ന സ്ത്രീ എന്ന ആശയം ഇന്നും നമ്മെ അതിശയിപ്പിക്കുന്നു എന്നുവരുമ്പോഴാണ് ആശാന്റെ നിലപാട് എത്രത്തോളം പുരോഗമനപരവും വിപ്ലവോന്മുഖവുമായിരുന്നു എന്ന് തിരിച്ചറിയുന്നത്; വിശേഷിച്ചും, സ്ത്രീയുടെ സദാചാരത്തെ ച്ചൊല്ലിയുള്ള നമ്മുടെ സമൂഹത്തിന്റെ അങ്കലാപ്പുകൾ ദിനംപ്രതി വർധിച്ചുവരുന്ന ഇക്കാലത്ത്.

വീടെന്ന അടഞ്ഞ ഇടവും പുറമെന്ന തുറസ്സും സ്ത്രീക്ക് നൽകുന്ന രണ്ടനുഭവലോകങ്ങളാണ്. പദവികൾ, കടമകൾ എന്നിങ്ങനെ വ്യത്യസ്ത ഉപാധികളാൽ നിയന്ത്രിതമായ പരിമിതവൃത്തം എന്നും സ്ത്രീക്കു നേരെ വെച്ചുനീട്ടുകയും ആ വെച്ചുനീട്ടൽ തന്നെ ഒരു വലിയ ഔദാര്യമാണെന്നു ഭാവിക്കുകയും ചെയ്യുന്ന കുടുംബവ്യവസ്ഥ

> വീട്ടിൽ നിന്ന്, കുടുംബത്തിൽ നിന്ന് മുക്തിനേടുന്ന സ്ത്രീ എന്ന ആശയം ഇന്നും നമ്മെ അതിശയിപ്പിക്കുന്നു എന്നുവരുമ്പോഴാണ് ആശാന്റെ നിലപാട് എത്രത്തോളം പുരോഗമനപരവും വിപ്ലവോന്മുഖവുമായിരുന്നു എന്ന് തിരിച്ചറിയുന്നത്; വിശേഷിച്ചും, സ്ത്രീയുടെ സദാചാരത്തെച്ചൊല്ലിയുള്ള നമ്മുടെ സമൂഹത്തിന്റെ അങ്കലാപ്പുകൾ ദിനംപ്രതി വർധിച്ചുവരുന്ന ഇക്കാലത്ത്

സ്ത്രീക്ക് കുടുംബിനി, പതിവ്രത, പരിശുദ്ധ തുടങ്ങിയ അധിക പദവികൾ നൽകാൻ ശ്രദ്ധിക്കുന്നു. സാമാന്യനിരീക്ഷണങ്ങളിൽ നമ്മുടെ സമൂഹം യാഥാസ്ഥിതികത്വങ്ങളിൽ നിന്ന് മുക്തിനേടി പുരോഗതി പ്രാപിച്ച ഒന്നാണ്. എന്നാൽ സൂക്ഷ്മവീക്ഷണത്തിൽ, യാഥാസ്ഥിതികത്വത്തിനല്ല, അതിന്റെ ആടയാഭരണങ്ങൾക്കാണ് മാറ്റം വന്നതെന്ന് തിരിച്ചറിയാൻ കഴിയും. ആധുനികമെന്നോ, ഉത്തരാധുനികമെന്നോ ഉള്ള മിനുക്കുവേലകളിൽ, കാലോചിതമായ രീതി



ഒ. ചന്തുമേനോൻ



വി.ടി. ഭട്ടതിരിപ്പാട്

കളിൽ, തരഭേദങ്ങളിൽ യാഥാസ്ഥിതികത്വത്തെ നമ്മൾ വീണ്ടും വീണ്ടും അവതരിപ്പിക്കുന്നു. അപവാദങ്ങളുണ്ടാകാം. പക്ഷെ, അത് സംഖ്യയിൽ ചെറുതും ദുർബലവുമാണ്.

കുടുംബം എന്ന സ്ഥാപനത്തെ ഉറപ്പിക്കുന്നതും മുന്നോട്ടുകൊണ്ടുപോകുന്നതും ദാമ്പത്യം എന്ന വ്യവസ്ഥയാണ്. നവോത്ഥാനമൂല്യങ്ങളിൽ പ്രധാനമായിരുന്ന സ്വാതന്ത്ര്യം, സമത്വം തുടങ്ങിയവ അന്ന് ഏതു കുടംബാന്തരീക്ഷത്തിലാണ് പുലർന്നിരുന്നത്? സാക്ഷാത്കരിക്കപ്പെടേണ്ട മഹനീയാദർശങ്ങൾ മാത്രമായിരുന്നു അന്ന് അവ. കുടുംബത്തിൽ ഈ ആദർശവത്കരണം സ്ത്രീയെ കേന്ദ്രീകരിച്ചാണ് നടപ്പാക്കിയത്. വൈകാരികമണ്ഡലം സ്ത്രീക്കും ബൗദ്ധികമണ്ഡലം പുരുഷനും പകുത്തുവെക്കുന്ന സമൂഹത്തിന്റെ വിവേചനബുദ്ധി, പുരുഷന്റെ ബഹുമുഖമായ ബഹിർലോകവ്യാപാരങ്ങൾക്ക് ഊർജമായും താങ്ങായും തണലായും നിൽക്കുന്ന സ്ത്രീ മാതൃകകളെ വാർത്തെടുത്തു. ബലമുള്ളവർക്ക് താങ്ങിന്റെയും തുണയുടെയും ആവശ്യമെന്തെന്ന് ആരും ചോദിച്ചില്ല. അബലയെന്ന് പേരുകേട്ടവൾ തന്നെ താങ്ങും തുണയുമാകുന്നതിലെ, പുരുഷനും കുടുംബത്തിനും ബലമാകുന്നതിലെ വൈരുധ്യം ആരും കണ്ടില്ല, അഥവാ, കണ്ടതായി നടിച്ചില്ല. അതുകൊണ്ടാണ് പല നവോത്ഥാനകാല കലാവിഷ്കാരങ്ങളിലും സ്ത്രീസ്വാതന്ത്ര്യവും സ്ത്രീമുന്നേറ്റവും മറ്റും പ്രച്ഛന്നരൂപത്തിൽ അവതരിപ്പിക്കപ്പെട്ടത്.

ഇന്നത്തെ സ്ഥിതി വ്യത്യസ്തമാണ്. വിദ്യാഭ്യാസം നേടി, തൊഴിലെടുത്ത്, കുടുംബജീവിതം നയിക്കുന്ന സ്ത്രീയാണ് ഇന്നിന്റെ പ്രിയങ്കരമായ സ്ത്രീ സങ്കല്പം. എന്നാൽ, ഔദ്യോഗികവും ഗാർഹികവുമായ ചുമതലകൾ, ഇരുമേഖലകളും ഒരുപോലെ ആവശ്യപ്പെടുന്ന അധ്വാനത്തിന്റെ





വർധിച്ചതോത് എന്നിവ പരിഗണിക്കുമ്പോൾ രണ്ടിടങ്ങളിലും സുഗമമായി മുന്നോട്ടുപോയി അഭിലഷിക്കുന്ന തരത്തിൽ വിജയിക്കാൻ കഴിയുന്ന സ്ത്രീകൾ എണ്ണത്തിൽ വളരെ കുറവാണ്. ഗാർഹിക പ്രശ്നങ്ങളോ, ആരോഗ്യപ്രശ്നങ്ങളോ കാരണം സർവീസിൽ നിന്ന് സ്വേച്ഛയാ വിരമിക്കുന്ന സ്ത്രീകളുടെ സംഖ്യ മുൻപത്തേക്കാൾ ഏറുകയും ചെയ്തിരിക്കുന്നു. ഓഫീസ് പണികൾ ഓഫീസിലിരുന്നു പൂർത്തിയാക്കാൻ കഴിയാതെ വീട്ടിൽ കൊണ്ടുവന്ന് അവ ചെയ്യേണ്ടിവരുന്ന, വീട്ടിലെ അവസാനിക്കാത്ത പണികൾക്കു നടുവിൽ നട്ടം തിരിയുന്ന സ്ത്രീകൾക്ക് വിശ്രമം എന്നത് സ്വപ്നത്തിൽപ്പോലും സാധിക്കാത്ത ഒന്നാണ്. വിശ്രമമില്ലാത്ത, ശാരീരികക്ഷമതയും മാനസികസന്നദ്ധതയും നഷ്ടപ്പെട്ട്, രോഗങ്ങൾക്കു വഴിപ്പെട്ട് അകാലത്തിൽ റിട്ടയർമെന്റ് തിരഞ്ഞെടുക്കുന്ന സ്ത്രീകൾ അവരുടെ സ്വപ്നങ്ങളിൽ നിന്നും പ്രതീക്ഷകളിൽ നിന്നും കൂടിയാണ് റിട്ടയർ ചെയ്യുന്നത്.

ഉത്തരാധുനിക സമൂഹത്തിൽ കുടുംബത്തിന്റെ സാമ്പത്തികഭദ്രത പുരുഷനെ മാത്രം ആശ്രയിച്ചല്ല, നിലനിൽക്കുന്നത്. പുരുഷനുതുല്യം സംഭാവന സ്ത്രീയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നു. എങ്കിലും സ്ത്രീയുടെ വരുമാനത്തിനുമേൽ പൂർണമായ അധികാരം സ്ഥാപിക്കുന്ന പുരുഷന്മാർ ഇന്നുമുണ്ട്. തന്റെ ശമ്പളം ഭർത്താവിന് കാഴ്ചവെക്കുകയും ദിവസവും യാത്രച്ചെലവിനുള്ളത് ഭർത്താവിനോട് ഇരന്നുവാങ്ങുകയും ചെയ്യുന്ന ഭാര്യമാർ ഇന്നുമുണ്ട്. ഈ പ്രയോഗിച്ച കാഴ്ചവെക്കൂ, ഇരന്നുവാങ്ങുക എന്നീ പദങ്ങൾക്കു പിന്നിൽ ഒട്ടുംതന്നെ അതിശയോക്തി ഇല്ലെങ്കിലും ഇത്തരം ജനാധിപത്യമില്ലായ്മകൾ വളരെയേറെ നിരാശപ്പെടുത്തുന്നുണ്ട്. മറിച്ചുമില്ലേ, അതായത് ഭർത്താവ് ഭാര്യയെ ശമ്പളം ഏൽപ്പിക്കുകയും ആവശ്യങ്ങൾക്ക് അവരുടെ മുന്നിൽ കൈനീട്ടുകയും ചെയ്യുന്ന ഇടങ്ങൾ? ഉണ്ടാകും. ഇപ്പറഞ്ഞ രണ്ടു രീതിയും ഒരുപോലെ അനഭിലഷണീയമാണെന്ന സത്യം ഇവിടെ ഒന്നാമത് അംഗീകരിക്കപ്പെടണം. കുടുംബത്തിന്റെ പൊതു ആവശ്യങ്ങളിൽ തുല്യരീതിയിലുള്ള സാമ്പത്തിക പങ്കാളിത്തവും വ്യക്തിപരമായ ചെലവുകളിൽ അത്യാവശ്യം, ആവശ്യം, അനാവശ്യം എന്നീ പരിഗണനപ്രകാരമുള്ള നിലപാടുകളും സ്വീകരിക്കുന്നത് എത്രയോ അഭികാമ്യമാണ്. ആരും അടിമകളല്ല; ഉടമകളും. ഈ സത്യം തിരിച്ചറിയപ്പെടുകതന്നെ വേണം.

ദൈനംദിന ജീവിതത്തിലും കുടുംബം എന്ന സാമൂഹികസ്ഥാപനത്തിലും സ്ത്രീയുടെ ഭാഗധേയം നിർണായകമായിരിക്കുമ്പോൾ, അവളെ മുൻനിർത്തി ആദർശാത്മക കല്പനകൾ നെയ്തെടുത്ത് അതിൽ കല്പാന്തം വരെ അഭിരമിക്കുന്നതുകൊണ്ട് പ്രത്യേകിച്ചൊരു ഗുണം ആർക്കുമില്ല. അവളുടെ മേൽ പെരുമാറ്റനിയന്ത്രണങ്ങളേർപ്പെടുത്തുകയോ, അവളെ മഹത്വവത്കരിക്കുകയോ ചെയ്യുന്നതും ഫലശൂന്യമാണ്. മാനുഷികതയോടെ, വിശാല ചിന്തയോടെ, സഹിഷ്ണുതയോടെ, സർവോപരി ജനാധിപത്യവീക്ഷണത്തോടെ കുടുംബത്തിലും പുറത്തും സ്ത്രീയെ ഉൾക്കൊള്ളാൻ നമ്മുടെ സമൂഹം ഇനിയും വളരേണ്ടിയിരിക്കുന്നു. ■

അന്ന എം.




# വിർച്വൽ ലോകത്തെ സ്ത്രീ

നവ മാധ്യമങ്ങൾ മുന്നോട്ട് വെക്കുന്ന സാധ്യതകളും പ്രശ്നങ്ങളും ഒരേ അളവിൽ ചർച്ചക്കെടുക്കുന്ന കാലമാണിത്. ഒന്നിനേയും ഒറ്റനോട്ടത്തിലോ നോട്ടപരമ്പരകളിലോ പോലും അംഗീകരിക്കാനുള്ള കേരള സമൂഹത്തിന്റെ മടി ഇക്കാര്യത്തിലും ഒരു പരിധി വരെ പ്രകടമാണ്. നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതിയ പൊതുവിടങ്ങളും ഇൻറർനെറ്റ് ആക്റ്റിവിസവും മൊത്തത്തിൽ സമ്മിശ്ര ഫലങ്ങളാണ് മുന്നോട്ട് വെക്കുന്നതെങ്കിലും, സ്ത്രീകൾക്ക് ഇവ നൽകുന്ന സാധ്യതകൾ വ്യത്യസ്തവും പ്രതീക്ഷാത്മകവുമാണ്. പുരുഷന് ഈ പുതിയ പൊതു ഇടം തന്റെ സ്വകാര്യ പൊതു ജീവിതത്തിന്റെ തുടർച്ചയാകുമ്പോൾ, സ്ത്രീകൾക്ക് അത് മറ്റൊരു



ലോകമോ പുരുഷ കേന്ദ്രീകൃതമായ ലോകത്തിൽ ഇടപെടാനുള്ള ഉപാധിയോ ആണ്. പുതിയ സാമൂഹ്യമാധ്യമങ്ങൾ ഒരേ സമയം സ്വകാര്യ ഇടങ്ങളും പൊതു ഇടങ്ങളും ആയി പ്രവർത്തിക്കുന്നു. തന്റെ ചുറ്റുമുള്ളവരിൽ തട്ടിനിന്നിരുന്ന അഭിപ്രായ പ്രകടനങ്ങൾ വിസ്തൃതവും അനന്തവുമായ ലോകത്തേക്ക് വഴിതുറക്കുന്നു. നവ മാധ്യമങ്ങളുടെ വളർച്ച പുതിയ ആശയ സങ്കൽപങ്ങൾക്കും സംഭാഷണ സംവാദ പ്രക്രിയക്കും വഴി തെളിച്ചു. സ്ത്രീകൾക്ക് പൊതുമണ്ഡലം നിഷേധിക്കപ്പെടുന്നത് പലപ്പോഴും ചലന സ്വാതന്ത്ര്യം, പ്രത്യക്ഷ മര്യാദകൾ, ജാതിമത വിലക്കുകൾ എന്നിവയുടെ പേരിലാണ്. ഇന്റർനെറ്റ് സാദ്ധ്യമാക്കുന്ന സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബ്ലോഗിങ്ങിലൂടെയും മറ്റൊരു അവതാരമോ ജന്മമോ ഒക്കെ സ്വീകരിക്കുകയാണ് പലപ്പോഴും സ്ത്രീകൾ ചെയ്യുന്നത്. യഥാർഥ ചുറ്റുപാടുകളിൽ സാധ്യമാകാത്തതൊക്കെയും സാധ്യമാക്കുന്ന അല്ലെങ്കിൽ സാധ്യമാക്കുന്നതായി തോന്നിപ്പിക്കുന്ന ഒരു ലോകം!

> **സ്ത്രീകൾക്ക് പൊതുമണ്ഡലം നിഷേധിക്കപ്പെടുന്നത് പലപ്പോഴും ചലന സ്വാതന്ത്ര്യം, പ്രത്യക്ഷ മര്യാദകൾ, ജാതിമത വിലക്കുകൾ എന്നിവയുടെ പേരിലാണ്. ഇന്റർനെറ്റ് സാദ്ധ്യമാക്കുന്ന സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബ്ലോഗിങ്ങിലൂടെയും മറ്റൊരു അവതാരമോ ജന്മമോ ഒക്കെ സ്വീകരിക്കുകയാണ് പലപ്പോഴും സ്ത്രീകൾ ചെയ്യുന്നത്. യഥാർഥ ചുറ്റുപാടുകളിൽ സാധ്യമാകാത്തതൊക്കെയും സാധ്യമാക്കുന്ന അല്ലെങ്കിൽ സാധ്യമാക്കുന്നതായി തോന്നിപ്പിക്കുന്ന ഒരു ലോകം!**

ഇന്റർനെറ്റ് ആക്ടിവിസം ഒരു കൂട്ടം പുതിയ പൊതു വക്താക്കൾക്ക് ജന്മം നല്കി. രാഷ്ട്രീയ സാമൂഹ്യ ഇടപെടലുകൾ കീബോർഡിൽ നിന്നും സാധ്യമായതോടെ അതുവരെ മിണ്ടാത്തവരും രംഗം കയ്യടക്കാൻ തുടങ്ങി. പോയിൻറ് ആൻഡ് ക്ലിക്ക് ആക്ടിവിസം സ്ത്രീകളെ സംബന്ധിച്ച് ഒരു തരം സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. കേന്ദ്രീകൃതമായ അധികാരതലമില്ലാതെ സമ്മിശ്ര അഭിപ്രായപ്രകടനത്തിന് ഇന്റർനെറ്റ് ഇടം കൊടുത്തു. സ്ത്രീകൾക്ക് തങ്ങളുടെ തികച്ചും സ്വകാര്യവും ഒഴിച്ചുമാറ്റപ്പെട്ടതുമായ മണ്ഡലത്തിന്റെ വ്യാപനത്തിലേക്ക് ഇത് വഴിതെളിച്ചു. പുതിയ ഒരിനം സ്വകാര്യ പൊതുമണ്ഡലത്തെ നിർമിച്ചെടുക്കാൻ ഇത് സ്ത്രീകളെ പ്രാപ്തരാക്കി. ആത്മാവിഷ്ക്കാരത്തിനുള്ള അനന്തമായ സാദ്ധ്യതകൾ ഇവിടെ ലഭ്യമാണ്. സ്വന്തം വീട്ടിനുള്ളിൽ ഒതുങ്ങി നിന്നിരുന്ന ആവിഷ്കരണ സ്വാതന്ത്ര്യം വിശാലമായ ലോകത്തേക്ക് എത്തിപ്പെട്ടു. ഇന്ന് ഏറ്റവും അധികം പ്രചാരത്തിലുള്ള സാമൂഹ്യ മാധ്യമമായ ഫെയിസ്ബുക്കിന്റെ കാര്യമെടുത്താൽ,ഓരോ ദിവസവും എന്നുവേണ്ട ഓരോ മണിക്കൂറും എങ്ങനെ കടന്നു പോയി എന്ന് അതിലൂടെ വിളിച്ചു പറയുന്നവരാണ് ഭൂരിഭാഗവും. ഫെയിസ്ബുക്ക് മാനിയയെ ന്യായീകരിക്കാൻ ആവില്ല എങ്കിലും, ഇത് സ്ത്രീകൾക്ക് നൽകിയ പ്രകടന സ്വാതന്ത്ര്യം അംഗീകരിച്ചേ പറ്റു. സ്വന്തം ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും അനുഭവങ്ങളും അങ്ങനെ തോന്നുന്നതെന്തും വിളിച്ചു പറയാനാകുന്ന ഒരിടം. വിർചൽ വ്യക്തിത്വത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ, ഒരു പരിധി വരെ പ്രത്യക്ഷ മര്യാദകൾക്കും വിലക്കുകൾക്കും അതീതമാണ്. നന്നാക്കാനും നശിപ്പിക്കാനും ഉള്ള ഇടപെടലുകളാകട്ടെ ഒഴിവാക്കാവുന്നവയാണ്. യഥാർഥ ജീവിതത്തിലും ഇത്തരം ബ്ലോക്ക് ബട്ടൺ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

ദേശ, പ്രദേശ വിലക്കുകൾക്ക് അപ്പുറം രാഷ്ട്രീയ സാമൂഹ്യ ചർച്ചകൾക്ക് ഇന്റർനെറ്റ് ഇടം ഒരുക്കി. സ്ത്രീയുടെ മുഖാമുഖമുള്ള




അഭിപ്രായപ്രകടനം ഒട്ടുമിക്കപ്പോഴും കുടുംബ, സാമൂഹിക, മത ഇടപെടലുകൾക്ക് വിധേയമാണ്. അവൾക്കു പറയാനുള്ളത് അല്ലെങ്കിൽ അറിയാൻ ആഗ്രഹമുള്ളത് സദാചാരവിരുദ്ധമോ സമൂഹത്തിനു നിരക്കാത്തതോ ആയി മുദ്ര കുത്തപ്പെടുന്നു. സ്ഥാപിതമായ പുറന്തള്ളലും പ്രാന്തവല്കരണവും സ്ത്രീയുടെ പൊതു ഇടപെടലുകളെ പരിമിതപ്പെടുത്തുന്നു. ഫെയിസ്ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളും ബ്ലോഗുകളും മറ്റും പ്രത്യക്ഷമായ നിയന്ത്രണങ്ങൾക്ക് അപ്പുറം സ്ത്രീയുടെ പുതിയ ഇടങ്ങൾ കണ്ടെത്താനുള്ള ഉപാധികളായി മാറി കഴിഞ്ഞിരിക്കുന്നു. സ്ത്രീ ബ്ലോഗെഴുത്തുകാരുടെ വളർച്ചയും ശ്രദ്ധേയമാണ്. കൃത്യമായ വ്യക്തിത്വം വെളിപ്പെടുതാതെയാണ് പലപ്പോഴും സ്ത്രീകൾ തങ്ങളുടെ ആശയങ്ങൾ പങ്കുവെക്കുന്നത്. തങ്ങൾ ജീവിക്കുന്ന പുരുഷാധിപത്യ സമൂഹത്തോടുള്ള വിലപേശലും നിശബ്ദ വിപ്ലവരീതികളുമാണ് ഇവരിലൂടെ പ്രകടമാകുന്നത്. നിലവിലുള്ള ആൺകോയ്മാസമൂഹം സ്ത്രീപുരുഷന്മാർക്ക് നല്കിയിട്ടുള്ള നിശ്ചിതമായ പെരുമാറ്റ ഘടനകളെ പുനർനിർവചിക്കുന്ന ബദൽ പൊതുവിടങ്ങൾ സൃഷ്ടിക്കുകയാണ് ഇവർ. ഇത്തരം പുതിയ സംഭാഷണ സംവാദ പ്രക്രിയയിലൂടെ മാറുന്നതും വ്യത്യസ്തവും ആയ സ്ത്രീ സങ്കല്പങ്ങളും ഇടങ്ങളും നമുക്ക് ചുറ്റും ഉടലെടുത്തേക്കാം.

> ഫെയിസ്ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളും ബ്ലോഗുകളും മറ്റും പ്രത്യക്ഷമായ നിയന്ത്രണങ്ങൾക്ക് അപ്പുറം സ്ത്രീയുടെ പുതിയ ഇടങ്ങൾ കണ്ടെത്താനുള്ള ഉപാധികളായി മാറി കഴിഞ്ഞിരിക്കുന്നു. സ്ത്രീ ബ്ലോഗെഴുത്തുകാരുടെ വളർച്ചയും ശ്രദ്ധേയമാണ്.

സാമൂഹിക മാധ്യമങ്ങൾ തങ്ങൾക്കു പകർന്നു നല്കിയ സ്വാതന്ത്ര്യം സ്ത്രീകൾ വളരെ തന്ത്രപരമായാണ് ഉപയോഗിക്കുന്നതെന്ന് തോന്നിപ്പിക്കുന്ന ഉദാഹരണങ്ങൾ ഏറെയാണ്. അറേബ്യൻ ലോകത്തിന്റെ പ്രതിനിധികളായ മുസ്‌ലിം സ്ത്രീകളെക്കുറിച്ചാണ് ഇവയിൽ എടുത്തു പറയേണ്ടത്. ഏറെ നിയന്ത്രിതമായ സമൂഹത്തിൽ നിന്നുകൊണ്ട് വളരെ തന്ത്രപൂർവവും കൗശലകരമായും തങ്ങളുടെ സർഗവാസന പ്രകടമാക്കാൻ അവർ ശ്രമിക്കുന്നു. മത സംഘടനകളും ഭരണകൂടവും യാഥാസ്ഥിതിക സമൂഹവും ജാഗരൂകമായി നോക്കിനില്ക്കെ തങ്ങളുടെ ഇടം കൈക്കലാക്കാൻ പുതിയ മാധ്യമങ്ങൾ ഉപയോഗിക്കുകയാണ് ഇവിടുത്തെ മിടുക്കികൾ. ഇറാനിലെ സ്ത്രീകളുടെ ബ്ലോഗായ 'വെബ്‌ലോഗ്സ്ഥാൻ', ഇലക്ട്രോണിക് മാഗസിൻ ആയ 'ബാഡ്ജെൻസ്, ഇറാൻടോഖത്' എന്നിവ ശ്രദ്ധേയമാണ്. മുസ്‌ലിം സ്ത്രീയുടെ പതിവായി ചിത്രീകരിക്കപ്പെടുന്ന പീഡിതമുഖമല്ലാതെ, ഊർജസ്വലതയും നിശ്ചയദാർഢ്യവും ഉള്ള സ്ത്രീസങ്കല്പങ്ങളാണ് ഇവയിലൂടെ ഉരുത്തിരിയുന്നത്.

അപ്പലേഷ്യൻ സ്ത്രീകൾ, വികസിതമായ അമേരിക്കൻ സാമ്രാജ്യത്തിന്റെ ഉള്ളിൽ സ്വന്തം സമൂഹത്തിന്റെ പരാധീനത ചിത്രീ കരിച്ചുകൊണ്ട് എഴുതുന്ന ബ്ലോഗുകളും താല്പര്യമുണർത്തുന്നവയാണ്. ദേശലിംഗപരമായ ആദർശങ്ങൾ തികച്ചും ദേശപ്രദേശ അതിർത്തികൾ ഇല്ലാത്ത ഒരു ഉപാധിയിലൂടെ ആവിഷ്കരിക്കുകയാണ് ഇവർ. 2004-2005 കാലയളവിൽ യൂറോപ്പിലെ യാഥാസ്ഥിതിക ജൂത സ്ത്രീകളുടെ ഓൺലൈൻ ഡയറികൾ ശ്രദ്ധപിടിച്ചുപറ്റി. അടക്കം, പാതിവ്രത്യം, സമുദായത്തിന്റെ അഭിമാനം എന്നിവ ഒക്കെ ചുമലിൽ കയറ്റി നടക്കേണ്ടി വരുന്ന ഇക്കൂട്ടരുടെ ബ്ലോഗിങ്ങ് മെരുക്കപ്പെടലുകൾക്ക് വഴങ്ങാത്ത വിധവും എന്നാൽ സാമൂഹ്യ വ്യവസ്ഥിതിയെ തകർക്കാതെ തങ്ങളുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കും വിധവും ആയിരുന്നു. ജീവിതമെഴുത്ത് എന്ന പുത്തൻ ബ്രാൻഡിൽ ഓരോ ദിവസത്തിന്റെ കഥയ്ക്കും വിസ്തൃതവും വിഭിന്നവും ആയ വായനക്കാരുണ്ടായി. ദേശീയ അന്തർദേശീയ തലത്തിൽ സ്ത്രീകളെ ഒരുമിപ്പിക്കുന്ന ഉദ്യമങ്ങൾ





ശക്തിപ്പെടാനും വികസിക്കാനും സാങ്കേതിക വിദ്യ സഹായകമായി.

വിർച്ചൽ ലോകം വിലക്കുകൾ ഇല്ലാത്തതല്ല, എന്നാൽ വിലക്കുകളെ ബോധപൂർവം ഒഴിവാക്കി മുന്നോട്ടു പോകാൻ ഇവിടെ സാദ്ധ്യതകളുണ്ട്. വളരെ ലളിതമായി പറഞ്ഞാൽ, ഇന്ന് രാവിലെ എനിക്ക് പത്ത് മിനിറ്റ് നടുറോഡിൽ ഡാൻസ് കളിക്കാൻ തോന്നിയാൽ ഉണ്ടാകുന്ന പ്രത്യാഘാതം എനിക്ക് സ്വയം ഏറ്റെടുക്കാൻ പറ്റിയെന്നു വരില്ല. എന്നാൽ എന്റെ ഡാൻസ് വിർച്ചൽ ആണെങ്കിൽ സംഗതി സാമൂഹ്യ വിരുദ്ധമോ അപമാനസൂചകമോ ആവില്ല. ഇതിന്റെ പ്രധാന ഘടകം ശരീര ബാഹ്യമായ നിലനിൽപ്പാണ്. സ്ത്രീകളുടെ മേലുള്ള വിലക്കുകളും അഭിമാനബോധവും അവളുടെ ശരീരത്തെ ചുറ്റിപ്പറ്റി നിലകൊള്ളുന്നവയാണ്. ശരീരം മുന്നിൽ കാണാത്ത, ശരീരത്താൽ അസ്വസ്ഥമാക്കപെടാത്ത നൂതന സാങ്കേതിക ലോകം അതുകൊണ്ടുതന്നെ സ്വാതന്ത്ര്യം പകർന്നു തരുന്നു. യഥാർഥ ജീവിതത്തിന്റെ വ്യാപനമായ ഇവിടവും, പുരുഷ കേന്ദ്രീകൃതവും പുരുഷന്റെ ആശയസാക്ഷാത്കാരത്തിനുള്ള ഉപാധിയും ആയി മാറിയിട്ടുണ്ടെങ്കിലും, ഇവയെ ഒഴിവാക്കി, ലിംഗഭേദമില്ലാതെ, ഒരു വ്യക്തി എന്ന നിലയിൽ മുന്നോട്ട് പോകാൻ സ്ത്രീക്ക് സാധിക്കുന്നു. ദേശം, മതം, കുടുംബം, സദാചാരം എന്നിവ നല്കുന്ന ചട്ടക്കൂടിനു പുറത്തു നിന്നുള്ള ഇടപെടൽ ഈ പുതിയ മാധ്യമങ്ങൾ പ്രയോഗികമാക്കുന്നു. സമത്വപൂർണമായ ഈ അവസ്ഥ സമ്മാനിക്കുന്ന സ്വാതന്ത്ര്യത്തെ സമൂഹം സംശയത്തോടെ നോക്കുന്നു. സാങ്കേതിക വിദ്യ പകർന്നു തരുന്ന സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനുള്ള സമൂഹത്തിന്റെ ശ്രമങ്ങളാണ് ഇന്ന് ചുറ്റും നടക്കുന്നത്.

> ദേശീയ അന്തർദേശീയ തലത്തിൽ സ്ത്രീകളെ ഒരുമിപ്പിക്കുന്ന ഉദ്യമങ്ങൾ ശക്തിപ്പെടാനും വികസിക്കാനും സാങ്കേതിക വിദ്യ സഹായകമായി. വിർച്വൽ ലോകം വിലക്കുകൾ ഇല്ലാത്തതല്ല, എന്നാൽ വിലക്കുകളെ ബോധപൂർവം ഒഴിവാക്കി മുന്നോട്ടു പോകാൻ ഇവിടെ സാദ്ധ്യതകളുണ്ട്.

വിർച്ചൽ സ്വാതന്ത്ര്യം സാമ്പത്തികം, ഭാഷ, കംപ്യൂട്ടർ സാക്ഷരത എന്നിവയിൽ അധിഷ്ഠിതമാണ്. പുതിയ പൊതു വക്താക്കളെ സൃഷ്ട്ടിക്കുന്നതിലൂടെ ചട്ടക്കൂടുകൾ ഇല്ലാത്ത രാഷ്ട്രീയ സാമൂഹ്യ ചർച്ചകൾ വിർച്ചൽ ലോകം സാധ്യമാക്കുന്നു എങ്കിലും, അത്യാവശ്യക്കാരിലേക്ക് ഇത് എത്രത്തോളം എത്തുന്നുണ്ട് എന്നത് പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. ഡിജിറ്റൽ ലോകത്തേക്ക് എത്തുന്നതിനെ നിർണയിക്കുന്ന സാമൂഹ്യ സാമ്പത്തിക അന്തരം ഇപ്പോഴും ശക്തമായി നിലനിൽക്കുന്നു എന്നത് നാം മറന്നു പോകരുത്. ■

■ കുന്നുകുഴി എസ്. മണി

# കായൽപരപ്പിൽ ഉദിച്ചുയർന്ന ഒരു സംഘടന

**കൊച്ചിയിലെ പുലയസമുദായത്തിനിടയിൽ നവോത്ഥാന കാഹളം മുഴക്കിയ കായൽസമ്മേളനത്തിന് നൂറു പിന്നിട്ടപ്പോൾ**



അയ്യൻകാളി

കൊച്ചിയിലെ പുലയർ കായലിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി അതിലിരുന്ന് പണ്ഡിറ്റ് കറുപ്പൻ മാസ്റ്ററുടെ നേതൃത്വത്തിൽ കൊച്ചിൻ പുലയർ മഹാജനസഭ ആരംഭിച്ചിട്ട് നൂറു വർഷം കടക്കുന്നു. ആ കാലത്ത് അയിത്തജാതിക്കാരായ പുലയർ തുടങ്ങിയവർക്ക് നേരായ മാർഗത്തിൽ കരയിൽ സഞ്ചരിക്കാനോ, സമ്മേളനം ചേരാനോ കഴിയുമായിരുന്നില്ല. വന്നൊട്ടികളായ ബ്രാഹ്മണർ സൃഷ്ടിച്ചുവിട്ട തീണ്ടലും തൊടീലും രൂക്ഷമായിരുന്ന കാലഘട്ടത്തിലാണ് കൊച്ചിയിലെ പുലയർക്കിടയിൽ പരസ്പരം സംഘടിച്ച് ഒരു സംഘടന രൂപീകരിക്കാനുള്ള ആവേശം ജനിച്ചത്.

അതിനുമുമ്പുതന്നെ തിരുവിതാംകൂറിൽ മഹാനായ അയ്യൻകാളി 1907 ൽ 'സാധുജനപരിപാലന സംഘം' വെങ്ങാനൂരിൽ രൂപീകരിച്ചിരുന്നു. അയിത്തജാതിക്കാരിൽ സംഘടനാബോധത്തിന് കാരണവും അയ്യൻകാളി സ്ഥാപിച്ച സാധുജനപരിപാലനസംഘം തന്നെയാണ്. പിന്നീട് ആറു വർഷം കടന്നിട്ടാണ് കൊച്ചിയിലെ പുലയർ പാത്തും പതുങ്ങിയും കായൽ വള്ളങ്ങൾ കൂട്ടിക്കെട്ടി കൊച്ചി പുലയർ മഹാജനസഭ രൂപീകരിച്ചത്. കൊച്ചി കായൽപ്പരപ്പിലാണ് അതിന്റെ ജനനം. കരയിൽ സ്ഥലമില്ലാത്തതുകൊണ്ടല്ല, കൊച്ചിയിലെ പുലയർക്ക് അന്ന് കരമാർഗം സഞ്ചരിക്കാനോ, സമ്മേളനങ്ങൾ ചേരാനോ പാടില്ലായിരുന്നു. അത്രമേൽ തീണ്ടലും തൊടീലും രൂക്ഷമായിരുന്നു. എന്തിനേറെ നിത്യോപയോഗസാധനങ്ങൾ വാങ്ങാൻ പോലും കരയിൽ കടന്നുകൂട. വള്ളങ്ങളിൽ നടുക്കായലിലെത്തി തമ്പടിച്ചു വേണം അന്യായവിലകൊടുത്ത് സാധനങ്ങൾ വാങ്ങാൻ.

വല്ലാർപാടം, ഇളംകുന്നപ്പുഴ, മുളവുകാട്, വൈപ്പിൻ, ചിറ്റൂർ, ചേരാനല്ലൂർ, കുറുംകോട്ട, പുന്നരുന്നി, കടവന്ത്ര, കരിന്തല, കുമ്പളങ്ങി, ഇടക്കൊച്ചി, മട്ടാഞ്ചേരി എന്നീ പ്രദേശങ്ങളിൽ അധികവും പുലയരും ധീവരുമായിരുന്നു തിങ്ങിപ്പാർത്തിരുന്നത്. സംഖ്യാതലത്തിൽ പുലയരോടൊപ്പം ധീവരും മുന്നിൽ നിന്നിരുന്നു. അവരും സവർണരുടെ ചണ്ഡാളനിയമങ്ങൾക്കും, ചൂഷണങ്ങൾക്കും വിധേയരായിരുന്നു. ധീവരരുടെ ഇടയിൽ നിന്നും ജനിച്ചുവളർന്ന പണ്ഡിറ്റ് കറുപ്പൻ ധീവരർക്ക് നേതൃത്വം നൽകികൊണ്ട് രംഗത്തുവന്നു. 1909 ൽ കൊച്ചിയിലെ വിദ്യാലയങ്ങളിൽ ഒന്നിൽപ്പോലും പുലയരുടെ



പണ്ഡിറ്റ് കറുപ്പൻ

കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നില്ല. കറുത്തുമുഷിഞ്ഞ വേഷവിധാനത്തോടെയുള്ള പുരുഷന്മാരെയും അർധനഗ്നരായ സ്ത്രീകളെയും എങ്ങും കാണാമായിരുന്നു. ചില പ്രദേശങ്ങളിലെ പുലയസ്ത്രീകൾ പുല്ലുകൊണ്ട് നഗ്നതമറച്ചിരുന്നതുകൊണ്ടാണ് ഇവർക്ക് തണ്ടപ്പുലയർ എന്നു പേരുണ്ടായത്. അടിമത്തവും അയിത്താചാരവും എങ്ങും നടമാടിയിരുന്നു. ഈ വിധ അനാചാരങ്ങൾക്കെതിരെ പ്രവർത്തിച്ചുകൊണ്ടാണ് കറുപ്പൻ മാസ്റ്റർ സ്വസമുദായ രംഗത്തെത്തിയത്. അദ്ദേഹം പിൽക്കാലത്ത് ധാരാളം കവിതകൾ ഈ ജനവിഭാഗത്തെക്കുറിച്ച് എഴുതുകയുണ്ടായി. 'ജാതിക്കുമ്മി'യെന്ന കവിതാസമാഹാരം ഏറെ പ്രസിദ്ധമാണ്. ഒടുവിൽ ധീവരനായ കറുപ്പൻമാസ്റ്റർ കൊച്ചി പുലയർ മഹാസഭയുടെ സ്ഥാപകനേതാവായി ഉയർന്നു.

എറണാകുളം നഗരത്തിനും കൊച്ചി അഴിമുഖത്തിനുമിടയ്ക്കു പരന്നുകിടക്കുന്ന വിശാലമായ കൊച്ചിക്കായലിൽ ഇന്നു കാണുന്ന വെല്ലിങ്ടൺ ഐലന്റിന്റെ വടക്കേ പകുതിയോളം ഭാഗം ആ കാലത്ത് കായലിനടിയിലായിരുന്നുവെന്നാണ് 'കായൽപ്പരപ്പിൽ നിന്നൊരു സംഘടന' എന്ന ലേഖനത്തിൽ എംപിയായിരുന്ന അഡ്വ. കെ.കെ. മാധവൻ (കെ.പി.എം.എസ്. സോവനീർ 1983) വിവരിക്കുന്നത്. പിന്നീട് കൊച്ചി ഹാർബറിന്റെ വികസനത്തിനുവേണ്ടി നികത്തിക്കൊടുത്തതാണ് വെല്ലിങ്ടൺ ഐലന്റിന്റെ ഈ ഭാഗം. കായലിന്റെ വടക്കുവശത്ത് എറണാകുളത്തെ ഹൈക്കോടതിക്ക് അഭിമുഖമായി നിലകൊള്ളുന്ന ബോൾഗാട്ടി പാലസ് സ്ഥിതിചെയ്യുന്ന മുളവുകാട് ദ്വീപും പടിഞ്ഞാറായി വല്ലാർപാടം ദ്വീപും ഏറ്റവും പടിഞ്ഞാറായി അറബിക്കടലിന്റെ തിരമാലകൾ ആഞ്ഞടിക്കുന്ന 'വൈപ്പിൻ' ദ്വീപും കാണാം. കായലിന്റെ തെക്കേയറ്റത്ത് അന്നുണ്ടായിരുന്ന ഒരു ചെറിയ ദ്വീപ് ഇന്ന് വെല്ലിങ്ടൺ ഐലന്റിന്റെ ഏറ്റവും പഴക്കമുള്ള ഭാഗമാണ്. ഈ പ്രദേശത്തിന് വെണ്ടുരുത്തിയെന്നും വാത്തുരുത്തിയെന്നും പറയുന്നു. തെക്കോട്ടുമാറിയാൽ പിന്നെയും കായൽ -വൈക്കം കായലിന്റെ വടക്കേ അറ്റം. പകൽ സമയത്ത് ഉച്ചകഴിഞ്ഞാൽ അറബിക്കടലിൽ നിന്ന് മദയാനകളെപ്പോലെ ആർത്തിരമ്പി കിഴക്കോട്ടടിക്കുന്ന തിരമാലകൾ ഉഗ്രപ്രതാപത്തോടെ എറണാകുളം നഗരത്തിന്റെ കരയിൽ ചെന്നു വിലയംപ്രാപിക്കുകയാണ്. ഇതാണ് അന്നത്തെ കായലിന്റെ അവസ്ഥയെന്ന് അദ്ദേഹം തന്റെ ലേഖനത്തിൽ വിലയിരുത്തുന്നു.

## കൃഷ്ണാദി ആശാന്റെ നേതൃത്വം

1913 ഏപ്രിൽ 21 ന് മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നിന്നും ചാത്തൻ കൃഷ്ണാദിയെന്ന കൃഷ്ണാദി ആശാന്റെ നേതൃത്വത്തിൽ പുലയർ വള്ളങ്ങളിൽ ടി.കെ. കൃഷ്ണമേനോന്റെ വീടിനു പടിഞ്ഞാറു ഭാഗത്തെ കൊച്ചി കായൽപ്പരപ്പിൽ എത്തിച്ചേർന്നു. മുളവുകാട് ദ്വീപിൽ ഐക്കര, കല്ലച്ചംമുറി എന്ന പേരുകളിൽ അറിയപ്പെടുന്ന പ്രശസ്തമായ പുലയതറവാട്ടിലെ ചാത്തന്റെയും കാളിയുടെയും ഇളയമകനാണ് കൃഷ്ണാദി. ദൃഢഗാത്രനായിരുന്ന കൃഷ്ണാദിക്ക് അന്ന് പ്രായം 35 വയസ്സായിരുന്നു. സംസ്കൃതവും ആയുർവേദവും ശാസ്ത്രീയസംഗീതവും പഠിച്ചിരുന്ന കൃഷ്ണാദിക്ക് മറ്റു പുലയരുടേതിനേക്കാൾ മെച്ചപ്പെട്ട ജീവിതസാഹചര്യമാണുണ്ടായിരുന്നത്. സമ്പന്നമായ കുടുംബത്തിലെ അംഗമെന്ന



നിലയിൽ പുലയരുടെ നേതൃനിരയിലേക്ക് കൃഷ്ണാദി ഉയർന്നിരുന്നു.

കായൽപ്പരപ്പിൽ വള്ളങ്ങളിലെത്തിയ പുലയർ വള്ളങ്ങൾ ചേർത്തുകെട്ടി അതിൽ പലകകൾ നിരത്തി താത്കാലിക പ്ലാറ്റ്ഫോം നിർമിച്ചു. കറുപ്പൻ മാസ്റ്ററുടെ നേതൃത്വത്തിൽ അന്നാദ്യമായി കൊച്ചിയിലെ പുലയർയോഗം ചേർന്ന് 'കൊച്ചി പുലയമഹാജനസഭ'യ്ക്ക് രൂപം കൊടുത്തു. അതിനുശേഷം കുറെയേറെ പുലയർ ടി.കെ. കൃഷ്ണമേനോനെ കാണുകയും കൊച്ചി സംസ്ഥാനത്ത് വ്യാപകമായി പുലയരുടെ ഒരു സംഘടന രൂപീകരിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടതായും അഡ്വ. കെ.കെ. മേനോന്റെ ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കൃഷ്ണമേനോന്റെ ആവശ്യപ്രകാരം കറുപ്പൻ മാസ്റ്ററെ കൂട്ടിക്കൊണ്ടുവരാൻ അവർ പോയി.

മീറ്റിങ്ങിനുള്ള നോട്ടീസ് തയാറാക്കി. എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിൽവെച്ചു യോഗം നടത്തുന്നതിന് റവ. ഫാദർ ഡൊമിനിക്കിന്റെ അനുവാദം വാങ്ങിയശേഷം നോട്ടീസ് അച്ചടിപ്പിച്ചു. നോട്ടീസ് വിതരണത്തിന്റെ ചുമതല പുലയർ ഏറ്റെടുത്തു. യോഗത്തിൽ കുളിച്ച് വൃത്തിയായി വസ്ത്രധാരണം ചെയ്തു വേണം എത്തേണ്ടതെന്നും മേനോന്റെ വാക്കുകൾ പുലയർ ശ്രവിച്ചിരുന്നു. 1925 മെയ് 25 ന് പണ്ഡിറ്റ് കറുപ്പൻ മാസ്റ്ററുടെ നേതൃത്വത്തിൽ സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിൽ വെച്ച് ടി.കെ. കൃഷ്ണമേനോന്റെ അധ്യക്ഷതയിൽ പുലയരുടെ യോഗം ചേർന്നു. ആ മഹായോഗത്തിൽവെച്ച് കൊച്ചി 'പുലയർ മഹാജനസഭ' ഔപചാരികമായി ഉദ്ഘാടനം ചെയ്തതായി മേനോൻ പ്രഖ്യാപിച്ചു. യോഗത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാദർ ഡൊമിനിക്ക്, പണ്ഡിറ്റ് കെ.പി. കറുപ്പൻ, കൃഷ്ണാദി ആശാൻ തുടങ്ങിയവർ പ്രസംഗിച്ചു. കൃഷ്ണാദി ആശാന്റെ നേതൃത്വത്തിൽ 1500 ൽപ്പരം പുലയരെ (സ്ത്രീകളടക്കം) യോഗത്തിൽ പങ്കെടുപ്പിക്കാൻ സാധിച്ചു. കൊച്ചിയിലെ ഏറ്റവും മഹത്തായ സംഭവമായി ചരിത്രം രേഖപ്പെടുത്തുന്നു. എന്നാൽ ഈ മഹായോഗത്തിൽ തിരുവിതാംകൂറിൽ പ്രജാസഭ മെമ്പറായിരുന്ന അയ്യൻകാളിയെ പങ്കെടുപ്പിക്കാൻ സംഘാടകർക്ക് കഴിഞ്ഞിരുന്നില്ല. ഈ യോഗത്തോടെയാണ് പി.സി. ചാഞ്ചൻ പുലയരുടെ നേതാവായി ഉയർന്നുവന്നത്. അഞ്ചു മാസത്തിനുശേഷം സെപ്റ്റംബറിൽ സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിൽ വെച്ചുതന്നെ ദ്വിതീയ സമ്മേളനം നടന്നു. ഈ യോഗത്തിൽ രണ്ടായിരത്തിലേറെ പുലയർ പങ്കെടുത്തിരുന്നു. സവർണർ യോഗത്തിന് എത്തിക്കൊണ്ടിരുന്ന പുലയരെ പലതരത്തിൽ വഴിവക്കുകളിൽ കാത്തുനിന്നു ഭീഷണിമുഴക്കിയെങ്കിലും ഒന്നും വിലപ്പോയിരുന്നില്ല. ഈ സമ്മേളനത്തിൽ വെച്ച് കൊച്ചി പുലയമഹാജനസഭയുടെ ആദ്യ

സവർണർ യോഗത്തിന് എത്തിക്കൊണ്ടിരുന്ന പുലയരെ പലതരത്തിൽ വഴിവക്കുകളിൽ കാത്തുനിന്നു ഭീഷണി മുഴക്കിയെങ്കിലും ഒന്നും വിലപ്പോയിരുന്നില്ല. ഈ സമ്മേളനത്തിൽ വെച്ച് കൊച്ചി പുലയമഹാജനസഭയുടെ ആദ്യ പ്രസിഡന്റായി കൃഷ്ണാദി ആശാനെയും സെക്രട്ടറിയായി പി.സി. ചാഞ്ചനെയും തെരഞ്ഞെടുത്തു

പ്രസിഡന്റായി കൃഷ്ണാദി ആശാനെയും സെക്രട്ടറിയായി പി.സി. ചാഞ്ചനെയും തെരഞ്ഞെടുത്തു. കൂടാതെ സംഘടനയുടെ പ്രവർത്തനത്തിന് ആവശ്യമായ ഒരു നിയമാവലി എഴുതി അംഗീകരിക്കുകയും പ്രവർത്തനത്തിനായി ഒരു കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

മാത്രമല്ല സംഘടനയ്ക്ക് ഫണ്ടു ശേഖരിക്കുന്നതിലേക്കായി സമ്മേളനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് പ്രവേശനത്തിനായി മൂന്നു പൈസ ടിക്കറ്റും വെച്ചിരുന്നു. ഈ ഇനത്തിൽ നല്ലൊരു സംഖ്യ സംഘടനയ്ക്ക് ലഭിക്കുകയുണ്ടായി. പുലയരുടെ സംഘടനയ്ക്കുവേണ്ടി ഫണ്ട് ശേഖരിച്ചിരുന്നത് അവരിൽ നിന്നുതന്നെയായിരുന്നു. ഈ സംരംഭം വളരെക്കാലം കൊച്ചി പുലയർ മഹാജനസഭക്കാർ പാലിച്ചിരുന്നു. പുലയർ കൂടുതലായി താമസിച്ചിരുന്ന കേന്ദ്രങ്ങളിൽ വെച്ച് പല യോഗങ്ങളും സംഘടന നടത്തിയിരുന്നു. ഇതെല്ലാം കൊച്ചിയിലെ വിവിധ ഭാഗങ്ങളിൽ താമസിച്ചിരുന്ന പുലയരിൽ ആദ്യകാലത്ത് നല്ലൊരു ഉണർവിന് കാരണമായി. ഈ സമ്മേളനത്തെക്കുറിച്ച് കൊച്ചി മഹാരാജാവിന് ടി.കെ. കൃഷ്ണമേനോൻ ഒരു റിപ്പോർട്ട് അയച്ചുകൊടുത്തു. ആ റിപ്പോർട്ടിനുള്ള മറുപടിയായി മഹാരാജാവ് തിരുമനസ്സുകൊണ്ട് ഇങ്ങനെ എഴുതി. 'പുലയരുടെ സമ്മേളനത്തെപ്പറ്റി എഴുതിയിരുന്ന കാര്യങ്ങൾ ഞാൻ വളരെ താത്പര്യത്തോടുകൂടി വായിച്ചു. യോഗത്തിൽ പങ്കെടുത്ത ആളുകളുടെ എണ്ണത്തിൽ നിന്നുതന്നെ എന്റെ പ്രജകളുടെ കൂട്ടത്തിലുള്ള ഈ പിന്നണി വിഭാഗക്കാർ അവരുടെ ദയനീയാവസ്ഥയെപ്പറ്റി മനസ്സിലാക്കി, സ്ഥിതി മെച്ചപ്പെടുത്തുവാൻ ആകാംക്ഷയുള്ളവരായി തീർന്നിരിക്കുന്നു എന്നു കാണുന്നത് സന്തോഷകരമാണ്.



വള്ളംകളി ആഘോഷവേളയിൽ ബോൾഗാട്ടിയിൽ നടന്ന സംഭവം എനിക്കോർമയുണ്ട്. നിവേദനപത്രം എന്റെ കയ്യിൽ കിട്ടിയില്ല. അതു വരുമ്പോൾ ഏറ്റവും നല്ല പരിഗണന നൽകുന്നതായിരിക്കും.

## സഞ്ചാര സ്വാതന്ത്ര്യവും വിദ്യാലയപ്രവേശനവും

കൊച്ചി പുലയർ മഹാജനസഭ സമ്മേളനങ്ങൾ നടത്തുകമാത്രമല്ല ഗവൺമെന്റിൽ നിവേദനങ്ങൾ കൊടുത്ത് കൂടുതൽ സഞ്ചാരസ്വാതന്ത്ര്യവും വിദ്യാലയ പ്രവേശനവും നേടിയെടുത്തു. കൂടാതെ സഭാജനങ്ങളുടെ ഉന്നമനത്തിനായി ചില കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയുമുണ്ടായി. ആ പരിപാടികൾ ഇതാണ്:

1. കുട്ടികളെ വിദ്യാലയങ്ങളിൽ അയച്ച് പഠിപ്പിക്കുക.
2. പ്രായമായവർക്ക് നിശാപാഠശാലകൾ ഏർപ്പെടുത്തുക.
3. മദ്യപാനം, മന്ത്രവാദം, കാതുകുത്ത് കല്യാണം, തിരണ്ടുകല്യാണം, വിവാഹമല്ലാത്ത വെറും കെട്ടുകല്യാണം തുടങ്ങിയ അനാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ.
4. വിവാഹസമയത്ത് വരൻ വധുവിന്റെ കുടുംബക്കാർക്ക് വിലയായി പണം കൊടുക്കുന്ന ആചാരം (ഇതിനു കാണം എന്നാണ് പേർ പറഞ്ഞിരുന്നത്) അവസാനിപ്പിക്കുക.
5. പുരുഷന്മാർക്കും സ്ത്രീകൾക്കും പരിഷ്കൃതരീതിയിൽ വസ്ത്രധാരണം ചെയ്യുക.
6. പുരുഷന്മാർ മുടി ക്രോപ്പുചെയ്യുക, ചെരിപ്പും കുടയും ഉപയോഗിക്കുക.
7. സമുദായാംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുക.

ഇവയിൽ കാതുകുത്തു കല്യാണം, തിരണ്ടുകല്യാണം എന്നിവ പുലയ സമുദായ (ഗോത്ര) ആചാരങ്ങളിൽപ്പെടുന്നതാണ്. ഗോത്രാചാരങ്ങൾ അവസാനിപ്പിക്കണമെന്ന് പറയുന്നതിനോട് പുലയരുടെ ചരിത്രമെഴുതിയ ഈ ലേഖകൻ യോജിക്കുന്നില്ല. ഗോത്രാചാരങ്ങൾ അതേപടി നിലനിർത്തേണ്ടതാണ്. ഈയിടെ അന്തരിച്ച ദക്ഷിണാഫ്രിക്കൻ മുൻ പ്രസിഡന്റും നേതാവുമായ മണ്ഡേലയുടെ ശവസംസ്കാരച്ചടങ്ങുകളിൽ അവരുടെ ഗോത്രാചാരപ്രകാരമുള്ള ചടങ്ങുകൾ നടത്തിയത് ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും. പുലയരുടെ ഗോത്രാചാരങ്ങൾ നിലനിർത്തപ്പെടേണ്ടതുതന്നെയാണ്. നമ്മെ മറ്റു ജനപഥങ്ങളിൽ നിന്നും വ്യത്യസ്ഥരാക്കുന്ന ഒന്നാണ് ഗോത്രാചാരങ്ങൾ. അത്തരം ആചാരങ്ങൾ നിഷേധിക്കപ്പെടുന്നത് ഒരു ജനപഥത്തിന്റെ അസ്തിത്വം ഇല്ലായ്മ ചെയ്യുന്നതിന് തുല്യമാണ്.

1925 ൽ ദിവാൻ ടി.എസ്. നാരായണ അയ്യരുടെ അധ്യക്ഷതയിൽ എറണാകുളത്ത് മഹാരാജാസ് കോളേജിൽ ചേർന്ന കൊച്ചി പുലയ മഹാജനസഭ കെ.പി. വള്ളോനെ നേതൃതനിരയിലേക്കു കൊണ്ടുവന്നു. വള്ളോനെ നേതൃസ്ഥാനത്തേക്കു കൊണ്ടുവന്നതോടെ കൊച്ചിയിലെ പുലയരാദി അധഃസ്ഥിതർക്ക് പുതിയൊരുന്മേഷവും പ്രവർത്തനമേഖലയും കണ്ടെത്താനായി. 1926 ൽ പി.സി. ചാഞ്ചനെ ആദ്യത്തെ പുലയ പ്രതിനിധിയായി കൊച്ചി നിയമസഭയിൽ മെമ്പറായി തെരഞ്ഞെടുത്തു. സമുദായസേവനരംഗത്ത് നിലയുറപ്പിച്ചിരുന്ന കെ.പി. വള്ളോനെ 1931 ൽ കൊച്ചി നിയമസഭയിലേക്ക് നോമിനേറ്റ് ചെയ്തു. അങ്ങനെ ചാഞ്ചനും, വള്ളോനും എം.എൽ.സിയെന്ന നിലയിൽ ഒട്ടേറെ കാര്യങ്ങൾ കൊച്ചിയിലെ പുലയർക്കായി നേടിക്കൊടുത്തു. 1936 ൽ വള്ളോൻ എം.എൽ.സി 'അധഃകൃതൻ' എന്ന പേരിൽ ഒരു മാസിക ധർമകാഹളം പ്രസ്സിൽ നിന്നും പുലയരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനായി പ്രസിദ്ധീകരണം തുടങ്ങി. അയ്യൻകാളി 'സാധുജനപരിപാലനം' തുടങ്ങിയതുപോലെ അധഃകൃതനും രണ്ടാം സ്ഥാനക്കാരനായി നിലകൊണ്ടു. വള്ളോൻ പിന്നീട് 'ഹരിജൻ' എന്ന മാസികയും ആരംഭിച്ചു. ഈ പ്രസിദ്ധീകരണങ്ങൾ വഴി കൊച്ചി പ്രദേശത്തെ പുലയരിൽ ഒട്ടേറെ പുരോഗമനാശയങ്ങൾ നടപ്പിൽ വരുത്തുവാനും അനാചാരപ്രവണതകളെ ഉപേക്ഷിക്കാനും ആഹ്വാനം നടത്തുകയും ചെയ്തിരുന്നു.

1940 ഏപ്രിൽ 14 ന് വള്ളോൻ വസൂരി രോഗബാധയെത്തുടർന്ന് അന്തരിച്ചു. കൊച്ചിയിലെ പുലയർക്ക് വള്ളോന്റെ തിരോധാനം കനത്ത പ്രഹരമായിട്ടാണ് അനുഭവപ്പെട്ടത്. ഇതിനിടെ കൃഷ്ണാദി ആശാനും മറ്റും ക്രിസ്തുമതം സ്വീകരിച്ചത് പുലയമഹാജനസഭ പ്രവർത്തനത്തെ ബാധിച്ചു. വള്ളോൻ എം.എൽ.സിയുടെ പ്രിയ ശിഷ്യനായി രംഗത്തുവന്ന പി.കെ. ചാത്തൻ മാസ്റ്റർ 1957 ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽ ഹരിജനക്ഷേമ മന്ത്രിയായി. അങ്ങനെ കൊച്ചി കായലിൽ രൂപംകൊണ്ട കൊച്ചി പുലയമഹാജനസഭയുടെ ചരിത്രശേഷിപ്പുകൾ ഉൾക്കൊള്ളാൻ ഒരു നൂറ്റാണ്ടു തികയുന്ന ഈ അവസരത്തിൽ നാം ബാധ്യസ്ഥരാണ്. കായൽ സമ്മേളനം യഥാർഥത്തിൽ സംഭവിച്ച ഒന്നാണ്. അത് നിഷേധിക്കാനും വികൃതവത്കരിക്കാനും ശ്രമിച്ചാൽ ചരിത്രം അവർക്ക് മാപ്പു നൽകുകയില്ല. ഒരു നൂറ്റാണ്ടിന്റെ ചരിത്രത്തോടൊപ്പം നടന്നുനീങ്ങിയ കൊച്ചിയിലെ പുലയർ ഇന്ന് ഉന്നത മേഖലകളിൽ വ്യാപരിക്കുന്നുണ്ട്. വള്ളോന്റെ പുത്രനായ കെ.വി. കുമാരനും ഭരണഘടന നിർമാണസഭയിൽ അംഗമായിരുന്ന ദാക്ഷായണി വേലായുധനും മജിസ്ട്രേറ്റായിരുന്ന ടി.എ. പരമനുമെല്ലാം കൊച്ചിയിൽ നിന്നും ഉന്നതങ്ങളിലെത്തിയ പുലയസമുദായക്കാരായിരുന്നു. ഒരു നൂറ്റാണ്ടിനു മുമ്പ് കൊച്ചി കായലിൽ സമ്മേളനത്തിലൂടെ ഉരുത്തിരിഞ്ഞ സംഘടനാ ശക്തിയും അത് സമൂഹത്തിനേൽപ്പിച്ച നവോത്ഥാന പ്രഹരശേഷിയും നാം കണ്ടില്ലെന്നു നടിക്കരുത്. അടുത്ത നൂറ്റാണ്ടിലേക്കുള്ള കുതിപ്പിന് ഈ ചരിത്രപാഠങ്ങൾ ആവോളം പ്രേരകമാകട്ടെ. ■






# അരങ്ങുനിറഞ്ഞ നാട്യവൈഭവം

അഭിനയവൈഭവത്തിന്റെ സമസ്ത സാധ്യതകളെയും അരങ്ങിൽ പകരുന്ന നടന്റെ ആത്മപ്രകാശനത്തെ അദ്ഭുതാദരവുകളോടെ കണ്ടറിഞ്ഞ ആസ്വാദകരുടെ ദിനങ്ങളായിരുന്നു കോട്ടയത്ത് ഫെബ്രുവരി 13 മുതൽ 18 വരെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന 13-മത് ദേശീയ നാടകോത്സവം. ഭാഷയോ പ്രായമോ









പ്രമേയമോ അതിർവരമ്പുകൾ തീർക്കാത്ത നാടകകലയുടെ ആകർഷണവലയത്തിലാഴ്ന്ന സായാഹ്നങ്ങളും രാവുകളുമായിരുന്നു അത്. ഫെബ്രുവരി 13-ന് മന്ത്രി കെ.സി.ജോസഫാണ് നാട്യഹേമന്തം എന്നു പേരിട്ട നാടകോത്സവം ഉദ്ഘാടനം ചെയ്തത്. ഇന്ത്യയുടെ സാംസ്കാരിക, കലാവൈവിധ്യത്തിന്റെ ആവിഷ്കാരങ്ങളായി മാറിയ പതിനൊന്ന് നാടകങ്ങളാണ് നാടകോത്സവത്തിൽ അവതരിപ്പിച്ചത്. സമ്പന്നമായ പാരമ്പര്യമുള്ള മറാത്തി നാടകവേദിയിൽനിന്നെത്തിയ ദലൻ ആയിരുന്നു ആദ്യനാടകം. അവസാനനാടകം ഷേക്സ്പിയർ ക്ളാസിക്കിന്റെ പുനരവതരണമായ മാക്ബെത്തും. കൊൽക്കത്ത കസ്ബ അർഘ്യയുടെ ഊരുഭംഗം, രാജസ്ഥാനിലെ പെരാഫിൻ ട്രൂപ്പിന്റെ മൈ ഫാദർ മൈ മോം, അസമീസ് നാടകമായ മൃഗയ, മൈസൂർ രംഗായനയുടെ ശൂദ്രതപസ്വി, കാലടി സംസ്കൃത സർവകലാശാലയുടെ ബീഗം പണിക്കർ, പ്രവാസി നാടകവേദിയുടെ പ്രയത്നമായി മുംബൈയിൽനിന്നെത്തിയ കഥാപാത്രങ്ങളും പങ്കെടുത്തവരും, സ്ത്രീനാടകവേദിയുടെ പരീക്ഷണാത്മകതയും കരുത്തും തെളിയിച്ച തിരുവനന്തപുരം നിരീക്ഷയുടെ പുനർജനി എന്നിവയായിരുന്നു മറ്റു നാടകങ്ങൾ. സെമിനാറുകളും മുഖാമുഖവും നാടകസംബന്ധിയായ സിനിമകളുടെ പാക്കേജും ഗൗരവതരമായ ചർച്ചകളുയർത്തി. ■








ശ്രീവരാഹം സോമൻ

# ഇന്ത്യൻ സിനിമയുടെ നായർസാബ്



**സിനിമയുടെ ചരിത്രം ഇന്ത്യയിൽ തുടങ്ങുന്നത് പി.കെ. നായർ എന്ന ചലച്ചിത്ര സ്നേഹി ജീവിതം സമർപ്പിച്ച് കൂട്ടിച്ചേർത്ത റീലുകളിലൂടെയാണ്**

മലയാളിയായി ജനിച്ചെങ്കിലും ഭാഷയുടെ വേർതിരിവില്ലാതെ ഇന്ത്യൻ സിനിമയെ ഒന്നായിക്കണ്ട് ചലച്ചിത്ര സൃഷ്ടികളെ നശിക്കാതെ സുരക്ഷിതമായി സംരക്ഷിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ രാപകൽ പരിശ്രമിച്ച്, തന്റെ യുവത്വം മുഴുവൻ നാഷണൽ ഫിലിം ആർക്കൈവ്സ് എന്ന യാഥാർഥ്യത്തിനായി ഹോമിച്ച പി.കെ. നായരെ മലയാളസിനിമയ്ക്കുപോലും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. സമാനതകളില്ലാത്ത സിനിമാസ്നേഹിയാണ് അദ്ദേഹം. നിസ്വാർഥനായ ആർക്കൈവ് ശിൽപ്പി. സിനിമാ ചരിത്രകാരൻ, ഗ്രന്ഥകാരൻ, അധ്യാപകൻ, ആസ്വാദകരുടെ ആചാര്യൻ, ഫിലിം ഫെസ്റ്റിവലുകളുടെ സൂത്രധാരൻ തുടങ്ങി അനവധി പദവികളുടെ അവകാശിയായി സിനിമയുടെ പിന്നണിയിൽ ഒരു നിഴൽപോലെ, അദ്ദേഹം ഇപ്പോഴും കർമനിരതനായി സഞ്ചരിക്കുന്നു. ഇന്നത്തെ സിനിമാ വിദ്യാർഥികൾ ഈ മനുഷ്യനെ അറിയാൻ ശ്രമിക്കുന്നതു നന്നായിരിക്കും. കാരണം ഫിലിം ആർക്കൈവ്സ് എന്ന ആശയം അദ്ദേഹം ചിന്തിച്ചില്ലായിരുന്നെങ്കിൽ ഇന്ത്യൻ സിനിമയുടെ ഭാവി മറ്റൊന്നായേനെ. ഫാൽക്കെ പുരസ്കാരം പോലുള്ളവ തേടിയെത്താൻ എന്നേ അർഹനാണ് ഇന്ത്യൻ സിനിമയുടെ ഒരേയൊരു നായർസാബ്.

1913 കളിൽ പ്രദർശിപ്പിച്ച ദാദാസാഹിബ് ഫാൽക്കെയുടെ രാജാഹരിശ്ചന്ദ്രയും കാളിയമർദനവും (1919) പ്രിന്റുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ നശിച്ചുപോയിരുന്നു. ഇത് ശേഖരിക്കുന്നതിന് അദ്ദേഹത്തിന്റെ ശ്രമങ്ങൾ സാഹസികങ്ങളായിരുന്നു. ഏതാണ്ട് 40 വർഷങ്ങൾക്കു ശേഷം ഫാൽക്കെയുടെ മകന്റെയും ചെറുമകന്റെയും സഹായത്തോടെ രാജാഹരിശ്ചന്ദ്രയുടെയും കാളിയമർദനത്തിന്റെയും റീലുകളടങ്ങിയ ഇരുമ്പുപെട്ടികൾ കണ്ടെടുത്തു. അതിനുള്ളിൽനിന്ന് നശിച്ചുതുടങ്ങിയ കുറെ റീൽക്കഷ്ണങ്ങളും ഫാൽക്കെയുടെ കൈപ്പടയിലെഴുതിയ ഒരു നോട്ടുബുക്കും ലഭിക്കുകയുണ്ടായി. നോട്ടുബുക്കുപ്രകാരം സീൻ ഓർഡർ ഉണ്ടാക്കി, റീൽ കഷ്ണങ്ങൾ ഒട്ടിച്ചു ചേർത്ത് രാത്രിയും പകലും പരിശ്രമിച്ച് ഉണ്ടാക്കിയെടുത്ത ആദ്യത്തെയും അവസാനത്തെയും റീലുകളാണ് നാം ഇന്ന് കാണുന്ന *രാജാഹരിശ്ചന്ദ്ര*യും മുഴുവൻ റീലുകളുള്ള *കാളിയമർദന*വും. യഥാർഥത്തിൽ ഇന്ത്യൻ സിനിമകളുടെ ആർക്കൈവ്സ് ചരിത്രം ഇവിടെ തുടങ്ങുന്നു. തുടർന്നുള്ള തന്റെ ദൗത്യങ്ങളിൽ ഒട്ടുമുക്കാലും പി.കെ. നായർ എന്ന അസാധാരണ സിനിമാ സ്നേഹിയുടെ ഒറ്റയാൾ പ്രവർത്തനങ്ങളായിരുന്നു. രാജ്യത്തിന്റെ ഏതു മുക്കിലും മൂലയിലും അതു കുഗ്രാമമാകട്ടെ, നഗരങ്ങളാകട്ടെ അദ്ദേഹം ഓടിയെത്തി പ്രിന്റുകൾ, റീലുകൾ തിരയുമായിരുന്നു. അതിനുവേണ്ടി എന്തും സഹിക്കാൻ തയാറായിരുന്ന അദ്ദേഹം സിനിമാ നിർമാ



താക്കളുമായും സിനിമാക്കമ്പനികളുമായും നേരിട്ടു ബന്ധം പുലർത്തിയിരുന്നു. ഇക്കൂട്ട രിൽ പലരും മരിച്ചുപോയിരുന്നു. ചിലർ നാടു വിട്ടിരുന്നു. മറ്റു ചിലർ പ്രിന്റുകളെ ഉപേക്ഷി ച്ചിരുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ മറ്റൊന്നും ചിന്തിക്കാതെ, കാൽനടയായും കുതിരവണ്ടികളിലും സഞ്ചരിച്ച്, യഥാർഥ അവകാശികളെ കണ്ടെത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. പലർക്കും ഇക്കാര്യ ത്തിൽ വിശ്വാസം വരുത്തുക പ്രയാസമായി രുന്നു. ഇത് നടക്കുന്ന കാലഘട്ടത്തിൽ വേണ്ട വിധത്തിലുള്ള യാത്രാസംവിധാനങ്ങളോ സർക്കാർ സഹായമോ പ്രമുഖരിൽ നിന്നുള്ള പ്രോത്സാഹനമോ, ഉപദേശങ്ങളോ ഒന്നും തന്നെ അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. ഇന്ത്യൻ സിനിമയ്ക്ക് ഒരുറച്ച അടിത്തറയുണ്ടാകണ മെന്ന അടങ്ങാത്ത വാഞ്ഛയായിരുന്നു, ഒരു നിയോഗമെന്നപോലെ ഈ ദൗത്യത്തിനു പിന്നിലുണ്ടായിരുന്നത്.

1933 ഏപ്രിൽ ആറിന് തിരുവനന്തപു രത്താണ് പി.കെ. നായരുടെ ജനനം. 1940 കളിൽ പുറത്തിറങ്ങിയ കെ. സുബ്രഹ്മണ്യ ത്തിന്റെ പുണ്യപുരാണ തമിഴ് ചിത്രങ്ങ ളിൽക്കൂടി സിനിമയെന്ന സങ്കല്പവിസമയ ത്തിന്റെ മായാലോകത്തിൽ, കുട്ടിക്കാലത്തു തന്നെ അദ്ദേഹം എത്തിപ്പെട്ടു. അക്കാലത്ത്, അധികവും പുരാണകഥകളെ അടിസ്ഥാന മാക്കിയ സിനിമകളായിരുന്നു. ചിലപ്പോൾ സാമൂഹിവിഷയങ്ങൾ ഉൾക്കൊള്ളിച്ച കുടും ബസിനിമകളും ഇറങ്ങിയിരുന്നു. ഇവ അദ്ദേ ഹത്തെ ശരിക്കും സ്വാധീനിക്കുകയും ചെയ്തു. തിയേറ്ററുകളിൽ നിന്നും ലഭി ക്കുന്ന മുറി ടിക്കറ്റുകളും പാട്ടുപുസ്തക ങ്ങളും നോട്ടീസുകളും ശേഖരിക്കുന്നതു അന്ന് കൗതുകമായിരുന്നു. കുട്ടിക്കാലത്തു ദിച്ച ഈ ശേഖരണശീലം തന്നെയായിരിക്കണം പിൽക്കാലത്ത് സിനിമാ ആർക്കൈവ്സ് എന്ന മഹാശേഖരണ പ്രസ്ഥാനത്തിനും ഉത്തേജ നമായത്.

## ബോംബെ സിനിമയിൽ

1953 ൽ ബോംബെ സിനിമക്കാരുടെ ഇട യിൽ ആദ്യമായി കാലുകുത്തിയ അപരിചി തനായ ആ യുവാവിനെ ഭാഗ്യം തുണച്ചു. അന്നത്തെ പ്രഗത്ഭ സംവിധായകരായ മെഹ ബൂബ് ഖാൻ, ബിമൽ റോയ്, ഋഷികേശ് മുഖർജി എന്നിവരുടെ കൂടെ സംവിധാന സഹായിയായി പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചു. എങ്കിലും അദ്ദേ ഹത്തിന്റെ ചിന്തകൾ വെറും സംവിധാനക ലയിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. സിനിമാ സൃഷ്ടികൾ പലതും പിറന്നുവീണ് ചുരുങ്ങിയകാലം കൊണ്ട് നശിച്ചുകൊണ്ടി രുന്ന കാലമായിരുന്നു അത്. ശരിയായ ക്രമീ കരണങ്ങളോടെ സൂക്ഷിച്ചില്ലെങ്കിൽ സെല്ലു ലോയിഡുകളിൽ അടങ്ങിയിട്ടുള്ള രാസപ ദാർഥങ്ങൾ പ്രിന്റുകളെ നശിപ്പിച്ചിരുന്നു. സിനിമാ സൃഷ്ടികളെ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സാങ്കേതികവിദ്യ എങ്ങനെ നടപ്പാക്കാം? ഈ ചിന്ത അദ്ദേഹത്തിൽ കട ന്നുകൂടിയപ്പോൾ സംവിധാനരംഗത്തെ തിള ക്കമേറിയ ഭാവിയെ അദ്ദേഹം തിരസ്കരിച്ചു. സിനിമ ആർക്കൈവ്സിനായുള്ള സാങ്കേതി കവിദ്യ ഇന്ത്യയിൽ വികസിച്ചിട്ടില്ലാതിരുന്ന തിനാൽ മഹത്തായ പല ഇന്ത്യൻ ക്ലാസിക് സിനിമകളും ടെക്നോളജിയുടെ അഭാവ ത്താൽ ജീർണിച്ച് ചവറ്റുകൊട്ടകളിൽ വലി ച്ചെറിയപ്പെട്ടിരുന്നു.

1961 ൽ പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ (എഫ്.ടി.ഐ.ഐ.) റിസർച്ച് അസിസ്റ്റന്റായി പി.കെ നായർ ജോലിയിൽ പ്രവേശിച്ചു. ആ വേദി അദ്ദേഹം ഉപയുക്തമാക്കി. പരമാവധി നിർമാതാക്കളെ കണ്ടുപിടിക്കുക, അവരു മായി ചർച്ച ചെയ്യുക, നശിച്ചുപോയതും നശി ക്കാത്തതുമായ ഫിലിം പ്രിന്റുകളും റീൽ കഷ്ണങ്ങളും കരസ്ഥമാക്കുക, രാവും പകലും ഒരു യോഗിയെപ്പോലെ ഏകാന്ത നായി റീലുകൾ ഒട്ടിക്കുക, അത് സ്വയം കാണുകയും അതിനെക്കുറിച്ചുള്ള കുറിപ്പു കൾ തയാറാക്കുക, അതിന്റെ വർഗീകരണം നടത്തുക, പെട്ടികളിലാക്കി സൂക്ഷിക്കുക എന്നീ പ്രവർത്തനങ്ങൾക്കൊപ്പം ഓരോ സിനിമയുടെയും നാളും നക്ഷത്രവും മറ്റ് അത്യാവശ്യ രേഖകളും ഉണ്ടാക്കി ക്രമീകരിച്ച് 'ഇന്ത്യൻ ഫിലിം ആർക്കൈവ്സ്' എന്ന സങ്കൽപ്പത്തിന്റെ വിത്തുകൾ എഫ്.ടി.ഐ. ഐയിൽ തന്നെ മുളപ്പിക്കുകയായിരുന്നു പി. കെ. നായർ. മറ്റൊരു ശ്രമകരമായ ജോലി, ഇങ്ങനെ പുനരുജ്ജീവിക്കപ്പെട്ട സൃഷ്ടിക ളുടെ ജനയിതാക്കളെയും അവകാശികളെയും തേടിയുള്ള അനന്തയാത്രകളാണ്. ഊരും പേരും അറിയാത്ത നാടുകളിലും നഗരങ്ങ ളിലും കർമയോഗിയെപ്പോലെ യാത്രചെയ്തു നീങ്ങുന്ന ഒരു സിനിമാ സ്നേഹിയുടെ ചിത്രം നമ്മുടെ ചിന്തയ്ക്കു വിധേയമാകേ ണ്ടതാണ്.

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ, ഫിലിം ആസ്വാ ദന ക്ലാസ്സുകൾ തുടങ്ങുന്നതിനും അതിന്റെ നടത്തിപ്പിനുംവേണ്ടിയുള്ള കാര്യങ്ങളിലും അദ്ദേഹം വ്യാപൃതനായി. നല്ല സിനിമകൾ നിർമിക്കുന്നതുപോലെ, നല്ല ആസ്വാദകരെ വാർത്തെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം വിശ്വ സിച്ചിരുന്നു. അതോടൊപ്പം ലോക ക്ലാസിക് സിനിമകളും അവയുടെ ചരിത്രങ്ങളും തന്റെ ശേഖരണങ്ങളിലുണ്ടാകണമെന്ന് അതിയായി മോഹിച്ചു. യു.കെ. യു.എസ്.എ., ഫ്രാൻസ്, ഇറ്റലി, യു.എസ്.എസ്.ആർ., പോളണ്ട് എന്നി വിടങ്ങളിലുള്ള ക്യൂറേറ്റർമാരുമായി അദ്ദേഹം വിനിമയം നടത്തിയെങ്കിലും ഇന്ത്യയ്ക്ക് സ്വന്തമായി ഒരു ആർക്കൈവ് ഇല്ലെന്ന കാര ണത്താൽ നിരസിക്കുകയായിരുന്നു. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയ്ക്ക് സ്വന്തമായി ഫിലിം ആർക്കൈവ് ഉണ്ടാക്കണമെന്ന പി.കെ. നായരുടെ അഭ്യർഥന കേന്ദ്ര സർക്കാർ അംഗീകരിച്ചു.

## ആർക്കൈവ്സിന്റെ അധിപൻ

1964 ൽ നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനം കേന്ദ്ര സർക്കാ രിന്റെ നേതൃത്വത്തിൽ രൂപംകൊണ്ടപ്പോൾ പി.കെ. നായരുടെ മോഹങ്ങളും പൂവണിഞ്ഞു. 1965 ൽ അദ്ദേഹം എൻ.എഫ്.എ.ഐയിൽ അസിസ്റ്റന്റ് ക്യൂറേറ്ററായി ജോലിയിൽ പ്രവേ ശിച്ചു. തന്റെ സപര്യ സധൈര്യം തുടരാനുള്ള വഴി തുറന്നുകിട്ടിയതിനാൽ പിന്നെ തിരിഞ്ഞു



**പൂണെയിലെ നാഷണൽ ഫിലിം ആർക്കൈവ്സ്**

നോക്കേണ്ടിവന്നിട്ടില്ല. 18 വർഷം കഴിഞ്ഞ് പി.കെ.നായർ ആ സ്ഥാപനത്തിന്റെ ഡയറക്ടർ ആയ ശേഷമുള്ള മൂന്നു ദശാബ്ദങ്ങൾ ഇന്ത്യൻ ഫിലിം ആർക്കൈവ്സിന്റെ സുവർണ കാലമായിരുന്നു. നിഴലും വെളിച്ചവും ഇഴചേർന്നു നീങ്ങുന്ന സെല്ലുലോയിഡിനുള്ളിൽ ജീവസ്സുറ്റ കഥകളും കഥാപാത്രങ്ങളും ജീർണിച്ച് നാശം നേരിടുന്ന അവസരത്തിൽ പുനരുജ്ജീവനത്തിന്റെ മഹാമന്ത്രമുരുവിട്ട്, അടർന്നുപോയ അഭ്രപാളികളെ അതിസാഹസത്തോടെ ഒട്ടിച്ചേർത്ത്, നിറമുള്ള ചിറകുകൾ വെച്ചുപിടിപ്പിച്ച്, നീലാകാശത്തിന്റെ വിശാലതയിലേക്കു പറന്നുയർന്ന ആ വെള്ളരിപ്രാവുകൾ തിരിച്ചെത്തിയത്, വിശ്വസിനിമയുടെ ഉദാത്ത സന്ദേശങ്ങളുമായാണ്. വിശ്വോത്തരങ്ങളായ ലോക ക്ലാസിക് ചിത്രങ്ങളും ഇന്ത്യൻ ചിത്രങ്ങളും വാങ്ങിക്കൂട്ടി പത്തായത്തിലെ നെല്ലുപോലെ ആർക്കൈവ്സിനെ അദ്ദേഹം സമ്പുഷ്ടമാക്കി. ബർഗ്മാൻ, അകിര കുറോസോവ, മിഖിലോ ജാങ്സോ, സനൂസ്സി, ഡിസീക്ക, ഫെല്ലിനി എന്നിവരുടെ ലോക ക്ലാസിക് ചിത്രങ്ങളുടെ പ്രിന്റുകൾ, ഇന്ത്യൻ ചിത്രങ്ങളുടെ പരമ്പരയിൽ ദാദാസാഹിബ് ഫിലിംസ്, ന്യൂ തിയേറ്റർ, ബോംബെ ടാക്കീസ്, മൂവിടോൺ, വാഡിയോ മൂവീടോൺ, ജെമിനി സ്റ്റുഡിയോ. എ.വി.എം. പ്രൊഡക്ഷൻസ് എന്നീ കമ്പനികളുടെ ചിത്രങ്ങളും ശേഖരിച്ചിരുന്നു. ഫാൽക്കെയുടെ *രാജാഹരിശ്ചന്ദ്ര*യും *കാളിയമർദന*വും ബോംബെ ടാക്കീസിന്റെ *ജീവൻ നയ്യാ, ബന്ധൻ, കങ്കൺ, അച്യുത് കന്യ, കിസ്മത്ത്,* ഉദയ് ശങ്കറിന്റെ *കല്പന*യും എസ്.എസ്. വാസന്റെ *ചന്ദ്രലേഖ*യും ഇതിലുൾപ്പെടുന്നു. ഇന്ത്യൻ ചലച്ചിത്രകാരന്മാരായ വി. ശാന്താറാം, ഗുരുദത്ത്, രാജ്കപൂർ, സത്യജിത് റേ, ഋത്വിക് ഘട്ടക്ക്, മൃണാൾ സെൻ എന്നിവരുടെ ചിത്രങ്ങളും ഈ മഹാശേഖരത്തിലുണ്ട്. പക്ഷെ ഇത്രയും ചിത്രങ്ങൾ വാരിക്കൂട്ടിയിട്ടും 1913 ൽ നിർമിച്ച ഇന്ത്യയിലെ ആദ്യത്തെ ടാക്കീസ് ആയ *ആലം ആര*യുടെ പതിപ്പുകൾ ലഭിക്കാതെ വന്നതിൽ പി.കെ. നായർ ഇന്നും ദുഃഖിതനാണ്.

1950 ന് മുമ്പ് നിർമിച്ച 70 ശതമാനത്തോളം ചിത്രങ്ങൾ പൂർണമായും നശിക്കുകയോ, അപ്രത്യക്ഷമാകുകയോ ചെയ്തിട്ടുണ്ട്. പുരാണ, വീരേതിഹാസചിത്രങ്ങൾ ഏറെയും നിർമിച്ചിരുന്ന ആ കാലത്തെ ഈ ഗണത്തിൽപെട്ട ഒരുചിത്രം പോലും ആർക്കൈവ്സിൽ ലഭിച്ചിട്ടില്ല. 36 വർഷം കൊണ്ട് നിർമിച്ച 1700 ഓളം നിശബ്ദചിത്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. അവയിൽ കേവലം ഒൻപതു ചിത്രങ്ങളാണ് പൂർണാവസ്ഥയിൽ ലഭിച്ചിട്ടുള്ളത്. സിനിമ നിർമാതാക്കളുടെയും വിതരണക്കാരുടെയും ഇടയിൽ ഫിലിം ആർക്കൈവ്സിനെക്കുറിച്ചുള്ള അജ്ഞതയും അവബോധക്കുറവും നിമിത്തമാണ് വിലപിടിപ്പുള്ള പല ചിത്രങ്ങളും നശിക്കാനിടയാക്കിയത്. ബോംബെയിലെ ചോർബസാറിൽ നിന്നുപോലും ചില സിനിമകൾ കണ്ടെടുക്കേണ്ടിവന്നിട്ടുണ്ട്. ചൂടുള്ള കാലാവസ്ഥ ഫിലിം പ്രിന്റുകൾക്കു ദോഷം ചെയ്യുന്നു. ശരിയായ രീതിയിൽ ശീതീകരണവും സാങ്കേതികവിധിപ്രകാരമുള്ള ക്രമീകരണങ്ങളോടുംകൂടി പ്രിന്റുകൾ സൂക്ഷിച്ചില്ലെങ്കിൽ അപകടങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. സെല്ലുലോയ്ഡ് പ്രിന്റുകളിലെ നൈട്രേറ്റ് സാന്നിധ്യം എളുപ്പം തീപിടിക്കാൻ സാധ്യതയുണ്ട്. ഇതിലെ സിൽവൽ നൈട്രേറ്റുകൾക്കു വിപണിയിൽ വെള്ളിയുടെ വില ലഭിച്ചിരുന്നതിനാൽ പലരും ചാക്കുകണക്കിന് റീലുകൾ തൂക്കിവിറ്റുകൊണ്ടിരുന്നു. 'ആലം ആര' എന്ന സിനിമയുടെ റീലുകൾ, നിർമാതാവായ അർദേശിർ ഇറാനി അറിയാതെ വീട്ടുകാർ തുക്കിവിൽക്കുകയുണ്ടായി. സിനിമ നശിക്കുന്ന ഒരു കച്ചവടച്ചരക്കുമാത്രമാണെന്നു വിശ്വസിച്ചിരുന്ന യാഥാസ്ഥിതികരായ പല സിനിമാക്കാരും മുടക്കിയ മുതൽ കുറച്ചെങ്കിലും തിരിച്ചുകിട്ടിയാൽ ശേഷം പ്രിന്റുകളെ ഉപേക്ഷിക്കുകയായിരുന്നു പതിവ്. വീടുകളിൽ സൂക്ഷിച്ചാൽ തീ പിടിക്കുമെന്നുള്ള ഭയം നിമിത്തം ആരും മിനക്കെടാറുമില്ലായിരുന്നു.

ഇന്ത്യൻ ചലച്ചിത്രകാരന്മാരായ വി. ശാന്താറാം, ഗുരുദത്ത്, രാജ്കപൂർ, സത്യജിത് റേ, ഋത്വിക് ഘട്ടക്ക്, മൃണാൾ സെൻ എന്നിവരുടെ ചിത്രങ്ങളും ഈ മഹാശേഖരത്തിലുണ്ട്. പക്ഷെ ഇത്രയും ചിത്രങ്ങൾ വാരിക്കൂട്ടിയിട്ടും 1913 ൽ നിർമിച്ച ഇന്ത്യയിലെ ആദ്യത്തെ ടാക്കീസ് ആയ *ആലം ആര*യുടെ പതിപ്പുകൾ ലഭിക്കാതെവന്നതിൽ പി.കെ. നായർ ഇന്നും ദുഃഖിതനാണ്.

## മലയാള സിനിമയ്ക്ക് പ്രോത്സാഹനം

മലയാള സിനിമയ്ക്ക് നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയിൽ മഹത്തായ സ്ഥാനം നൽകിയതു പി.കെ. നായർ മാത്രമാണ്. നിശബ്ദ ചിത്രങ്ങളായ മാർത്താണ്ഡവർമ തുടങ്ങി അനേകം സിനിമകളുടെ റീലുകൾ കണ്ടുപിടിച്ച് ആർക്കൈവ്സിന്റെ കലവറയിൽ എത്തിച്ചതിന്റെ ക്രെഡിറ്റ് ആ ഒരാൾക്കുമാത്രം അർഹതപ്പെട്ടതാണ്. അന്യഭാഷാ സാങ്കേതികവിദ്ഗ്ധരുടെയും സംവിധായകന്റെയും നിർമാതാക്കളുടെയും താളത്തിനൊപ്പിച്ച് തുള്ളിക്കൊണ്ടിരുന്ന മലയാള സിനിമയ്ക്കു പുതിയ ദിശാബോധം ഉണ്ടാക്കി, പുരോഗമനത്തിന്റെ പാതയിലേക്കു നയിച്ചത് ആർക്കൈവ്സ് പ്രസ്ഥാനം ഉടലെടുത്തതുകൊണ്ടുമാത്രമാണ്. 1954 ൽ ദേശീയ പുരസ്കാരം നിലവിൽ വന്നത് ഭാഷാചിത്രങ്ങൾക്കും പുതിയ ഉണർവുണ്ടാക്കി. അവാർഡ് ലഭിക്കുന്ന എല്ലാത്തരം ചിത്രങ്ങളുടെയും ഒരു പ്രിന്റ്, നിർമാതാവ് ആർക്കൈവ്സിൽ നിക്ഷേപിക്കണമെന്ന നിയമം ഉണ്ടാക്കി. പി. ഭാസ്കരൻ മാസ്റ്ററുടെ *നീലക്കുയിൽ* 1954 ൽ ആദ്യമായി പ്രസിഡന്റിന്റെ വെള്ളി മെഡൽ നേടി. *ഇരുട്ടിന്റെ ആത്മാവ്* (1966), *അന്വേഷിച്ചു കണ്ടെത്തിയില്ല* (1969), *ചെമ്മീൻ* (1965) തുടങ്ങിയ പ്രശസ്ത ചിത്രങ്ങളെല്ലാം ആർക്കൈവ്സിൽ ഇടം നേടി.

ദേശീയ അവാർഡുകൾക്കു പുറമെ 1969 ൽ സംസ്ഥാന അവാർഡും നിലവിൽ വന്നപ്പോൾ മലയാള സിനിമാ നിർമാണത്തിനും ആസ്വാദനത്തിനും ഗണ്യമായ മാറ്റങ്ങളുണ്ടായി. 1960 ൽ തുടങ്ങിയ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ യുവാക്കളിൽ പുതിയൊരു സിനിമാ സംസ്കാരം ഉണർത്തി. കേരളത്തിലൂടനീളം ഫിലിം സൊസൈറ്റികളുടെ ചർച്ചകളിലും ഫിലിം ഫെസ്റ്റിവലുകളിലും തന്റെ ക്ലാസിക് ഫിലിം ശേഖരവുമായി പി.കെ. നായർ നേരിട്ടും ഇടപെട്ടിരുന്നു. വെറും സ്ഥിതിവിവരക്കണക്കുകളിലൊതുങ്ങിക്കൂടാതെ, മലയാള സിനിമയ്ക്കു സ്വന്തമായി ഒരു ചരിത്രവും വിശ്വസിനിമയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ഉണ്ടാക്കിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മലയാളത്തിലെ പല പ്രതിഭകളും പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം നേടുകയും അന്താരാഷ്ട്രപ്രശസ്തിയുള്ള ചലച്ചിത്രകാരന്മാരായി മാറുകയും ചെയ്തു. ഏതു പാതിരാത്രിയിലും സിനിമ കാണണമെന്നു തോന്നിയാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികൾക്കായി പി.കെ. നായരുടെ മുറിയുടെ വാതിലുകൾ തുറന്നുകൊടുക്കുമായിരുന്നു. ശേഖരിച്ച ചിത്രങ്ങൾ ആർക്കൈവ്സിൽ മാത്രം സൂക്ഷിക്കാതെ അവ എഫ്.ടി.ഐ.ഐയിലെ വിദ്യാർഥികൾക്കും ഫിലിം സൊസൈറ്റികൾക്കും പൊതുജനങ്ങൾക്കും വേണ്ടി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. 1963ൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച സിനിമ ആസ്വാദനകോഴ്സ് ശരാശരി ആസ്വാദകർക്കിടയിൽ സിനിമയുടെ വ്യാകരണം വ്യക്തമാക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്. വിനോദചിത്രങ്ങളെയും പുരാണ ചിത്രങ്ങളെയും വഴിതിരിച്ച്, പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി തിരിച്ചുവിട്ടത് പി.കെ. നായർ നിമിത്തമാണ്.



രാജാഹരിശ്ചന്ദ്ര

1993 ൽ പി.കെ. നായർ സർവീസിൽ നിന്നും ഡയറക്ടറായി വിരമിക്കുമ്പോൾ അതിന്റെ ശേഖരത്തിൽ 12000 ത്തോളം സിനിമകൾ സൂക്ഷിക്കപ്പെട്ടിരുന്നു. അവയിൽ 8000 ത്തോളം ഇന്ത്യൻ ചിത്രങ്ങളാണെന്നതിൽ ചാരിതാർഥ്യമുണ്ട്. സിനിമ സംബന്ധിച്ച് ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യനിഘണ്ടുകളിൽ ലോകപ്രശസ്തനാണ്, ചലച്ചിത്രപണ്ഡിതനും ഗ്രന്ഥകാരനുമായ പി.കെ. നായർ. അധികാരഭ്രമമോ, അംഗീകാരത്തിന്റെ മുദ്രയോ ഇല്ലാതെ ഈ 80 ാം വയസ്സിലും എല്ലാ ഫിലിം ഫെസ്റ്റിവലുകളിലും ഫിലിം സൊസൈറ്റികളുടെ ചർച്ചകളിലും അധ്യാപകനായും ആസ്വാദകനായും അദ്ദേഹം പ്രത്യക്ഷപ്പെടുന്നു.

2012 ൽ അദ്ദേഹത്തിന്റെ ശിഷ്യൻ ഉത്തരേന്ത്യക്കാരനായ ശിവേന്ദ്രസിങ് ഡങ്കാർപൂർ നിർമിച്ച *സെല്ലുലോയ്ഡ് മാൻ* എന്ന ഡോക്യുമെന്ററി 40 ഓളം ലോക ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ച് അവാർഡുകൾ കരസ്ഥമാക്കി. 2008 ൽ സത്യജിത് റേ മെമ്മോറിയൽ അവാർഡും 2013 ജൂലൈ ഏഴിന് ലണ്ടനിലെ ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ സൗത്ത് ഏഷ്യൻ സിനിമാ ഫൗണ്ടേഷൻ അവാർഡും അദ്ദേഹത്തിന് ലഭിച്ച അംഗീകാരങ്ങളുടെ അടയാളമായി. ഇന്ത്യൻ സർക്കാരിന്റെ പരമോന്നത സിനിമാപുരസ്കാരം ഉൾപ്പെടെ പലതും ഇനിയും ഈ വന്ദ്യവയോധികന് ലഭിച്ചിട്ടില്ല. ആ അപൂർണതയിലും അദ്ദേഹത്തിന് പരിഭവങ്ങളൊന്നും കാണാൻ വഴിയില്ല.കാരണം അടർത്തിയാലും അടരാത്ത ആത്മാംശം അലിഞ്ഞുചേർന്ന ആർക്കൈവ്സ് എന്ന ഇന്ത്യൻ സിനിമയുടെ മഹാക്ഷേത്രം തന്നെയാണ് തന്റെ ഏറ്റവും വലിയ സംതൃപ്തി എന്ന് അദ്ദേഹത്തിനറിയാം. അന്ന് ദാദാസാഹിബിന്റെ ഭാര്യ മന്ദാകിനി ഫാൽക്കെയും ചെറുമകനും കൂടി കൈമാറിയ ഉപേക്ഷിക്കപ്പെട്ട ഫിലിം പെട്ടികൾ പി.കെ.നായർ എന്ന ചലച്ചിത്ര ചരിത്രകാരന്റെ കൈയിൽ എത്തിയിരുന്നില്ലെങ്കിൽ, അതുൾപ്പെടെ നൂറുകണക്കിന് സിനിമകൾ പിൽക്കാല തലമുറയ്ക്കുവേണ്ടി കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കണമെന്നു അദ്ദേഹം കരുതിയിരുന്നില്ലെങ്കിൽ പരമദരിദ്രമായേനെ ഇന്ത്യൻ സിനിമാചരിത്രം. കാലത്തിന്റെ മുന്നിൽ സഞ്ചരിച്ച സിനിമകളുടെ കാവൽക്കാരനായ പി.കെ. നായർക്ക് നന്ദിപറയേണ്ടത് ഇന്നത്തെ തലമുറയാണ്. ■

കേരളത്തിലൂടനീളം ഫിലിം സൊസൈറ്റികളുടെ ചർച്ചകളിലും ഫിലിം ഫെസ്റ്റിവലുകളിലും തന്റെ ക്ലാസിക് ഫിലിം ശേഖരവുമായി പി.കെ. നായർ നേരിട്ടും ഇടപെട്ടിരുന്നു. വെറും സ്ഥിതിവിവരക്കണക്കുകളിലൊതുങ്ങിക്കൂടാതെ, മലയാള സിനിമയ്ക്കു സ്വന്തമായി ഒരു ചരിത്രവും വിശ്വസിനിമയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ഉണ്ടാക്കിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു

■ ഡോ. അജികുമാരി ടി.

# കേരള പഠനസൂചികയുടെ മൂന്നു ദശാബ്ദങ്ങൾ

**കേരളപഠന ഗവേഷകരുടെ പ്രധാന വിജ്ഞാനസ്രോതസ്സാണ് കേരളസർവകലാശാല പ്രസിദ്ധീകരണമായ 'കേരള ഇൻഡെക്സ്'**

കേരളത്തിലെ മാതൃസർവകലാശാലയായ കേരളസർവകലാശാലയും, സർവകലാശാലാ ലൈബ്രറിയും നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസത്തിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 1937-ൽ തിരുവിതാംകൂർ സർവകലാശാല ആരംഭിച്ചുവെങ്കിലും 1942 ലാണ് തിരുവിതാംകൂർ സർവകലാശാലാ ലൈബ്രറി നിലവിൽ വന്നത്. 29,780 പുസ്തകങ്ങളുമായി ഗവ. ആർട്ട്സ് കോളേജ് അങ്കണത്തിൽ പ്രവർത്തനം ആരംഭിച്ച സർവകലാശാലാ ലൈബ്രറി, കേരളസംസ്ഥാന രൂപീകരണത്തിനുശേഷം 1962 ലാണ് പാളയത്ത് ഇന്നു കാണുന്ന കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയത്.

കേരളസർവകലാശാലയിലെ പ്രധാനപ്പെട്ട ഗവേഷണകേന്ദ്രം കൂടിയാണ് ഈ ലൈബ്രറി. ലൈബ്രറിയിലെ സാധാരണരീതിയിലുള്ള പ്രവർത്തനങ്ങൾക്കു പുറമെ ഗവേഷണപഠനത്തിനാധാരമായ വിവരങ്ങൾ സമാഹരിച്ച് വിദ്യാർഥികൾക്കു നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് 'കേരള പഠനസൂചിക' എന്ന ആശയം ഉടലെടുക്കുന്നത്. പ്രസിദ്ധീകരണങ്ങളുടെ വർധനയിൽ അനുദിനം മുന്നേറ്റമുണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന വിജ്ഞാനത്തെ സമാഹരിച്ച് ഒരു ശീർഷകത്തിലാക്കി, പഠിതാക്കൾക്ക് വളരെ വേഗത്തിലും അനായാസമായും അവർക്കാവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള വഴിയൊരുക്കുകയെന്നതാണ് 'കേരള ഇൻഡെക്സ്' കൊണ്ടുദ്ദേശിക്കുന്നത്.

കേരളപഠനത്തെ സംബന്ധിച്ചുള്ള ലേഖനങ്ങൾ



ഇൻഡെക്സ് ചെയ്ത് ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നതിനായിട്ടാണ് 1984 ൽ "ഡോക്യുമെന്റേഷൻ ആൻഡ് ഇൻഫർമേഷൻ സർവീസ് സെക്ഷൻ" എന്ന വിഭാഗം സർവകലാശാലാ ലൈബ്രറിയിൽ ആരംഭിച്ചത്. ലൈബ്രറിയിൽ ലഭ്യമാകുന്ന, തിരഞ്ഞെടുത്ത പ്രസിദ്ധീകരണങ്ങളിലും ദിനപത്രങ്ങളിലും നിന്നുള്ള, കേരളപഠനത്തെ സംബന്ധിച്ചുള്ള ലേഖനങ്ങളുടെ സൂചികകൾ ഉൾക്കൊള്ളുന്ന 'കേരള ഇൻഡെക്സി'ന്റെ നിശ്ചിത ഇടവേളകളിലുള്ള പ്രസിദ്ധീകരണം, വിവിധ വിഷയങ്ങൾ, വിവിധ വ്യക്തികൾ എന്നിവരെക്കുറിച്ചുള്ള ഗ്രന്ഥസൂചികളുടെ പ്രസിദ്ധീകരണം, പുസ്തകപ്രദർശനങ്ങൾ എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. ഗ്രന്ഥസൂചി നിർമാണം, പുസ്തകപ്രദർശനങ്ങൾ എന്നിവ ആവശ്യാനുസരണവും സാന്ദർഭികമായും നടത്തുന്ന പ്രവർത്തനങ്ങളാണെങ്കിലും 'കേരള ഇൻഡെക്സ്' തയാറാക്കൽ ദൈനംദിന പ്രവർത്തനത്തിന്റെ പരിധിയിലാണ് വരുന്നത്.

## മലയാളം, ഇംഗ്ലീഷ് സൂചികകൾ

മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള ഗവേഷണമൂല്യമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളുമാണ് 'കേരള ഇൻഡെക്സി'നായി ഉപയോഗിക്കുന്നത്. കേരളത്തിന്റെ ചരിത്രം, സംസ്കാരം, സാമ്പത്തികം, രാഷ്ട്രീയം, സാഹിത്യം, വിദ്യാഭ്യാസം, ശാസ്ത്രം, ഭാഷ തുടങ്ങി നിരവധി വിഷയങ്ങൾ ഈ സൂചികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളഭാഷയിലുള്ള 30 ഓളം ആനുകാലികങ്ങൾ, മൂന്നു ദിനപത്രങ്ങൾ, ഇംഗ്ലീഷ് ഭാഷയിലുള്ള പത്തോളം ആനുകാലികങ്ങൾ, രണ്ടു ദിനപത്രങ്ങൾ എന്നിവയാണ് ഇൻഡെക്സ് ചെയ്യുന്നത്.

മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള ഗവേഷണമൂല്യമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളുമാണ് 'കേരള ഇൻഡെക്സി'നായി ഉപയോഗിക്കുന്നത്. കേരളത്തിന്റെ ചരിത്രം, സംസ്കാരം, സാമ്പത്തികം, രാഷ്ട്രീയം, സാഹിത്യം, വിദ്യാഭ്യാസം, ശാസ്ത്രം, ഭാഷ തുടങ്ങി നിരവധി വിഷയങ്ങൾ ഈ സൂചികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു

ജനുവരി-മാർച്ച്, ഏപ്രിൽ-ജൂൺ, ജൂലൈ-സെപ്റ്റംബർ, ഒക്ടോബർ-ഡിസംബർ എന്നിങ്ങനെ നാലു ലക്കങ്ങൾ ഒരു വർഷം പ്രസിദ്ധീകരിക്കുന്നതിനായിട്ടാണ് 'കേരള ഇൻഡെക്സി'ന്റെ പ്രസിദ്ധീകരണ കാലാവധി നിജപ്പെടുത്തിയിരിക്കുന്നത്. സാങ്കേതിക കാരണങ്ങളാൽ ചില വർഷങ്ങളിലെ എല്ലാ ലക്കങ്ങളും ചേർത്ത് ഒരൊറ്റ വാല്യമായും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1984 മുതലാണ് ഈ സൂചികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. പുസ്തകരൂപത്തിൽ രൂപകല്പന ചെയ്തിട്ടുള്ള കേരള ഇൻഡെക്സിന്റെ ആദ്യഭാഗത്തിൽ മലയാളം സൂചികയും രണ്ടാം ഭാഗത്തിൽ ഇംഗ്ലീഷ് സൂചികയും മൂന്നാം ഭാഗത്തിൽ പൊതുസൂചികയും നൽകിയിരിക്കുന്നു. ഓരോ വിഭാഗത്തിന്റെയും വിഷയക്രമവും പേജുനമ്പറുകളും 'ഉള്ളടക്ക'മായി പുസ്തകത്തിന്റെ ആദ്യപുറത്തുതന്നെ കൊടുത്തിരിക്കുന്നു. സൂചികയിൽ ഉപയോഗിച്ച ചുരുക്കെഴുത്തുകളും, ഉൾപ്പെടുത്തിയ ആനുകാലികങ്ങളെക്കുറിച്ചുള്ള വിവരങ്ങളുമാണ് അടുത്ത പേജിൽ നൽകിയിരിക്കുന്നത്.

'കേരള ഇൻഡെക്സി'ലെ ഓരോ സൂചികയും ഒന്നു മുതൽ തുടർച്ചയായി വരുന്ന ക്രമനമ്പർ പ്രകാരം ചിട്ടപ്പെടുത്തിയിരിക്കുന്നു. വിഷയശീർഷകങ്ങളുടെ അടിയിൽ ലേഖന കർത്താക്കളുടെ പേരിന്റെ അകാരാദി ക്രമത്തിലാണ് സൂചികകൾ അച്ചടിച്ചിട്ടുള്ളത്. ഓരോ സൂചികയിലും താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ടായിരിക്കും. ലേഖനകർത്താവിന്റെ പേര്, ലേഖനത്തിന്റെ തലക്കെട്ട്, ലേഖനം പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ/പത്രത്തിന്റെ പേര്, വാല്യം, ലക്കം എന്നിവയുടെ നമ്പർ, വർഷം, മാസം, തീയതി, ലേഖനം ആരംഭിക്കുന്ന പുറത്തിന്റെ നമ്പർ എന്നിവയും ലേഖനത്തിൽ പരാമർശിക്കുന്ന വിഷയം/വ്യക്തി/സംഭവം എന്നിവയെക്കുറിച്ചുള്ള ഒരു ചെറിയ അടിക്കുറിപ്പും ഉൾപ്പെടുത്തിയിരിക്കുന്നു.

ഉദാ:

17. ഗംഗാധരൻ (എം): എല്ലാ ശിഖരങ്ങളിലും പൂക്കളുള്ള മരം. മാതൃ. 89.27, 2011 സെപ്തംബർ 11, പു 8 (എം. ഗോവിന്ദന്റെ സർഗാത്മക ജീവിതത്തെ വിലയിരുത്തുന്നു)

ഇന്ത്യൻ ലൈബ്രറി സയൻസിന്റെ പിതാവെന്നു വിശേഷിപ്പിക്കുന്ന, ഡോ. എസ്.ആർ. രംഗനാഥൻ തയാറാക്കിയ 'കോളൻ ക്ലാസ്സിഫിക്കേഷൻ' എന്ന വർഗീകരണരീതിയാണ് 'കേരള ഇൻഡെക്സി'ൽ വിഷയങ്ങളുടെ വർഗീകരണത്തിന് അവലംബമാക്കിയിട്ടുള്ളത്. അതിനോടൊപ്പം ആനുകാലികങ്ങളിലും ദിനപത്രങ്ങളിലുമുള്ള ലേഖനങ്ങളുടെ പൊതു സ്വഭാവമനുസരിച്ചുള്ള വർഗീകരണം കൂടി സൂചികകൾ ക്രമപ്പെടുത്താൻ ഉപയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന് ഒരു പ്രത്യേക വിഷയത്തിന് ഊന്നൽ നൽകാത്തതും കേരള പഠനത്തെ സംബന്ധിക്കുന്നതുമായ ലേഖനങ്ങൾ, 'ലേഖനങ്ങൾ' എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജീവിച്ചിരിക്കുന്ന പ്രധാന വ്യക്തികളെക്കുറിച്ചുള്ളവ 'വ്യക്തിത്വം' എന്ന വിഭാഗത്തിലും, മൺമറഞ്ഞ പ്രതിഭകളെക്കുറിച്ചുള്ള സ്മരണകൾ 'ഓർമക്കുറി'പ്പെന്ന വിഭാഗത്തിലും അടുത്തിടെ അന്തരിച്ച വ്യക്തികളെക്കുറിച്ചുള്ള ലേഖനങ്ങൾ 'വ്യക്തിസ്മരണ' എന്ന വിഭാഗത്തിലും നൽകിയിരിക്കുന്നു. പ്രശസ്ത വ്യക്തികളുമായുള്ള കൂടിക്കാഴ്ചകളുടെ വിവരങ്ങൾ 'അഭിമുഖം' എന്ന തലക്കെട്ടിലാണ് നൽകിയിരിക്കുന്നത്. മേൽപ്പറഞ്ഞ സൂചികകളെല്ലാം പരാമർശവിധേയമാക്കുന്ന വ്യക്തികളുടെ പേരിന്റെ അകാരാദിക്രമത്തിലും അതിനു ചുവടെ ലേഖനകർത്താക്കളുടെ പേരിന്റെ അകാരാദിക്രമത്തിലുമാണ് നൽകിയിട്ടുള്ളത്.

## വിഷയാനുക്രമമായ തരംതിരിക്കൽ

പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൂചികകൾക്കുശേഷമാണ് ഗ്രന്ഥാലയ ശാസ്ത്രം മുതൽ നിയമം വരെയുള്ള വിഷയങ്ങളിലുള്ള ലേഖനങ്ങളുടെ സൂചികകൾ നൽകിയിരിക്കുന്നത്. ഓരോ വിഷയങ്ങളുടെയും ശീർഷകങ്ങൾ വലിയ അക്ഷരത്തിലും അവയുടെ ഉപ-ശീർഷകങ്ങൾ കുറച്ചുകൂടി ചെറിയ അക്ഷരത്തിലുമായി അച്ചടിച്ചിരി ക്കുന്നത് വായനക്കാരന്റെ 'തെരച്ചിൽ' അനായാസമാക്കാൻ കഴിയുന്നു. ഇവിടെയും ലേഖനകർത്താവിന്റെ പേരിന്റെ



അകാരാദിക്രമം തന്നെയാണ് പിന്തുടരുന്നത്. ഇവയ്ക്കു ശേഷമാണ് 'പുസ്തകാഭിപ്രായ'മെന്ന തലക്കെട്ടിൽ ആനുകാലികങ്ങളിലും പത്രങ്ങളിലും വരുന്ന പ്രധാന പുസ്തകനിരൂപണങ്ങളുടെ സൂചികകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇവയും വിഷയാധിഷ്ഠിതമായി തന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്. വിഷയങ്ങളുടെ ശീർഷകത്തിനു താഴെ നിരൂപകരുടെ പേരിന്റെ അകാരാദി ക്രമത്തിൽ സൂചികകൾ നൽകിയിരിക്കുന്നു.

'കേരള ഇൻഡെക്സി'ന്റെ രണ്ടാംഭാഗമായ ഇംഗ്ലീഷ് വിഭാഗത്തിലും വിഷയക്രമം മേൽ വിവരിച്ചതുപോലെയാണ്. വിഷയസൂചികകൾക്കുശേഷം 'ബുക്ക് റിവ്യൂ' ഇവിടെയും നൽകിയിട്ടുണ്ട്. ഇംഗ്ലീഷ് വിഭാഗത്തിനുശേഷം ഇൻഡെക്സിൽ സൂചിപ്പിക്കുന്ന വിഷയങ്ങൾ/വസ്തുതകൾ/വ്യക്തികൾ/രചയിതാക്കൾ എന്നിവയെക്കുറിച്ചുള്ള പൊതുവായ സൂചികകൾ നൽകിയിരിക്കുന്നു. അകാരാദിക്രമം പിന്തുടരുന്ന ഈ പൊതുസൂചികയിൽ അവ അടയാളപ്പെടുത്തുന്ന ക്രമനമ്പരുകൾ നൽകിയിരിക്കുന്നത് വിഷയങ്ങളുടെ വർഗീകരണത്തിൽ അവഗാഹമില്ലാത്ത വായനക്കാരന് വളരെ വേഗം ആവശ്യമുള്ള വസ്തുതകൾ ലഭ്യമാക്കാൻ സഹായിക്കുന്നു.

കേരളത്തെക്കുറിച്ചും മലയാളഭാഷ, സാഹിത്യം എന്നിവയെക്കുറിച്ചും സംബന്ധിച്ചു പഠനം നടത്തുന്ന ഗവേഷകരാണ് പ്രധാനമായും 'കേരള ഇൻഡെക്സി'ന്റെ ഉപയോക്താക്കൾ. ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ ഒരു ശീർഷകത്തിനു താഴെ ഒരുമിച്ചു ലഭ്യമാകുകയെന്നത് ഗവേഷകവിദ്യാർഥികൾക്കേറെ പ്രയോജനപ്രദമാണ്. പത്രപ്രവർത്തകരും ചലച്ചിത്രപ്രവർത്തകരും 'കേരള ഇൻഡെക്സ്' തങ്ങളുടെ സർഗാത്മക സൃഷ്ടികൾക്ക് അടിത്തറയിടാനുള്ള പ്രധാന വിഭവസ്രോതസ്സായി ഉപയോഗപ്പെടുത്തുന്നുണ്ട്.

കോഴിക്കോട്, കണ്ണൂർ, കാലടി, എം.ജി. എന്നീ സർവകലാശാലാ ലൈബ്രറികളിലും, തൃശൂർ സാഹിത്യ അക്കാദമി, തിരുവനന്തപുരം പബ്ലിക് ലൈബ്രറി, നിയമസഭാ ലൈബ്രറി, പി.ആർ.ഡി. വിഭാഗം, കേരള സർവകലാശാലയുടെ കാര്യവട്ടത്തെ ക്യാമ്പസ് ലൈബ്രറി, മലയാളം വകുപ്പ് ലൈബ്രറി, ഇന്റർനാഷണൽ സെന്റർ ഫോർ കേരള സ്റ്റഡീസ് ലൈബ്രറി എന്നിവിടങ്ങളിലെല്ലാം 'കേരള ഇൻഡെക്സ്' ലഭ്യമാണ്. അതുപോലെ സർവകലാശാലാ ലൈബ്രറിയിലെ പീരിയോഡിക്കൽ, റഫറൻസ്, കേരള റിസർച്ച് സെക്ഷൻ, റിസർച്ച് എന്നീ വിഭാഗങ്ങളിലും 'കേരള ഇൻഡെക്സ്' റഫറൻസിനു ലഭിക്കുന്നതാണ്. കേരളപഠനത്തിലും മലയാള സാഹിത്യത്തിലുമുള്ള ഗവേഷണത്തിന് അവലംബിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിജ്ഞാനസ്രോതസ്സായി 'കേരള ഇൻഡെക്സ്' മാറണമെന്നാണ് കേരള സർവകലാശാലാ ലൈബ്രറി ലക്ഷ്യമിടുന്നത്.

1984 മുതൽ നാളിതുവരെ പ്രസിദ്ധീകരിച്ച എല്ലാ 'കേരള ഇൻഡെക്സു'കളും ഡിജിറ്റൽ രൂപത്തിലാക്കാനും ഇന്റർനെറ്റിൽ അപ്‌ലോഡു ചെയ്യാനുമുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ സർവകലാശാലാ ലൈബ്രറിയിൽ ആരംഭിച്ചുകഴിഞ്ഞു. 2012 ഡിസംബർ മാസം വരെയുള്ള ഇൻഡെക്സുകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013 മുതലുള്ളവ ഡിജിറ്റൽ രൂപത്തിലും, പുസ്തകരൂപത്തിലും ഓൺലൈനിലും ഒരേസമയം ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സൂചികകളോടൊപ്പം ലേഖനങ്ങളുടെ പൂർണരൂപം കൂടി ഓൺലൈനിൽ ലഭ്യമാക്കാനുള്ള സംവിധാനവും ഇതിനോടൊപ്പമുണ്ട്.

## ഗ്രന്ഥസൂചികൾ

1973 ൽ തയാറാക്കിയ 'ആശാൻ ഗ്രന്ഥസൂചി' മുതൽ 2013 ൽ പുറത്തിറക്കിയ 'സുഗതകുമാരി: തിരഞ്ഞെടുത്ത ഗ്രന്ഥസൂചി' വരെ 20 ഓളം ഗ്രന്ഥസൂചികൾ സർവകലാശാലാ ലൈബ്രറിയുടെ ഡോക്യുമെന്റേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, സി.വി. രാമൻപിള്ള, അയ്യപ്പപ്പണിക്കർ, തകഴി, കെ.എം. ജോർജ്, പൊൻകുന്നം വർക്കി, ശൂരനാട്ടു കുഞ്ഞൻ പിള്ള, ബഷീർ, ഡോ. വി.എസ്. ശർമ്മ, സുഗതകുമാരി എന്നീ സാഹിത്യകാരന്മാരുടെ ഗ്രന്ഥസൂചികൾക്കു പുറമെ, Kerala: bibliography, Select Bibliography on Lexicography, Feminism and literature: a select bibliography, Women: a select bibliography, Information Sources in English Literature, a select bibliography, Kerala Assembly Election 1987: a select bibliography എന്നീ വിഷയാധിഷ്ഠിത ഗ്രന്ഥസൂചികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-ൽ സുഗതകുമാരി ടീച്ചറിനു സരസ്വതി സമ്മാൻ പുരസ്കാരം ലഭിച്ചവേളയിൽ നടത്തിയ പുസ്തകപ്രദർശനത്തോടനുബന്ധിച്ച് 'സുഗതകുമാരി: തിരഞ്ഞെടുത്ത ഗ്രന്ഥസൂചി' ടീച്ചറുടെ സാന്നിധ്യത്തിൽതന്നെ പ്രകാശിപ്പിക്കുവാൻ കഴിയുകയുണ്ടായി.

### കേരള ഇൻഡെക്സിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസിദ്ധീകരണങ്ങൾ

- മാതൃഭൂമി ആഴ്ചപ്പതിപ്പ്
- പച്ചക്കുതിര
- ഭാഷാപോഷിണി
- കലാകൗമുദി
- ദേശാഭിമാനി ആഴ്ചപ്പതിപ്പ്
- ഗ്രന്ഥാലോകം
- സമകാലിക മലയാളം
- മാധ്യമം ആഴ്ചപ്പതിപ്പ്
- വിജ്ഞാനകൈരളി
- ജനപഥം
- കവനകൗമുദി
- മലയാളം റിസർച്ച് ജേണൽ
- കേളി
- യോജന
- സാകേതം
- പടയാളി സമയം
- മാതൃഭൂമി ആരോഗ്യമാസിക
- സാഹിത്യവിമർശം
- സാഹിത്യകേരളം
- സാഹിത്യചക്രവാളം
- സാഹിത്യപോഷിണി
- പൊലി
- ധനം
- ഇന്ത്യ ടുഡെ
- മാതൃഭൂമി ദിനപ്പത്രം
- മലയാളമനോരമ ദിനപ്പത്രം
- കേരളകൗമുദി ദിനപ്പത്രം
- Kerala Calling
- Economics & Political Weekly
- The Week
- India Today
- Outlook
- Kurukshethra
- Main Stream
- Malayalam Literary Survey
- Yojana
- The Hindu
- Indian Express

## പുസ്തകപ്രദർശനങ്ങൾ

മലയാള സാഹിത്യ-സാംസ്കാരിക നായകന്മാർക്ക് ഉന്നതപുരസ്കാരങ്ങൾ ലഭിക്കുമ്പോൾ അവരെ അനുമോദിക്കുന്നതിനായി സർവകലാശാലാ ലൈബ്രറിയിൽ ലഭ്യമായിട്ടുള്ള പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയുൾപ്പെടുത്തി രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പുസ്തകപ്രദർശനം നടത്തിവരുന്നുണ്ട്. എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ്, എം.കെ. സാനു, സി. രാധാകൃഷ്ണൻ, സുഗതകുമാരി മുതലായവർക്ക് സാഹിത്യനഭസ്സിലെ വിവിധ പുരസ്കാരങ്ങൾ ലഭിച്ചപ്പോൾ അഭിനന്ദനസൂചകമായി നടത്തിയ പുസ്തകപ്രദർശനങ്ങൾ ഇതിനുദാഹരണമാണ്. മാധവിക്കുട്ടി, അയ്യപ്പപ്പണിക്കർ, കോവിലൻ, കാക്കനാടൻ, പി. ഗോവിന്ദപ്പിള്ള, സുകുമാർ അഴീക്കോട്, കെ.എം. ഗോവി എന്നിവരോടുള്ള ആദരസൂചകമായി നടത്തിയ പുസ്തകപ്രദർശനങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു. ടാഗോർ ജന്മശതാബ്ദി, എസ്.കെ. പൊറ്റക്കാട് ജന്മശതാബ്ദി, ലോക മലയാള സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ പ്രദർശനം, കേരള ഇൻഡെക്സ്, ബിബ്ലിയോഗ്രാഫി എന്നിവയുടെ പ്രദർശനം, മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ചപ്പോൾ നടത്തിയ പ്രദർശനം എന്നിവയും വിപുലമായ രീതിയിൽ നടത്താൻ സർവകലാശാലാ ലൈബ്രറിക്ക് കഴിഞ്ഞിട്ടുണ്ട്.

കേരളപഠനത്തിലും മലയാള സാഹിത്യ ഗവേഷണത്തിലും തത്പരരായ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും കേരള സർവകലാശാലാ ലൈബ്രറി നൽകുന്ന ഈ സേവനങ്ങൾ വളരെയേറെ പ്രയോജനപ്രദമാണ്. ■

അനുസ്മരണം

■ ഡോ. എൻ.പി. വിജയകൃഷ്ണൻ

**കഥകളിയിലെ ഇതിഹാസ സ്വരൂപമായിരുന്ന കലാമണ്ഡലം കൃഷ്ണൻനായരുടെ ജന്മശതാബ്ദി വർഷമാണിത്**

# യുഗപുരുഷൻ



കലാമണ്ഡലം കൃഷ്ണൻ നായർ

യുഗപുരുഷൻ എന്ന വിശേഷണം ആലങ്കാരികമായിട്ടല്ലാതെ അക്ഷരാർഥത്തിൽത്തന്നെ ചേരുന്ന കഥകളി നടനായിരുന്നു കലാമണ്ഡലം കൃഷ്ണൻ നായർ. ഈ വേഷക്കാരന് തന്റെകാലത്ത് ലഭിച്ച സ്വീകാര്യതയ്ക്കപ്പുറം ജനപ്രിയത്വമോ ആരാധകസമൂഹമോ പിൽക്കാല നടന്മാർക്ക് ലഭിച്ചിട്ടില്ല. തന്റെതായ ഒരു കാലം സൃഷ്ടിച്ച് അതിൽ അപരാജിതനായി വിലസിയെന്നതാണ് കൃഷ്ണൻ നായരുടെ കലാജീവിത നിർവചനം.

വടക്കേമലബാറിന്റെ സംസ്കാരപ്പെരുമയിലാണ് കൃഷ്ണൻ നായർക്ക് ഇടം. കണ്ണൂർ ജില്ലയിലെ ചെറുതാഴം പ്രദേശത്ത് 1914 മാർച്ച് 27 ന് കൃഷ്ണൻ നായർ ജനിച്ചു. പുതിയേടത്ത് കൃഷ്ണന്റെ ജനനത്തോടെ കഥകളിയുടെ ജാതകം മറ്റൊന്നാവുകയായിരുന്നു. നാട്യകലയ്ക്കായി ജനിക്കുകയും നാട്യകലയിൽ യദൃശ്ചയാ എത്തിച്ചേരുകയും ചെയ്യുന്നവരുണ്ട്. സാഹചര്യംകൊണ്ട് കലാകാരന്മാരായിത്തീർന്നവരുമുണ്ട്. കലാമണ്ഡലം കൃഷ്ണൻനായരുടെ ആകാരസ്വരൂപം കഥകളിക്ക് കൃത്യമായി ഇണങ്ങുന്നതായിരുന്നു. മുഖത്തേപ്പില്ലാതെയും തേച്ചാലും തുല്യലാവണ്യം. കഥകളിനടനെ സംബന്ധിച്ച് മുഖവും കണ്ണും ശരീരവും പ്രത്യേകം പ്രധാനമാണ്. മൂന്നും അളവറ്റ് അനുഗ്രഹിക്കപ്പെട്ടിരുന്നു കൃഷ്ണൻ നായർക്ക്. ജന്മനാ കഥകളിത്തമുള്ള ശരീരവും കലയോടുള്ള താത്പര്യവും കൃഷ്ണൻ നായരുടെ പഠനം എളുപ്പമാക്കി. പതിനാലാം വയസ്സിൽ വാരണക്കോട് കളിയോഗത്തിൽ ഗുരു ചന്തുപ്പണിക്കരുടെ കീഴിൽ അദ്ദേഹം കളിക്കു കച്ചകെട്ടി. കഥകളിയുടെ ആധുനികതയുടെ കച്ചയും മെഴുക്കുമാണ് ചന്തുപ്പണിക്കർ ശിഷ്യനു നൽകിയത്. ചന്തുപ്പണിക്കർ കൃഷ്ണനെന്ന കുട്ടിയെ അനുഗ്രഹിച്ചത് "നീ മോരിലെ വെള്ളംപോലെ കലാലോകത്ത് ഉയർന്നു നിൽക്കും" എന്നാണ്. ചന്തുപ്പണിക്കരെത്തുടർന്ന് തലശ്ശേരി കരുണാകരമേനോന്റെ കീഴിലും കൃഷ്ണൻ നായർ അഭ്യസിച്ചു. കല്ലടിക്കോട്, കപ്ലിങ്ങാടൻ കഥകളിച്ചിട്ടകളുടെ സമന്വയം ഉത്തരമലബാറിലെ കഥകളി സംസ്കാരത്തിൽ കാണാമായിരുന്നു.

കല്ലുവഴിച്ചിട്ടയുടെ പൂർണതയ്ക്കായി കൃഷ്ണൻ നായർ കലാമണ്ഡലത്തിലെത്തി. വള്ളത്തോൾ നാരായണമേനോൻ കൃഷ്ണൻ നായരിൽ കഥകളിയുടെ ഭദ്രമായ ഭാവി സ്വപ്നം കണ്ടു. പട്ടിക്കാംതൊടി രാമുണ്ണിമേനോന്റെയും ഗുരു കുഞ്ചുക്കുറുപ്പിന്റെയും കളരിയിൽ കൃഷ്ണൻ നായർ അഭ്യസിച്ചു. അപ്പോഴേക്കും അദ്ദേഹം 'പൂതന കൃഷ്ണ' നായി പേരെടുത്തുകഴിഞ്ഞിരുന്നു. പട്ടിക്കാംതൊടിയുടെ ചിട്ടയേക്കാൾ കുഞ്ചുക്കുറുപ്പിന്റെ നാടകീയവഴികളോടായിരുന്നു കൃഷ്ണൻ നായർക്ക് താത്പര്യം. 1933 ലാണ് അദ്ദേഹം കലാമണ്ഡലത്തിലെത്തുന്നത്. 1937 മുതൽ പുരുഷവേഷം കെട്ടിത്തുടങ്ങി. കൂടിയാട്ട പ്രഭു മാണി മാധവചാക്യാരിൽ നിന്ന് നേത്രാഭിനയസാധ്യതകൾ വശമാക്കിയ കൃഷ്ണൻ നായരുടെ കണ്ണുകൾ ഭാവപ്രകാശനത്തിന്റെ പുതിയ തലങ്ങളിലെത്തി. ഒന്നും രണ്ടും ദിവസങ്ങളിലെ നളൻ, രുഗ്മാംഗദൻ, രൗദ്രഭീമൻ, ദക്ഷൻ, ധർമപുത്രർ, വിശ്വാമിത്രൻ, ചുടലഹരിശ്ചന്ദ്രൻ, വിശ്വാമിത്രൻ തുടങ്ങിയ വേഷങ്ങളിൽ കൃഷ്ൻ നായർ ശ്രദ്ധേയനായി. 'കത്തി'യിലും അദ്ദേഹം തിളങ്ങി. ഏതു വേഷം കെട്ടിയാലുമുള്ള കെട്ടിക്കാഴ്ചയും ഭംഗിയും അഭിനയനിപുണതയും കൃഷ്ണൻ നായരെ സ്വീകാര്യനാക്കി. കൃഷ്ണൻ നായരുടെ വേഷത്തെ മാത്രം  കേന്ദ്രീകരിച്ച് കഥകളി പുലർന്നിരുന്ന കാലമുണ്ടായിരുന്നു. 'ഇന്ന് കലാമണ്ഡലമുണ്ടോ?' എന്നായിരുന്നു കൃഷ്ണൻനായരുണ്ടോ എന്ന അർഥത്തിലുള്ള ചോദ്യം. കലാസ്ഥാപനത്തിന്റെ പേരിൽ ഒരു കലാകാരൻ അറിയപ്പെടുകയായിരുന്നു. കുഞ്ചുക്കുറുപ്പും കുഞ്ചുനായരും മാങ്കുളവും പച്ചയിലും ചെങ്ങന്നൂരും രാമൻകുട്ടി നായരും കത്തിയിലും കുടമാളൂരും ശിവരാമനും സ്ത്രീവേഷത്തിലും തിളങ്ങിയിരുന്ന കാലത്ത് കൃഷ്ണൻ നായർ ഈ വേഷങ്ങളിലെല്ലാം ആസ്വാദകരെ സൃഷ്ടിച്ചു. കൂട്ടുവേഷത്തിനോ മേളത്തിനോ സംഗീതത്തിനോ ഇന്നയിന്നവർ വേണമെന്നു ശഠിക്കാതെ ഏതു പശ്ചാത്തലത്തിലും വേഷം വിജയിപ്പിക്കാൻ കൃഷ്ണൻനായർക്ക് സാധിച്ചു.



## പച്ചയിലെ ഉദാത്തത

കൃഷ്ണൻ നായരുടെ 'പച്ച' കഥകളിയഴകിന്റെ ഉദാത്തകാഴ്ചയായി. ലോകധർമിയുടെ മൗലികസാധ്യതകൾ അദ്ദേഹം ആരാഞ്ഞു. കഥകളിയിലെ വ്യവസ്ഥാപിത ചിട്ടകൾ അദ്ദേഹം തിരുത്തുകയായിരുന്നു. അരങ്ങിലെ വിഗ്രഹഭഞ്ജകനായും കൃഷ്ണൻ നായർ വിലയിരുത്തപ്പെട്ടു. ആരാധകരോടൊപ്പം വിമർശകരും അദ്ദേഹത്തിനുണ്ടായി. വാഴേങ്കട കുഞ്ചുനായരുടെ നളന്റെ ഔചിത്യ യുക്തിബോധത്തിലൂടെയല്ല കൃഷ്ണൻ നായരുടെ നളൻ സഞ്ചരിച്ചത്. കഥകളിരംഗം എഴുതിയ കെ.പി.എസ്. മേനോൻ കൃഷ്ണൻ നായരെ ഒരു കാലഘട്ടത്തിന്റെ കലാപുരുഷനായി വാഴ്ത്തിയിട്ടുണ്ട്.

കൃഷ്ണൻ നായരെ അനുകരിച്ച് പുതിയ വേഷക്കാർ രംഗത്തുവന്നു. അദ്ദേഹത്തോടൊപ്പം ആടി ആ കലാനിലയെ സ്വാംശീകരിച്ചവരുമുണ്ട്. കൃഷ്ണൻനായരുടെ കാലത്ത് അദ്ദേഹത്തിനു ലഭിച്ച സ്വീകാര്യതയെ മറികടക്കാൻ മറ്റു വേഷക്കാർക്ക് സാധിച്ചില്ല. ഭദ്രമായിരുന്നു ആ ഇരിപ്പിടം. നായകവേഷങ്ങളിൽ നെടുനായകത്വം കൊണ്ട് അധികതുംഗപദത്തിൽ വിരാജിച്ച കൃഷ്ണൻ നായർ ഗുരുനാഥനായും ശോഭിച്ചു. ആർ.എൽ.വിയിലും മാർഗിയിലും അദ്ദേഹം പഠിപ്പിച്ചു. തോന്നയ്ക്കൽ പീതാംബരൻ, തലവടി അരവിന്ദൻ, മയ്യനാട് കേശവൻ നമ്പൂതിരി, ചെങ്ങാരപ്പിള്ളി അനുജൻ തുടങ്ങിയ വേഷക്കാർ ശിഷ്യരാണ്. കേന്ദ്ര-കേരള സംഗീതനാടക അക്കാദമി അവാർഡ് (1968), കലാമണ്ഡലം അവാർഡ് (1984), പത്മശ്രീ (1970) എന്നീ ഉയർന്ന ബഹുമതികൾ ലഭിച്ചു. നളചരിതത്തിന് അഭിനയ പ്രധാനമായ ആട്ടപ്രകാരം രചിച്ചു.

1990 ൽ കൃഷ്ണൻ നായർ ഓർമയാവുമ്പോൾ കഥകളി അതിന്റെ നിറഞ്ഞ കാലത്തിൽ എത്തിനിൽക്കുകയായിരുന്നു. സമ്പൂർണമായ ആ അവസ്ഥയിൽ വേർപിരിഞ്ഞ ആദ്യത്തെ കലാകാരൻ. കലാമണ്ഡലം കൃഷ്ണൻ നായരുടെ വിപുലമായ കലാകാലം രേഖപ്പെടുത്താതെ കഥകളിയുടെ ചരിത്രം എഴുതാനാവില്ല. അവഗണനയിൽ ആണ്ടുകിടന്നിരുന്ന മോഹിനിയാട്ടം എന്ന കേരളീയ ലാസ്യലാവണ്യ നൃത്തകലയെ ഉയർത്തെഴുന്നേൽപ്പിച്ചതിൽ പ്രധാന പങ്കുവഹിച്ച കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയാണ് പത്നി. ഇരുവരുടെയും കലാപാരമ്പര്യം ഏറ്റുവാങ്ങിയ ചെറുമകൾ സ്മിതാരാജൻ അറിയപ്പെടുന്ന മോഹിനിയാട്ടം നർത്തകിയാണ്. മകൻ കലാശാലാ ബാബു ചലച്ചിത്രനടനാണ്. അച്ഛൻ അരങ്ങിലും മകൻ അഭ്രപാളിയിലും. കലാശാലാ ബാബുവിന്റെ ശബ്ദം ഗംഭീരമാണ്. അച്ഛൻ മൗനകലയിലും മകൻ ശബ്ദകലയിലും മികച്ചുനിന്നുവെന്ന കൗതുകം പറയാം.

കലാമണ്ഡലം കൃഷ്ണൻ നായരുടെ ജന്മശതാബ്ദി വർഷമാണിത്. ഒരിക്കൽ ആ വേഷം കണ്ടവർ അത് ഹൃദയത്തോട് ചേർത്തുവെക്കും. അങ്ങനെ അദ്ദേഹം അനശ്വരനാകുന്നു. ■

■ ഡോ. പ്രമോദ് ഇരുമ്പുഴി

# കഥകളിയിലെയും തുള്ളലിലെയും നാടോടി സ്വാധീനം

**ഒരുപരിധിവരെ കഥകളിയിലും ഓട്ടൻതുള്ളലിൽ വ്യാപകമായും നാടൻകലകളുടെ സ്വാധീനം കാണാം**

ഗ്രാമീണ ജീവിതത്തിന്റെ അതിപ്രധാനമായ ഘടകമാണ് നാടൻകലകൾ. മാനവചരിത്രത്തോളം അവയ്ക്ക് പഴക്കമുണ്ട്. ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിന്റെ സർവരംഗങ്ങളുമായും നാടൻകലകൾ ബന്ധപ്പെട്ടിരിക്കുന്നു. നാടൻ കലകളെ അനുഷ്ഠാനകലകൾ, വിനോദകലകൾ, അർധാനുഷ്ഠാനകലകൾ, ബാധോച്ചാടനകലകൾ, സാമുദായികകലകൾ, ആയോധനകലകൾ എന്നിങ്ങനെ പലതായി തിരിക്കാം. ജാതിവർഗപാരമ്പര്യം അവകാശപ്പെടാവുന്നവയാണ് നാടൻകലകളിൽ ഭൂരിഭാഗവും. പല സമുദായങ്ങളുടെയും കുലത്തൊഴിൽകൂടിയായിരുന്നു നാടൻകലകൾ. ഉദാ: പുള്ളുവൻപാട്ട്, തെയ്യം, തിറ. ജാതിക്കൂട്ടായ്മയ്ക്ക് കാലാനുസൃതമായി വന്നുചേർന്ന ശോഷണം നാടൻകലകളുടെ പ്രചാരത്തിനെയും ബാധിച്ചിട്ടുണ്ട്. പ്രാചീനകലകളെ പാരമ്പര്യവഴിക്ക് ഏറ്റുവാങ്ങുവാൻ പുതിയ തലമുറ സന്നദ്ധമാകുന്നില്ല. ചില അനുഷ്ഠാനങ്ങളോട് ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞുവന്നത് അനുഷ്ഠാനകലകളുടെ പ്രചാരത്തിന് കുറവുവരുത്തി. ക്ലാസിക് കലകൾക്കും യൂറോപ്യൻ സ്വാധീനമുള്ള കലകൾക്കും പ്രചാരം വർധിച്ചതും നാടൻകലകളുടെ പ്രചാരത്തിന്റെ കുറവിന് കാരണമായി.

ഇന്ന് നാം കാണുന്ന നാടൻ കലകളുടെ പ്രാഗ്‌രൂപങ്ങൾ പ്രാകൃതങ്ങളായിരിക്കാം. അവയ്ക്ക് കാലാനുസൃതമായ മാറ്റം വന്നുചേർന്നാണ് ഇന്നു കാണുന്നപോലെ ആയിത്തീർന്നത്. ആദിവാസി നൃത്തം പോലുള്ളവ വലിയ മാറ്റങ്ങൾക്ക് വിധേയമാകാതെ പ്രാകൃതമായിത്തന്നെ നിലകൊണ്ടു. ചില കലകൾക്ക് കലാതത്പരരായ പ്രഗത്ഭ വ്യക്തികളുടെയോ സമൂഹത്തിന്റെയോ ലാളന ലഭിക്കുകയും അവയ്ക്ക് കൃത്യമായ നിയമാവലികളും ചട്ടങ്ങളും വന്നുചേരുകയും ചെയ്തു. കാലാനുസൃതമായി അവയ്ക്ക് പരിഷ്കാരങ്ങളുമുണ്ടായി. കഥകളിയിലെ കല്ലടിക്കോടൻ, വെട്ടത്ത്, കപ്ലിങ്ങോടൻ പരിഷ്കാരങ്ങളും തുള്ളലിൽ മലബാർ രാമൻനായർ വരുത്തിയ പരിഷ്കാരങ്ങളും ഉദാഹരണങ്ങൾ. നാടൻ കലകളുടെ സ്വാധീനത്താൽ പുതിയ കലാരൂപം ഉടലെടുത്തതിന് ഉദാഹരമാണ് തുള്ളൽ. എന്നാൽ കഥകളിയിൽ കൂടുതൽ സ്വാധീനം ചെലുത്തിയത് മറ്റൊരു ക്ലാസിക് കലാരൂപമായ കൂടിയാട്ടമാണ്. എന്നാൽ കഥകളിയെ സൂക്ഷ്മമായി പരിശോധിച്ചാൽ അതിൽ നാടൻകലകളുടെ സ്വാധീനം പല അംശങ്ങളിലും കാണാവുന്നതാണ്.



### കളരിയും മുടിയേറ്റും കഥകളിയും

കൊട്ടാരത്തിലെ വിശേഷദിനത്തിൽ അവതരിപ്പിക്കാൻ കൃഷ്ണനാട്ടക്കാരെ അയച്ചുകൊടുക്കണമെന്നു കാണിച്ച് കൊട്ടാരക്കരത്തമ്പുരാൻ കോഴിക്കോട് മാനവവിക്രമരാജാവിന് ഒരെഴുത്തയച്ചു. തെക്കർക്ക് കൃഷ്ണനാട്ടം കാണാനുള്ള കെൽപ്പില്ലെന്ന് പറയുന്ന ഒരെഴുത്ത് കോഴിക്കോട് രാജാവ് കൊട്ടാരക്കരത്തമ്പുരാന് അയച്ചു.

അപമാനിതനായ കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടത്തിനു പകരം രാമനാട്ടം നിർമിച്ചു. രാമനാട്ടത്തിന് കാലാനുക്രമമായ മാറ്റം വന്നാണത്രെ കഥകളി ഉണ്ടായത്. ഒരു രാജ്യവുമായുള്ള വാശി ഒന്നുകൊണ്ടുമാത്രം പുതിയ കലാരൂപം ഉദ്ഭവിച്ചുവെന്ന് പറയുന്നതിൽ യുക്തിയില്ല. കഥകളിയുടെ ഉത്പത്തിക്ക് മാർഗദർശനം നൽകാൻ പര്യാപ്തമായ കൂടിയാട്ടം, കൃഷ്ണനാട്ടം, ചാക്യാർക്കൂത്ത്, അഷ്ടപദിയാട്ടം, മോഹിനിയാട്ടം തുടങ്ങിയ നാടൻകലകളും ആയോധനാ കലാരൂപമായ കളരിസമ്പ്രദായവും ഇവിടെയുണ്ടായിരുന്നു.



പടയണി

കഥകളിക്ക് കൂടുതൽ സംഭാവന നൽകിയ കലാരൂപം കൂടിയാട്ടമാണ്. ശ്ലോകങ്ങളുടെ അർഥം ഹസ്തമുദ്രകൾവഴി ഭാവസമേതം പ്രകടിപ്പിക്കുക, അംഗവിക്ഷേപങ്ങളെല്ലാം താളമേളങ്ങൾക്കൊപ്പിച്ച് പ്രവർത്തിക്കുക തുടങ്ങിയ രീതികൾ കൂടിയാട്ടത്തിൽ നിന്നാണ് കഥകളി സ്വീകരിച്ചത്. കഥകളി അഭ്യസിക്കാൻ തുടങ്ങുന്നതിന് തൊട്ടുമുമ്പ് ശിഷ്യൻ ഗുരുവിന് ദക്ഷിണകൊടുത്ത്, പകരം ഗുരു കച്ചയും മെഴുക്കും ശിഷ്യന് നൽകുന്നു. നല്ല കഥകളി നടനായി രൂപാന്തരപ്പെടാൻ ശിഷ്യൻ ചവിട്ടിയുഴിച്ചിലിന് വിധേയനാകുന്നു. ഇതെല്ലാം ആയോധനകലയായ കളരിയുടെ രീതിയാണ്. കഥകളിയിൽ നരസിംഹത്തിന്റെ രംഗപ്രവേശനസമയത്ത് കത്തിച്ചുപിടിച്ച പന്തത്തിലേക്ക് തെള്ളിപ്പൊടി എറിഞ്ഞ് ആളിക്കത്തിക്കാറുണ്ട്. ഇത് നാടൻകലകളായ മുടിയേറ്റ്, പടയണി എന്നിവയിൽ മാത്രമേ കാണാറുള്ളൂ. മാറുപിളർന്ന് ചോരകുടിക്കുക, കുടൽമാല വലിച്ചെടുക്കുക, രക്തം തെറിപ്പിക്കുക തുടങ്ങിയ രംഗങ്ങൾ കഥകളിയിൽ നരസിംഹം, രൗദ്രഭീമൻ എന്നീ വേഷങ്ങൾ കാണിക്കാറുണ്ട്. ഇത് വിഷ്ണുമൂർത്തി തെയ്യത്തിൽനിന്നാണ് കഥകളിയിലെത്തിയതെന്നു കരുതാം. കഥകളി കലാകാരൻ കരിവേഷമാടുമ്പോൾ ധരിക്കുന്ന 'കരിമുടി'ക്ക് മലയൻകെട്ട്, തെയ്യാട്ട് എന്നീ നാടൻ കലാരൂപങ്ങളിലെ കരുകലക്കിയുടെയും പടയണിയിലെ ആന്തരയക്ഷിയുടെയും കിരീടവുമായി ബന്ധമുണ്ട്.

കൂടിയാട്ടത്തിലെ കരിവേഷത്തിന്റെ മുടിയുടെ ആകൃതി കഥകളിയുടേതുപോലെല്ല. കഥകളിയിലെ മുഖത്തുതേപ്പിലെ നിറക്കൂട്ടുകളിൽ മനയോല, നീലം, ചായില്യം, കരിമഷി, ചുണ്ണാമ്പ്, അരിപ്പൊടി തുടങ്ങിയവ ഉപയോഗിക്കുന്നു. പച്ച, വെള്ള, കറുപ്പ്, ചുവപ്പ് എന്നിവയുണ്ടാക്കാൻ നാടൻകലാരൂപങ്ങളിലും ഇതേ നിറക്കൂട്ടുകൾ തന്നെയാണ് ഉപയോഗിക്കുന്നത്. കഥകളിയിലെ യുദ്ധരംഗങ്ങളിലെ ചുവടുകൾക്കും ശബ്ദങ്ങൾക്കും കളരിപ്പയറ്റിലെ ദ്വന്ദ്വയുദ്ധങ്ങളോടും അങ്കത്താരികളോടും സാമ്യം കാണാം. കഥകളിയിലെ പ്രധാന വാദ്യങ്ങളാണ് ചെണ്ട, മദ്ദളം, ഇടയ്ക്ക, ചേങ്ങില, ഇലത്താളം തുടങ്ങിയവ. നാടൻ കലകളിലെ പ്രധാന വാദ്യമാണ് ചെണ്ട. ഇതര ക്ലാസിക് കലകളിൽ ചെണ്ട ഉപയോഗിക്കുന്ന രീതിയില്ല. ആദ്യകാലങ്ങളിൽ കഥകളിയിലും ചെണ്ട ഉപയോഗിച്ചിരുന്നില്ല. നാടൻ കലകളിലെ ചെണ്ടയുടെ പ്രയോഗസാധ്യതകണ്ട് മനസ്സിലാക്കിയാണ് കഥകളിക്ക് ഉപയോഗിച്ചുതുടങ്ങിയത്. കഥകളിയിലെ യുദ്ധരംഗങ്ങളിലും മറ്റ് സംഘർഷരംഗങ്ങളിലും താളം മുറുക്കുകയെന്ന സമ്പ്രദായം ക്ഷേത്രോത്സവങ്ങളിലെ ചെണ്ടമേളങ്ങളിൽ നിന്നും ഉൾക്കൊണ്ടതാണ്. അതുപോലെ തന്നെയാണ് താളം പിടിക്കുന്ന രീതിയും കൊട്ടുന്ന രീതിയും.

## തുള്ളലിലെ അനുഷ്ഠാന കലാ സ്വാധീനം

കഥകളിക്ക് നാടോടിക്കലകളുമായുള്ള ബന്ധത്തിനെക്കാൾ കൂടുതലാണ് തുള്ളലിനുള്ളത്. പതിനെട്ടാം ശതകത്തിൽ അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിൽ കൂത്തിന് മിഴാവ് കൊട്ടിയിരുന്നു കുഞ്ചൻ നമ്പ്യാർ താളം തെറ്റിച്ച് പരിഹാസവിധേയനായപ്പോൾ ഒറ്റദിവസം കൊണ്ട് തുള്ളൽ എന്ന കലാരൂപത്തിന് ജന്മം നൽകി. ഇവിടെയും ഒറ്റ ദിവസം കൊണ്ട് പുതിയൊരു കലാരൂപത്തിന് ജന്മം നൽകിയെന്നതിൽ അവിശ്വാസ്യതയുണ്ട്. അനുഷ്ഠാന കല, വിനോദകല എന്നീ നിലകളിൽ വിവിധ പേരുകളിലുള്ള നാടൻകലകൾ അക്കാലത്ത് കേരളത്തിൽ പ്രചരിച്ചിരുന്നു. കോലംതുള്ളൽ, ഭൂതം തുള്ളൽ, സർപ്പം തുള്ളൽ, അമ്മൻ തുള്ളൽ, കാവടി തുള്ളൽ, അലാമിത്തുള്ളൽ, പേട്ടതുള്ളൽ, ദൈവം തുള്ളൽ തുടങ്ങിയ അനുഷ്ഠാനപരമായ തുള്ളലുകളും ഓണത്തുള്ളൽ, തുമ്പിതുള്ളൽ തുടങ്ങിയ വിനോദ കലകളിൽപ്പെടുന്ന തുള്ളൽ രൂപങ്ങളും അന്ന് പ്രചരിച്ചിരുന്നു. അതിനാൽ തുള്ളൽ എന്ന പേരുതന്നെ നാടൻ കലകളുടെ സ്വാധീനത്താൽ ഉണ്ടായതാണെന്ന് പറയാം. തുള്ളലിലെ പ്രധാന അവാന്തരവിഭാഗത്തിൽപ്പെടുന്ന ശീതങ്കൻ, പറയൻ എന്നീ പേരുകളിൽത്തന്നെ പടയണി എന്ന നാടൻ കലാരൂപത്തിൽ തുള്ളലുകളുണ്ടായിരുന്നു.

കുട്ടനാടൻ, കടമ്മനിട്ട പ്രദേശങ്ങളിൽ



പ്രചരിച്ചിരുന്ന പടയണിയിലെ ചില അംശങ്ങൾ, വേലർ, കണിയാർ തുടങ്ങിയ സമുദായങ്ങളുടെ തുള്ളൽ കലാരൂപങ്ങൾ, ചാക്യാർകൂത്തിലെ ഫലിതപ്രയോഗം തുടങ്ങിയവയുടെ സമഞ്ജസ സമ്മേളനം നമുക്ക് തുള്ളലിൽ കാണാം. പറയർ, പുലയർ എന്നിവർക്കിടയിലെ ചീതങ്കൻ തുള്ളലിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് കുഞ്ചൻ നമ്പ്യാർ തുള്ളലിന് രൂപം നല്കിയതെന്ന് 'ഫോക്‌ലോർ നിഘണ്ടു'വിൽ എം.വി. വിഷ്ണുനമ്പൂതിരി (പേജ് 330) അഭിപ്രായപ്പെടുന്നു. തകഴിയിലെ ശാസ്താക്ഷേത്രത്തിൽ അവതരിപ്പിച്ചിരുന്ന പടയണിയിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നീ നാല് തുള്ളൽ വേഷങ്ങളുണ്ട്. അതിൽ നിന്നുമാണ് പറയൻ, ശീതങ്കൻ എന്നീ പേരുകൾ നമ്പ്യാർ കടംകൊണ്ടത്. ആ പടയണിയിലെ വേഷങ്ങൾക്ക് സമാനമായ വേഷം തന്നെയാണ് തുള്ളലിലും ഉള്ളത്.



പടയണിയിൽ ഇപ്പോൾ ചൊല്ലിക്കൊണ്ടിരിക്കുന്ന പല പാട്ടുകളും നമ്പ്യാർ രചിച്ചതാണ് എന്ന വിശ്വാസം കടമ്മനിട്ടയിലെ പടയണി കലാകാരന്മാർക്കിടയിലുണ്ട്. നമ്പ്യാർ നല്ലൊരു പടയണി കലാകാരനും ആയിരുന്നത്രെ. പുലയർ കളിച്ചിരുന്ന ശീതങ്കൻ തള്ളലിൽ കുരുത്തോല ഉപയോഗിച്ചുകൊണ്ടുള്ള മെയ്യാഭരണങ്ങൾ, പാവാട എന്നിവയുടെ സമാനരീതി തന്നെയാണ് ശീതങ്കൻ തുള്ളലിലും ഉള്ളത്. കുഞ്ചന്റെ ശീതങ്കൻ തുള്ളൽ പേരുപോലെ 'ശീത'മാണ്, വേഗത കുറവാണ്. പുലയരുടെ ശീതങ്കൻ തുള്ളലും ഇതുപോലെ തന്നെ. കുഞ്ചൻ നമ്പ്യാരെഴുതിയ ആദ്യ തുള്ളൽകൃതിയായ കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലാണ്. തുള്ളലിനെക്കുറിച്ചുള്ള ഐതിഹ്യംവെച്ചു നോക്കിയാൽ കുഞ്ചൻ വേഗത്തിൽ തയാറാക്കിയതിനാൽ പടയണിയിലെ മന്ദതാള തുള്ളലായ ശീതങ്കൻ വേഷത്തിലും (കുരുത്തോല) മറ്റും അനുകരിച്ചു എന്നുവേണം പറയാൻ.

### ദ്രുതതാളത്തിന്റെ ഓട്ടൻതുള്ളൽ

പറയൻ തുള്ളലും ശീതങ്കൻ തുള്ളലിന്റെ പോലെ മന്ദഗതിയിലാണ് ആടുന്നത്. അത് പടയണിയിലെ പറയൻ തുള്ളൽ പോലെതന്നെയാണ്. അതിലെ ചുവടുകളും മറ്റും കുഞ്ചൻ നമ്പ്യാർ അനുകരിച്ചു. അമ്പലപ്പുഴ ഭാഗത്ത് പ്രസിദ്ധമായിരുന്നു അമ്പലപ്പുഴ പട്ടുകോണകം. അതുടുക്കുന്ന രീതിയിൽ പറയൻ തുള്ളൽ അവരിപ്പിച്ചു. തുള്ളലുകളിൽ വേഷഭംഗികൊണ്ടും മുഖത്തേപ്പുകൊണ്ടും കാണാൻ ഭംഗിയുള്ളത് ഓട്ടൻ തുള്ളലാണ്. ഇന്ന് തുള്ളൽ എന്നു കേട്ടാൽ മനസ്സിൽ തെളിയുന്നതും ഓട്ടൻ തുള്ളൽ തന്നെ. 'ഓട്ടൻ' എന്ന പേരിൽ നിന്നുതന്നെ അതിന്റെ രീതി മനസ്സിലാക്കാമെന്ന് എസ്.കെ. നായർ അഭിപ്രായപ്പെടുന്നു. ദ്രുതഗതിയിലുള്ള താളമാണ് ഓട്ടൻ തുള്ളലിനുള്ളത്. കണിയാന്മാർ ബാധയെ ഓടിപ്പിക്കുക എന്നതിൽ നിന്നുമാണ് 'ഓട്ടൻ' എന്ന പേര് വന്നതെന്ന് ഉള്ളൂർ എസ്. പരമേശ്വരയ്യർ അഭിപ്രായപ്പെടുന്നു.

'ഭടജനങ്ങളെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ' എന്ന വരിയിൽ നിന്നും പടയണിയോട് കുഞ്ചൻ നമ്പ്യാർക്കുണ്ടായിരുന്ന ബന്ധം മനസ്സിലാക്കാവുന്നതാണ്. സാമൂഹിക വിമർശനം നടത്തുകയെന്ന രീതി കുഞ്ചൻ ചാക്യാർക്കൂത്തിൽ നിന്നും കണ്ണ്യാർക്കളിയിൽ നിന്നും സ്വീകരിച്ചതാവാം. കിള്ളിക്കുറിശ്ശിമംഗലത്ത് കണ്ണ്യാർക്കളിയിലെ പൊറാട്ടുവേഷങ്ങൾ ധാരാളം കുഞ്ചൻ നമ്പ്യാർ കണ്ടിട്ടുണ്ടാകാം.



ക്ലാസിക് കലാരൂപങ്ങൾ പൊതുവെ ആടുക എന്നാണ് പറയാറ്. കഥകളി, മോഹിനിയാട്ടം, ഭരതനാട്യം എന്നിവ ഉദാഹരണങ്ങൾ. തുള്ളൽ എന്ന പേരിൽത്തന്നെ കൂടുതൽ ബന്ധം നാടോടി കലാരൂപവുമായാണ്. വടക്കൻ കേരളത്തിലെ തെയ്യാട്ടം, തിറയാട്ടം എന്നിവ ഇതിൽ നിന്നും വ്യക്തമാണ്. പടയണിയിൽ ഉപയോഗിക്കുന്ന മർമതാളം, കുംഭതാളം തുടങ്ങിയ താളങ്ങൾ അതേപോലെ തന്നെ തുള്ളലിലും ഉപയോഗിച്ചിട്ടുണ്ട്. ചൊല്ലുന്ന ഈണത്തിലും സമാനതയുണ്ട്.

തുള്ളലിൽ മരമീടൽ എന്ന പൊയ്മുഖം ധരിച്ചൊരു കഥാപാത്രം മുൻകാലങ്ങളിൽ രംഗത്ത് വരുമായിരുന്നു. അന്ന് തുള്ളൽ മൂന്നു മണിക്കൂറിലധികം നീണ്ടുനിൽക്കുമായിരുന്നു. കലാകാരന് വിശ്രമം ലഭിക്കാൻ വേണ്ടിയാണ് ഇടയ്ക്ക് പൊയ്മുഖമണിഞ്ഞുകൊണ്ട് മരമീടൽ എന്ന വേഷമെത്തുന്നത്. കാഴ്ചക്കാരെ രസിപ്പിക്കുന്ന പല വിദ്യകളും മരമീടൽ കാണിക്കും. ജനങ്ങളിൽ നിന്നും പണം പിരിക്കുകയും ചെയ്യും. ഇതിന് കോതാമൂരിയാട്ടത്തിലും തെയ്യത്തിലും വരുന്ന പനിയൻ വേഷവുമായി ബന്ധമുണ്ട്.

തുള്ളലിൽ കാര്യമായ പരിഷ്കാരം വരുത്തിയത് മലബാർ രാമൻ നായർ (1900–60) ആയിരുന്നു. ഇന്ന് കാണുന്നവിധത്തിൽ തുള്ളലിനെ രസകരമാക്കി മാറ്റിയത് അദ്ദേഹമാണ്. തൊപ്പിമദ്ദളത്തിന് പകരം മൃദംഗം ഉപയോഗിക്കാൻ നിർദേശിച്ചത് രാമൻനായരാണ്. അദ്ദേഹത്തിന്റെ തുള്ളൽ ഡൽഹിയിൽവെച്ച് ജവഹർലാൽ നെഹ്റു കാണുകയുണ്ടായി. തുടർന്നാണ് വള്ളത്തോളിനോട് കലാമണ്ഡലത്തിൽ തുള്ളൽ പഠിപ്പിക്കാൻ നെഹ്റു നിർദേശിച്ചത്. കലാമണ്ഡലത്തിൽ ആദ്യമായി തുള്ളൽ അവതരിപ്പിച്ചതും മലബാർ നായരാണ്. ■

രമേഷ്കുമാർ വെള്ളമുണ്ട

# വിസ്മയങ്ങളുടെ ഹരിതകാന്തി



മഞ്ഞുപുതഞ്ഞ മലകൾക്കിടയിൽ വയലുകളും കുന്നുകളും വനഭംഗികളും. തിലകക്കുറിയായി ചരിത്രസ്മാരകങ്ങളും തടാകങ്ങളും. ഇതിനിടയിൽ തനിമ മാറാത്ത ഗ്രാമങ്ങൾ. വേറിട്ട യാത്രകളിൽ വയനാടിന്റെ സ്വന്തം കാഴ്ചകൾ ഇവയാണ്. കുളിരു പകരുന്ന ഈ ഭൂമിയിലേക്കു സഞ്ചാരികളുടെ പ്രവാഹമായി. പ്രകൃതിയെ അറിഞ്ഞുള്ള വിനോദസഞ്ചാരമായ വയൽ നാടിന്റെ കാഴ്ചകളിലൂടെ ഒരു യാത്ര.......

ഉഷ്ണക്കാറ്റു വീശുന്ന കർണാടകയിൽ നിന്നും വയനാട്ടിലേക്കുള്ള കവാടമാണ് തോൽപ്പെട്ടി. സഞ്ചാരികളെ സ്വീകരിക്കാൻ ഇവിടെ പാതയോരത്ത് ഒരുങ്ങിനിൽക്കുന്നത് നിത്യഹരിത മുളങ്കൂട്ടങ്ങളാണ്. ഇല്ലിക്കാടുകളുടെ മർമരങ്ങൾ പിന്നിടുംമുമ്പേ ബേഗൂർ എന്ന വനഗ്രാമമായി. കാടു വളഞ്ഞുനിൽക്കുന്ന വയനാടിന്റെ ഭൂതകാലമാണ് പരിഷ്കാരങ്ങൾ ഇന്നും തൊടാത്ത ഗ്രാമത്തിന്റെ പച്ചപ്പ് സഞ്ചാരികൾക്ക് പറഞ്ഞുകൊടുക്കുന്നത്.

വയനാടിന്റെ വേറിട്ട കാഴ്ചയിൽ കാവൽമാടങ്ങളുടെ സ്വന്തം ഗ്രാമമാണിത്. വനദൃശ്യങ്ങളെ തൊട്ടുനിൽക്കുന്നവയാണ് കൃഷിയിടങ്ങൾ. അധികം വിശാലമല്ലാത്ത വയലുകളുടെ ഓരങ്ങളിലായി അഞ്ചും ആറും വീടുകളുടെ ചെറിയ ചെറിയ സങ്കേതങ്ങളും അവയ്ക്ക് എന്നും ഭീഷണിയായി കാട്ടിയും കാത്തുപോത്തുമടങ്ങുന്ന വന്യമൃഗങ്ങളുമുണ്ട്. ഇതിനെല്ലാം കാവൽ നിൽക്കുകയാണ് ഒറ്റപ്പെട്ട മരത്തിനു മുകളിൽ ജാഗ്രത പുലർത്തുന്ന ഏറുമാടങ്ങൾ. ഒന്നും രണ്ടുമല്ല നിരനിരയായി നിൽക്കുന്ന നിരവധി മാടങ്ങളാണ് ഓരോ ഗ്രാമത്തിനും സ്വന്തമായുള്ളത്.

വിനോദസഞ്ചാരവകുപ്പിന്റെ ലഘുലേഖയിൽ ഈ ഗ്രാമമില്ലെങ്കിലും ഇവിടെയെത്തുന്ന സഞ്ചാരികളുടെ എണ്ണം വർധിച്ചുവരികയാണ്. സന്ധ്യ കഴിയുന്നതോടെ കാവൽമാടങ്ങളിലെ ശരറാന്തലുകൾ തിരിതെളിയും. ഓരോ കുടുംബത്തിലെയും നിയോഗിക്കപ്പെട്ടവർ ഗ്രാമ

ത്തിനു കാവൽ നിൽക്കൻ മാടങ്ങളിലേക്ക് കയറുകയായി. പിന്നീട് നേരമിരുട്ടി പുല രുന്നതുവരേക്കും മാടങ്ങളിൽ നിന്ന് അങ്ങി ങ്ങായി മുഴങ്ങുന്ന പെരുമ്പറകളാണ് ഗ്രാമ ത്തിന്റെ തപ്പുതാളം. ഇതിനെയൊന്നും വക വെക്കാതെയെത്തുന്ന കാട്ടാനകൾ പല പ്പോഴും ഗ്രാമീണരർക്ക് ഉറക്കമില്ലാത്ത രാത്രി പകരുന്നു.

നീളത്തിൽ മുറിച്ചെടുത്ത ഇല്ലിമുളക ളാണ് മാടങ്ങൾ നിർമിക്കാൻ ഉപയോഗിക്കു ന്നത്. ഒറ്റപ്പെട്ട മരത്തിന്റെ ചാഞ്ഞ ശിഖര ങ്ങളിലേക്ക് ഒന്നിനുപിറകെ ഒന്നായി മുള കൾ ചേർത്തുവെച്ച് കാട്ടുവള്ളികൾ കൊണ്ട് വരിഞ്ഞ് തറ നിർമിക്കുക എന്നതാണ് ആദ്യപണി. പിന്നീട് തെരുവപ്പുല്ല് പിടികെട്ടി മേൽക്കൂരയും.

നിലത്തുനിന്ന് ഇരുപത് മുതൽ നൂറു മീറ്റർ വരെ ഉയരത്തിലുള്ള കാവൽമാടങ്ങൾ ഇവിടെയുണ്ട്. സാഹസികത നിറഞ്ഞതാണ് ഇതിനുള്ളിലെ കാവൽ. പെരുമ്പറ മുഴങ്ങു മ്പോഴേക്കും പാഞ്ഞടുക്കുന്ന കാട്ടാനക്കൂട്ട ങ്ങളെ നേരിടണമെങ്കിൽ അസാമാന്യ ധൈര്യം തന്നെ വേണം.

മരത്തിനു മുകളിലെ ഇത്തരം 'ഹട്ടു'ക ളിൽ താമസിക്കാൻ സഞ്ചാരികൾ താത് പര്യം പ്രകടിപ്പിക്കാറുണ്ട്. വന്യജീവിക ളെയും കാടും അടുത്തറിയാനുള്ള വിധ ത്തിൽ ഹട്ടുകൾ നിർമിച്ച് സഞ്ചാരികളെ സ്വാഗതം ചെയ്യുന്ന സ്വകാര്യ സംരംഭങ്ങളും ഈയടുത്ത് ഇവിടെ വിരുന്നെത്തി.

വിനോദ കേന്ദ്രമായി വികസിപ്പിക്കാൻ പറ്റുന്ന നിരവധി ഗ്രാമങ്ങൾ ബേഗൂരിനു സമീപമുണ്ട്. അപ്പപ്പാറയിൽ നിന്നു വടക്കു കിഴക്കുമാറി ബ്രഹ്മഗിരി മലയിലെ കുടക് അതിർത്തിയിലെ മല്ലികപ്പാറ, മധ്യപ്പാടി, കാജാഗഡി, സർവാണി, റസ്സൽക്കുന്ന്... മനോഹരങ്ങളായ ഗ്രാമങ്ങളുടെ പട്ടിക നീളു കയാണ്.

വനസംരക്ഷണ സമിതികൾ പരിസ്ഥി തിക്ക് കോട്ടംതട്ടാത്ത വിധത്തിൽ വനയാ ത്രയ്ക്ക് സൗകര്യം ഒരുക്കിക്കൊടുക്കു ന്നുണ്ട്. ഇതിനായി മൂന്നു പാക്കേജുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. പത്തുപേരടങ്ങുന്ന ഗ്രൂപ്പുകളെയാണ് ഓരോതവണയും പാത്തി പ്പാറ, മൂലപ്പാടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് വഴികാട്ടുക.

പ്രദേശത്തിന്റെ ചരിത്രം, പാരിസ്ഥിതിക പ്രാധാന്യം എന്നിവയിൽ പ്രാവീണ്യം നേടിയ ആദിവാസികളാണ് കൂടെയുണ്ടാ വുക. ഓരോ പാക്കേജിലും യാത്രയിലാവ ശ്യമായ ഭക്ഷണം, വെള്ളം എന്നിവയെല്ലാം അവർ നൽകും. സർവീസ് ചാർജ് അടച്ചു കഴിഞ്ഞാൽ തിരുനെല്ലിയിലെ വികസന സമിതി ഓഫീസിൽനിന്നും സഞ്ചാരികൾക്ക് യാത്രാപാസുകൾ ലഭിക്കും.

## തിരുനെല്ലി : തീർഥാടകരുടെ പുണ്യഭൂമി

വയനാടൻ ഗോത്രഭൂമിയിലെ ആത്മീയ ചൈതന്യത്തിന്റെ മുഖമുദ്രയാണ് തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുനെല്ലി. പാപ മോചനത്തിനും പിതൃമോക്ഷത്തിനും ഈ കൽപ്പടവുകൾ താണ്ടി ബലിയർപ്പിക്കാൻ നിരവധിപേർ ദിവസേന എത്തുന്നു.

കേരളത്തിന്റെ അതിർത്തികൾ പിന്നിട്ട് ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്ക് ഇതി നകം ഖ്യാതി പടർന്ന ഈ ക്ഷേത്രം സഞ്ചാ രികൾക്കും തീർഥാടകർക്കും ഒരുപോലെ വിസ്മയം പകരുന്നു. തെറ്റ് റോഡ് പിന്നിട്ട് നിബിഡവനങ്ങൾക്ക് ഇടയിലൂടെ അമ്പല ത്തിലേക്കുള്ള യാത്രതന്നെ മനസ്സിന് കുളിർമ പകരും.

മണിപ്രവാളകാല കൃതിയായ ഉണ്ണിയ ച്ചീചരിതത്തിലും ഭാസ്കരരവിവർമ്മയുടെ തിരുനെല്ലി ശാസനത്തിലും വരെ ഈ ക്ഷേത്രത്തെക്കുറിച്ച് വിവരങ്ങളുണ്ട്. സംഘകാലത്തിൽ പുഴിനാട്ടിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു തിരുനെല്ലി. എ.ഡി.ഒമ്പ തുമുതൽ 12 വരെ ചേര രാജാക്കന്മാരുടെ കൈവശമായിരുന്നെങ്കിലും പിന്നീട് ചോള യുദ്ധകാലഘട്ടത്തോടെ രാജവംശം തകർ ന്നടിയുകയായിരുന്നു. ഈ കാലഘട്ടത്തിൽ ക്ഷേത്രങ്ങൾ പലതും നശിച്ചെങ്കിലും ഇതിനെ അതിജീവിക്കുകയായിരുന്നു തിരു നെല്ലിക്ഷേത്രം.

ബ്രഹ്മഗിരിയുടെ താഴ്വാരത്തിലാണ് പൗരാണികത കൈവെടിയാത്ത പാപനാ ശിനിയും അമ്പലവുമുള്ളത്. കിണറില്ലാത്ത ക്ഷേത്രം എന്ന പ്രത്യേകതയും ഇവിടെ മാത്രമാണ്. ബ്രഹ്മഗിരിയിലെ ശുദ്ധജലം കൽപ്പാത്തിയിലൂടെയാണ് തിടപ്പള്ളിയിലെ ത്തുന്നത്. ക്ഷേത്ര വരാഹവും ഇതുതന്നെ. തിരുനെല്ലി മഹാവിഷ്ണുക്ഷേത്രത്തിൽ പ്രധാനമായും നാലുവാവുകൾക്കാണ് പ്രസക്തി. കർക്കടവാവ്, തുലാവാവ്, കുംഭ വാവ്, വൈശാഖവാവ് എന്നിവയാണത്. കർ ക്കടകവാവിന് പതിനായിരങ്ങളാണ് പാപ നാശിനിയിൽ മുങ്ങിക്കുളിച്ച് ബലിയർപ്പി ക്കുക. അമ്പലത്തിനോട് ചേർന്ന് അറുപ ത്തിനാല് തീർത്ഥങ്ങൾ മുമ്പ് ഉണ്ടായിരുന്നു എന്ന് നിഗമനമുണ്ട്. ഇതിൽ പ്രധാനപ്പെട്ട താണ് പഞ്ചതീർത്ഥം. ഇതിനു നടുവിലായി



ഉയർന്നു നില്ക്കുന്ന പാറയിൽ ശംഖ് ഗദാ പത്മവും പാദവും കൊത്തിവെച്ചിട്ടുണ്ട്. പെരുമാളെ അഭിഷേകം ചെയ്യുന്ന ജലം ഭൂമിക്കടിയിലൂടെ പഞ്ചതീർത്ഥത്തിൽ പതിക്കുന്നുവെന്നാണ് ഐതിഹ്യം.

ഗുണ്ഡിക ശിവക്ഷേത്രവും ഇതിനടുത്താണ്. ഇതൊരു ഗുഹാക്ഷേത്രമാണ്. പ്രധാന ക്ഷേത്രത്തിലെ ബ്രഹ്മ സാന്നിധ്യവും വിഷ്ണുപ്രതിഷ്ഠയും ഗുണ്ഡികാ ശിവനും ചേരുമ്പോൾ ത്രിമൂർത്തികളുടെ സംഗമസ്ഥാനമായ തിരുനെല്ലി ദേവലോകമാവുകയാണ്.

പരശുരാമന്റെ പിതാവായ ജമദി മഹർഷി തിരുനെല്ലിയിൽ പിതൃതർപ്പണം നടത്തിയെന്ന് ഐതിഹ്യമുണ്ട്. ശങ്കരാചാര്യരും പാപനാശിനിയിൽ മുങ്ങി മോക്ഷം തേടിയിട്ടുണ്ട്. 'ആമലകക്ഷേത്രം', 'ദക്ഷിണ ഗയ' എന്നീ അപരനാമങ്ങളിലും തിരുനെല്ലി അറിയപ്പെടുന്നു.

മാനന്തവാടിയിൽ നിന്ന് 31 കിലോമീറ്റർ അകലെ കർണാടക അതിർത്തിയിലാണ് ക്ഷേത്രം. വയനാടിന്റെ വിസ്മയ കാഴ്ചയിൽ തിളങ്ങിനില്ക്കുന്നതാണ് ഈ പുരാതന ക്ഷേത്രം.



## ആർദ്രവനങ്ങളിൽ കുളിർമ്മ, ഹരിതകാന്തിയിൽ ജൈവസമൃദ്ധി

നിബിഡമായ പശ്ചിമഘട്ട മലനിരകളാണ് വയനാടിനെ ഉഷ്ണഭൂമിയിൽ നിന്ന് വേർതിരിക്കുന്നത്. മറ്റു പ്രദേശങ്ങളിൽ നിന്ന് ഏറെ വ്യത്യാസമുണ്ട് ഇവിടത്തെ കാലാവസ്ഥയ്ക്ക്. ചുരം കയറി എത്തുമ്പോഴേക്കും വീശിയടിക്കുന്ന തണുത്ത കാറ്റാണ് സഞ്ചാരികള്ക്ക് ഏറെ പ്രിയമാകുന്നത്.

വൈവിധ്യമാർന്ന ആവാസ വ്യവസ്ഥയുടെ സഞ്ചയമാണ് ഈ ഹരിതഭൂമി. നിത്യഹരിത വനങ്ങൾ, അർദ്ധ നിത്യഹരിത വനങ്ങൾ, ഇലപൊഴിയും മരങ്ങൾ എന്നിവ കൊണ്ട് സമൃദ്ധമാണ് മലനിരകൾ. ജൈവ സമ്പുഷ്ടതയുടെ അമൂല്യ കലവറയാണ് മറ്റൊരു പ്രത്യേകത.

നഗരവത്കൃത സമൂഹത്തിൽനിന്ന് അവധി പറഞ്ഞെത്തുന്ന വിനോദസഞ്ചാരികളെയാണ് ഈ കാടുകൾ ഏറെ ആകർഷിക്കുന്നത്. വനമേഖലയിലെ പരിസ്ഥിതി സന്തുലന വിനോദ സഞ്ചാരത്തിന്റെ അനന്ത സാധ്യതകളാണ് ഇതിലത്തിന് വേർതിരിയുന്നത്. ഉൾനാടൻ വനാന്തരങ്ങളിൽപ്പോലും സന്ദർശകരെ ആകർഷിക്കാൻ ഇതിനകം തയ്യാറെടുപ്പുകൾ പൂർത്തിയായി. അതതു പ്രദേശത്തെ വനസംരക്ഷണ സമിതികൾ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. പരിസ്ഥിതിക്കും വനാന്തരീക്ഷത്തിനും കോട്ടംതട്ടാത്ത വിധത്തിൽ സഞ്ചാരികളെ ഇവർ കാടുകളിലേക്ക് കൈപിടിച്ചു നടത്തുന്നു.

വനവിസ്തൃതിയിൽ ഏഴാം സ്ഥാനമാണ് വയനാട് ജില്ലയ്ക്ക് ഉള്ളതെങ്കിലും ജീൻപൂൾ മേഖലയിലെ ജൈവവൈവിധ്യം ഈ കാടിന്റെ സമ്പത്താണ്. ദേശീയ തലത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ള ഇരുപത്തഞ്ചോളം സമ്പുഷ്ട ജൈവ കലവറകളിൽ ഒന്നാണിത്. വടക്കേ വയനാട്ടിലെ പേര്യ കുഞ്ഞോം വനമേഖലയാണ് ഏറ്റവും കൂടുതൽ ജൈവികതയുള്ള പ്രദേശം. അമൂല്യമായ ജൈവ നിലനില്പ് വയനാടിനെ ആഗോള തലത്തിൽ പ്രശസ്തമാക്കുന്നു.

പ്രമുഖരായ പല സസ്യവന ശാസ്ത്രജ്ഞന്മാരുടെ ശേഖരത്തിൽ ഈ പ്രദേശങ്ങളിലെ ചെടികളുടെ സാന്നിദ്ധ്യമുണ്ട്. റിച്ചാർഡ് ഹെൻട്രി ബെഡ്ഡോം, സി.ഇ.സി. ഫിഷർ, ഇ. ബോർണി തുടങ്ങിയവർ ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. പ്രാഥമിക പഠനങ്ങളിൽ നിന്ന് തിരിച്ചറിഞ്ഞിട്ടുള്ള അഞ്ഞൂറോളം സസ്യങ്ങളിൽ 128 ജനുസ്സുകളും ഈ പശ്ചിമഘട്ട മലനിരകളിലുണ്ട്. ഇതിൽ 65 ഓളം ജനുസ്സുകൽ വംശനാശ ഭീഷണി നേരിടുന്നവയാണ്. 'യൂജീനിയ അർജന്റീയ' എന്ന കേസലി കുട്ടം 1868–74 കാലഘട്ടത്തിൽ ഇവിടെനിന്ന് കേണൽ ആർ.എച്ച്. ബഡ്ഡോം ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തി. 130 വർഷത്തിനുശേഷം ജീൻ പൂൾ കൺസർവേഷൻ ഏരിയ സർവെ ടീം ഈ ചെടികൾ ഇവിടെ നിലനില്ക്കുന്നതായി കണ്ടെത്തി. ഗവേഷണ വിദ്യാർഥികൾക്ക് ഒഴിച്ചുകൂടാനാവാത്ത 'റോയൽ ഫേൺ' എന്ന പന്നൽച്ചെടിയും ഇവിടെ സമൃദ്ധം.

വെള്ളക്കാശാവ് എന്നറിയപ്പെടുന്ന മെമിസിലോൺ സിസ്പാറൻസി, മിസാ വെല്ല്യൂട്ടിന, റാംഗിയ ഡിസ്പാറൻസിസ്, ഒസ്ബിക്കയ വയനാടൻസിസ് തുടങ്ങി അപൂർവ സസ്യജനുസ്സുകളുടെ പട്ടിക വയനാടൻ കാടുകളിൽ നീളുകയാണ്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളുടെയും അലങ്കാരചെടികളുടെയുംഅമൂല്യ നിധി സൂക്ഷിപ്പുകേന്ദ്രം കൂടിയാണ് ഈ കാടുകൾ. അഗസ്ത്യമലനിരകളിൽ മാത്രമായി കണ്ടുവരുന്ന കാട്ടുതെറ്റി 'ഇക്സറോ അഗസ്ത്യമലയാന ഈ വനാതന്തരങ്ങളിലും കണ്ടെത്തുകയുണ്ടായി. പാമ്പുവിഷത്തിന് പ്രതിവിഷമായി ഇവിടത്തെ ആദിവാസി സമൂഹം ഉപയോഗിച്ചുവരുന്ന 'അല്പം' എന്ന കുറ്റിച്ചെടി ശാസ്ത്രലോകത്തിന് മുതൽക്കൂട്ടായിരിക്കുകയാണ്. ഒരു ദിവസംകൊണ്ട് ജീവിതചക്രം അവസാനിപ്പിക്കുന്ന ശപോജീവിയായ ഓർക്കിഡ് എപ്പിപ്പോജിയം റോസിയം' ജീൻപൂൾ മേഖലയിൽ യഥേഷ്ടം കണ്ടെത്തുകയുണ്ടായി.

വന്യജീവി സമ്പത്തും വയനാടൻ കാടുകൾക്ക് മുതൽക്കൂട്ടാവുന്നു. കേരളത്തിൽ ഇതുവരെ കണ്ടെത്തിയിട്ടുള്ള 97 ഇനം സസ്തനികളിൽ 36 ഇനങ്ങൾ ഇവിടെ നിലനില്ക്കുന്നു. സിംഹവാലൻ കുരങ്ങ്, തേൻകോലൻ, ഫ്ളൈയുഗ സ്കുറൽ എന്നിവ ഇവിടെയുണ്ട്. കടുവ, പുലി, ആന എന്നിവയുടെ എണ്ണത്തിൽ കടുത്ത വംശവർദ്ധനവ് ഉണ്ടാവുന്നതായാണ് സൂചന. കാട്ടുപോത്തുകളും ഇവിടെ സ്വൈരമായി വിഹരിക്കുന്നു.

കേരളത്തിലെ 483 ഇനം പക്ഷികളിൽ 136 എണ്ണം ഈ കാടുകളിൽ കാണപ്പെടുന്നു. നീലതത്ത, നാട്ടുവേഴാമ്പൽ, ഗ്രേഹെഡഡ് ബുൾബുൾ, ഓലേഞ്ഞാലി തുടങ്ങി വംശനാശം നേരിടുന്ന മലബാർ ട്രോഗൺ, ഓറിയന്റൽ സ്കോപ്സ് ഔള്, കറുത്ത ഇരട്ടത്തലച്ചി എന്നിവയും വയനാടിന്റെ ഹരിതകാന്തിയിൽ പാറിനടക്കുന്നു. ഉരഗവർഗത്തിൽപ്പെട്ട രാജവെമ്പാല, മൂർഖൻ, വെള്ളിക്കെട്ടൻ, അണലി, ചുരുട്ട തുടങ്ങിയ 11 ഇനം പാമ്പുകളും രണ്ടിനം ആമവർഗങ്ങളും ഇവിടെ കാണപ്പെടുന്നു.

കേരളത്തിലുള്ള 313 ഇനം ചിത്രശലഭങ്ങളിൽ 109 എണ്ണം ചന്ദനത്തോട് വനമേഖലയിൽ മാത്രം കണ്ടുവരുന്നു. മലബാർ റാവൺ, സതേൺബേഡ്വിങ് എന്നിവയും ഇതിൽപ്പെടും. വയലുകളുടെ നാട്ടിലെ കാടുകളുടെ ജൈവവൈവിധ്യം ഇനിയും നീളുകയാണ്. ഇവയെ സ്വാഭാവിക വനമായി സംരക്ഷിക്കാന് പരിസ്ഥിതി കൂട്ടായ്മകൾ ഏറെ പരിശ്രമിക്കുന്നു.

## പക്ഷിപാതാളം: ചിത്രകൂടൻ പക്ഷികളുടെ ഒളിത്താവളം

ബ്രഹ്മഗിരി മലനിരകളിലെ മഴക്കാടുകൾ താണ്ടി ക്ലേശങ്ങൾ നിറഞ്ഞ വനപാത പിന്നിട്ടാണ് ചിത്രകൂടൻ പക്ഷികളുടെ ഒളിത്താവളമായി. നൂറ്റാണ്ടുകളായി അനേകം മഴപ്പക്ഷികളും വവ്വാലുകളും ഈ ശിലാഗുഹയിൽ അഭയം തേടിയിരിക്കുന്നു. അടുക്കുകളായുള്ള പാറകൾക്കിടയിലൂടെ നുഴഞ്ഞിറങ്ങി വഴിപിരിഞ്ഞ് താണിറങ്ങിയാൽ മഴപ്പക്ഷികളുടെ ഗന്ധം വമിക്കുന്ന ഇരുൾ നിറഞ്ഞ ഗുഹയിലെത്താം. പക്ഷികൾക്ക് സ്വന്തമായുള്ള ഈ പാതാളം പകരം വെക്കാൻ മറ്റൊന്നുമില്ലാത്ത വയനാട്ടിന്റെ മാത്രം വിസ്മയമാണ്.

തിരുനെല്ലി അമ്പലത്തിൽനിന്ന് എട്ടുകിലോമീറ്ററോളം കാട്ടുപാതയിലൂടെ സഞ്ചരിച്ചാണ് പ്രകൃതി സ്നേഹികളായ സാഹസികർ ഇവിടെയെത്തുന്നത്. യാത്രകളിൽ വെല്ലുവിളിയായി ഗരുഡൻപാറയും ചെങ്കുത്തായ പുൽമേടുകളും വനഗഹ്വരതയുടെ തണുപ്പും ആവോളമുണ്ട്. ഏതു സമയവും മുന്നിൽ വന്നേക്കാവുന്ന വന്യമൃഗങ്ങളുടെ കണ്ണുവെട്ടിച്ച് ഇവിടെയെത്തി തിരിച്ച് പോവുകയെന്നതും ശ്രമകരമായ അനുഭവമാണ്.

യാത്രയുടെ തുടക്കത്തിൽ മഞ്ഞുപുതഞ്ഞുനില്ക്കുന്ന ബ്രഹ്മഗിരിയുടെ വിദൂരദൃശ്യമാണ് കണ്ണിൽപ്പെടുക. മൂന്നുകിലോമീറ്റർ പിന്നിട്ട് കഴിഞ്ഞാൽ വാച്ച്ടവറിന് താഴെയെത്താം. കർണാടക-കേരള വനാതിർത്തിയിലെ ഈ ടവറിനു മുകളിൽ കയറിയാൽ താഴെ സമതലത്തിൽ കണ്ണെത്താദൂരം വരെ ഇരുസംസ്ഥാനങ്ങളിലെയും ഗ്രാമങ്ങൾ കാണാം. കൂട്ടമായെത്തുന്ന സഞ്ചാരികൾ ഇതിനു മുകളിൽ മണിക്കൂറുകളോളം കാഴ്ചകൾ ആസ്വദിക്കാറുണ്ട്.

> തിരുനെല്ലി അമ്പലത്തിൽ നിന്ന് എട്ടുകിലോമീറ്ററോളം കാട്ടുപാതയിലൂടെ സഞ്ചരിച്ചാണ് പ്രകൃതി സ്നേഹികളായ സാഹസികർ ഇവിടെയെത്തുന്നത്. യാത്രകളിൽ വെല്ലുവിളിയായി ഗരുഡൻപാറയും ചെങ്കുത്തായ പുൽമേടുകളും വനഗഹ്വരതയുടെ തണുപ്പും ആവോളമുണ്ട്. ഏതു സമയവും മുന്നിൽ വന്നേക്കാവുന്ന വന്യമൃഗങ്ങളുടെ കണ്ണുവെട്ടിച്ച് ഇവിടെയെത്തി തിരിച്ച് പോവുകയെന്നത് ശ്രമകരമായ അനുഭവമാണ്.

പച്ചപുതച്ച ബ്രഹ്മഗിരിയുടെ നെറുകയിലേക്കാണ് പിന്നീടുള്ള യാത്ര. തെരുവപുല്ലുകളെ വകഞ്ഞുമാറ്റി സദാസമയവും വീശിയടിക്കുന്ന കാറ്റിന്റെ തലോടലിൽ മനം മയങ്ങി യാത്രികർ ഇവിടെ വിശ്രമകേന്ദ്രമാക്കുന്നു. ക്ഷീണമകറ്റാൻ കാട്ടരുവികളിലെ തെളിനീരും കണ്ണിനു കുളിരു പകരാൻ താഴ്‌വാരങ്ങളുടെ മനോഹര ദൃശ്യങ്ങളും യഥേഷ്ടമുണ്ട്.

കാട്ടാനകളുടെ വിഹാരകേന്ദ്രമായ കർണാടക വനത്തിലൂടെയാണ് പിന്നീടുള്ള യാത്ര. വനനിബിഡതയിലൂടെ ശബ്ദകോലാഹലങ്ങളില്ലാതെ വേണം ഈ വഴികൾ പിന്നിടാൻ. മൂന്നു കിലോമീറ്റർ പിന്നിടുന്നതോടെ ഗരുഡപ്പാറയിലെത്താം. നൂറടിയോളം ഉയരമുള്ള പാറയുടെ ചെരുവിലാണ് പക്ഷിപാതാളം. നാലു മണിക്കൂറോളം നീണ്ടുനിന്ന വനയാത്രയ്ക്ക് ഇവിടെ വിരാമമായി. പാതാളം ലക്ഷ്യത്തിൽ കണ്ടതോടെ ഇരുളറകളിലേക്ക് കയറി നോക്കാൻ ധൃതിപ്പെടുന്ന സഞ്ചാരികളെ പക്ഷികൾ അലോസരപ്പെടുത്തും. അലയടിച്ച് തലങ്ങും വിലങ്ങും പറക്കുന്ന കടവാവലുകൾ അടങ്ങുമ്പോൾ മാത്രമാണ് പ്രവേശനം സാധ്യമാവുക.

ശിലാപാളികൾക്കിടയിൽ സ്വൈരമായി തൂങ്ങിനില്ക്കുന്ന മഴപ്പക്ഷികളെ ശല്യപ്പെടുത്താതെ ഏതോ അനന്തതയിലേക്കുള്ള വഴികൾ യാത്രികർ ഇവിടെ തിരയുന്നു. ഗുഹാ വഴികൾ ചുരുങ്ങുന്നതോടെ തിരിച്ചുകയറൽ സാഹസികമാവുന്നു. മഴയും വെയിലും കൊള്ളാത്ത നിരവധി പ്രകൃതി നിർമ്മിത ഗുഹകൾ ഇവിടെയുണ്ട്. പത്തോളം പേർക്ക് സുഖമായി കിടന്നുറങ്ങാനും ഭക്ഷണം പാകം ചെയ്ത് കഴിക്കാനുമുള്ള മുനിമടകളും കാണാവുന്നതാണ്. പാറക്കെട്ടുകളിലൂടെ നുഴഞ്ഞിറങ്ങി വെള്ളം ശേഖരിക്കാൻ ഉറവയുമുണ്ട്.

അപൂർവ ഇനം പക്ഷികളും ഈ പാറക്കെട്ടുകളിൽ കൂടൊരുക്കിയിട്ടുണ്ട്. ചിത്രകൂടൻ പക്ഷികളുടെ കൂടുകൾ പോലും വൻ പ്രാധാന്യം അർഹിക്കുന്നവയാണ്. വിദേശ രാജ്യങ്ങളിൽ ഇത് ഉപയോഗിച്ച് സൂപ്പ് ഉണ്ടാക്കുന്നത് പതിവാണ്. പാപനാശിനിയെ പിന്നിടുന്ന ഈ ശിലാഗുഹകളിൽ ആത്മാക്കൾ പക്ഷികളുടെ രൂപം പ്രാപിച്ച് കുടിയുറങ്ങുന്നു എന്ന് വിശ്വാസമുണ്ട്. പാപനാശിനിയിൽ മോക്ഷം പ്രാപിച്ച് ആത്മാക്കൾ പക്ഷികളായി ഗുഹയിൽ അഭയം തേടുന്നതായാണ് ഐതിഹ്യം.



പക്ഷിപാതാളം

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കർണാടകയിൽനിന്നുമാണ് പ്രകൃതിസ്നേഹികൾ ഇവിടെ കൂട്ടമായി എത്തുന്നത്. സ്ത്രീകളും കുട്ടികളും വരെ സംഘത്തിൽ ഉണ്ടാവാറുണ്ട്. ദുഷ്കരമായ പാതകളെ ഇവർ ആവേശത്തോടെ കീഴടക്കുന്നു. ഗരുഡൻപാറയിൽ മുകളിലേക്കുള്ള ട്രക്കിങ്ങിനും ആളുകൾ ഇവിടെയെത്താറുണ്ട്. വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെ തുടർച്ചയായുള്ള വനപാതയായതിനാൽ ഡി.എഫ്.ഒ.യുടെ സമ്മതം വാങ്ങി മാത്രമേ പക്ഷിപാതാളത്തിലേക്കുള്ള യാത്ര സാധ്യമാവുകയുള്ളൂ. വനപാലകരോ വാച്ചർമാരോ സഞ്ചാരികൾക്ക് വഴികാട്ടിയായി കൂടെയുണ്ടാകും. ■

എം. ശ്രീനാഥൻ

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം


പദപാഠം

# പുറം കാഴ്ചകൾ

ബഹ്വർഥസമ്പന്നമായൊരു വാക്കാണ് പുറം. ചരിത്രം പരിശോധിക്കുമ്പോൾ 'അക'ത്തിന്റെ വിപരീതപദമാണ് പുറമെന്നത് പാരമ്പര്യം. പുറത്തിന്റെ പ്രയോഗാർഥഭിന്നതകളും പുറമുൾക്കൊള്ളുന്ന ഭിന്നതകളും പരിശോധിക്കുമ്പോൾ അകമേയുള്ളതല്ലാത്തതാണ് പുറം എന്ന സാമാന്യവിവക്ഷയല്ല പുറം പങ്കിടുന്നതെന്നു കാണാം. സംഘം കൃതികളുടെ അകം-പുറം വിഭജനം പ്രസിദ്ധമാണ്. പുറത്തിലെ വിഷയം യുദ്ധമാണ്. മലയാളത്തിലെ പുറത്തിൽ ശരീരം, വീട്, ഭൂമി (വസ്തു), ആദായം, ദിശ, കല എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയഭൂമികയുണ്ട്. ഇവയൊക്കെയുമായി ബന്ധപ്പെട്ട പുറത്തിന്റെ പൊരുളാരായുകയാണീ പദപാഠത്തിൽ. ഈ പദപാഠത്തിലെ പുറങ്കാഴ്ചകൾ എന്തൊക്കെയാണെന്നു നോക്കാം.

ശരീരത്തിന് ഒരു പുറമുണ്ട്. സവിശേഷമായും സാമാന്യമായും ശരീരം പുറവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേഹത്തിന്റെ പിൻഭാഗം കൃത്യമായി പറഞ്ഞാൽ മുതുകാണ്. പുറമെന്ന സൂചന വരുന്ന സന്ദർഭങ്ങളിൽ ബാഹ്യശരീരം അഥവാ ദേഹം പൂർണമായി ഉൾപ്പെടുന്നില്ല. ഒരു വശം അതും പിൻവശത്തെ ഒരു ഭാഗം, പിൻഭാഗമെന്ന വിവക്ഷയേയുള്ളു. സചേതനമായ മനുഷ്യനിൽ മാത്രമല്ല അചേതനമായ പുസ്തകത്തിന്റെ ശരീരത്തിനും പുറമുണ്ട്. പുറങ്കാലും പുറംകയ്യും പുറവടിയുമൊക്കെ ഒരു വശത്തെ മാത്രം സൂചിപ്പിക്കുന്നു. പുറമ്പൂച്ചും പുറമ്പടയും (പൂച്ചുമരുന്ന്), പുറം കറുപ്പും പ്രയോഗങ്ങളിൽ ബാഹ്യശരീരം സാമാന്യമായി കടന്നുവരുന്നു. ഉള്ളിൽ വെറുപ്പുവെച്ചുകൊണ്ട് പുറമേ ചെയ്യുന്ന സൽക്കാരത്തെയും പുറമെ കാണിക്കുന്ന മോടിയും സൂചിപ്പിക്കുന്ന പുറമേനിയിലും പുറം സാമാന്യാർഥത്തിലാണ്. 'പുറവുറ' മേൽവിരിപ്പാണ്. അതും ശരീരത്തെ ഉൾക്കൊള്ളുന്നു. എന്നാൽ 'പുറക്കരണം' പുറമേയുള്ള കൈ, കാൽ തുടങ്ങിയ അവയവങ്ങളാണ്. 'പുറായി'യിൽ ശരീരത്തിനകത്തുനിന്ന് മലം പുറത്തുപോവുകയാണ്. 'പുറക്കുക' ഋതുവാകലാണ്. അതിന് വീടിന് പുറത്തും ശരീരത്തിനു പുറത്തും എന്ന വിവക്ഷയുണ്ട്.

മുൻവശം പുറമല്ല. പിൻവശമാണ് പുറം. സൈന്യത്തെക്കുറിക്കുമ്പോൾ 'പിമ്പട' പിന്നിലാണ്. ശരീരവുമായി ബന്ധപ്പെട്ടതുപോലെ വീടിനുമുണ്ട് പുറം. ചുവരാണതിന്റെ പുറം. വീട്ടിൽ പുറവായി (വരാന്ത)യുണ്ട്. അത് 'പുറവാര'മോ (അടച്ചുകെട്ടിയ വരാന്ത), അറയ്ക്കു ചുറ്റുമുള്ള പുരമുറിയോ ആകാം. 'പുറന്തിണ്ണ' (ഇറയം) വീടുകളുടെ ഭാഗമാണ്. പ്രധാന കെട്ടിടത്തോട് അനുബന്ധിച്ചുള്ള എന്നാൽ കെട്ടിടത്തിൽ നിന്ന് വേർപെട്ടു നിൽക്കുന്ന എടുപ്പുകളോ, ചെറിയ കെട്ടുകളോ ഉള്ള പുറങ്കെട്ടു



കൾ പഴയവീടുകളുടെ പ്രത്യേകതകളായിരുന്നു. വീടുകൾക്ക് 'പുറവേലി'യോ, 'പുറങ്കിള'യോ (പുറങ്കയ്യാല, മതിൽ) സംരക്ഷണം നൽകിയിരുന്നു. വീടുകൾക്കു പുറമെയുള്ള തുറന്ന സ്ഥലമായ പുറത്തളങ്ങളും പുറച്ചില്ലികളും, കിളിവാതിലുകളുമുണ്ടാകും. ഇവിടെ പുറവുമായി ബന്ധപ്പെടുന്ന ഗൃഹഘടന, ജന്മിത്വകാലഘട്ടിലെ സവർണഗൃഹങ്ങളെ ഓർമിപ്പിക്കുന്നു. അത്തരം വീടുകളിലെ താമസക്കാർ 'പുറപ്പുറ്റു'ള്ളവരായിരിക്കും. കുടുംബധനാദികളോടുള്ള ബന്ധത്തെയാണ് പുറപ്പുറ്റായി കരുതുക.

ഭൂമിയുമായി (വസ്തു) പുറം ബന്ധപ്പെട്ടിരുന്നു. കാടും നാടുമായും ബന്ധമുണ്ടായിരുന്നു. 'പുറങ്കാട്' പുറത്തെ കാടെന്നും ചുടുകാട് എന്നും പറഞ്ഞിരുന്ന നാടിന്റെ അതിർത്തിക്കപ്പുറത്ത് ശവങ്ങൾക്കായുള്ള ഇടം. 'പുറന്തല'മണ്ണ് പാറ പൊട്ടിച്ചിതറിയ ഫലവത്തായ മണ്ണാണ്. സ്വകാര്യ ഉടമയിലുള്ള കണ്ടത്തിന് 'പുറവരമ്പും' 'പുറച്ചെറ'യും ഉണ്ട്. കരമൊഴിനിലമാണ് പുറം. പേരിൽ പതിയാതെ കിടക്കുന്ന സർക്കാർ ഭൂമി 'പുറമ്പോക്കാ'ണ്. ഭൂമി പാട്ടമായി നൽകിയിരുന്നതാണ് 'പുറമ്പാട്ടം'. 'പുറക്കടം' വസ്തുക്കളുമായി ബന്ധപ്പെടുന്നതാണ്. ഒരു കടത്തിന് പുറകേയുള്ള മറ്റൊരു കടം. ആധാരത്തിൽ ഉൾപ്പെടാതെ വാങ്ങിച്ച ദ്രവ്യമെന്നും മേൽകാണമെന്നുമൊക്കെ പുറക്കടത്തിന് വിവക്ഷയുണ്ട്. പുറക്കടം സംബന്ധിച്ചുള്ള ആധാരമാണ് 'പുറമുറി'.

'പുറവക'യും 'പുറവക'ക്കരവും പുറച്ചെലവാണ്. വേലക്കാർക്കും മറ്റുമുള്ള ചെലവാണത്. പുറമേനിന്നുള്ള 'വരവാ'ത്രെ 'പുറവരവ്'. 'പുറവരി' നികുതിയാണെങ്കിൽ 'പുറവായ്പ' പുറക്കടവും മേൽക്കാണവുമാണ്. വരവും ചെലവും വിവരമായിട്ടെഴുതിയ കണക്കാണ് 'പുറവട'. ചാലപ്പുറം, കരപ്പുറം തുടങ്ങി ഒട്ടേറെ സ്ഥലനാമങ്ങളും പുറവുമായി ബന്ധപ്പെട്ടുണ്ട്.

കൂടിയാട്ടവുമായി ബന്ധപ്പെട്ട പുറപ്പൊരുളും കഥകളിയിലെ 'പുറപ്പാടും' കേരളീയ രാഗമായ 'പുറനീരും' തിരശ്ശീലയ്ക്ക് പുറത്തു ചെയ്യുന്ന നൃത്തമായ 'പുറചാരി'യും കളരിപ്പയറ്റിലെ അടവായ 'പുറതാര'യും പൂണുനൂലില്ലാത്ത അമ്പലവാസിയായ പുറപ്പൊതുവാളും ദിശാസൂചകങ്ങളായ മേഘവും പടിഞ്ഞാറുമൊക്കെ പുറം കാഴ്ചകൾ തന്നെ. ■



# ആരോഗ്യവും ഭക്ഷണവും

ഡോ.വേണു തോന്നക്കലിന്റെ 23 ാമത്തെ പുസ്തകമാണ് 'മാനവന്റെ അമൃതേത്ത്'. നിത്യജീവിതത്തിനാവശ്യമായ ശാസ്ത്രസത്യങ്ങൾ, അത് എത്ര ദുർഗ്രാഹ്യമാണെങ്കിലും സാധാരണക്കാരനുപോലും മനസ്സിലാകുന്നതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് ഈ എഴുത്തുകാരന്റെ പ്രത്യേകതയാണ്.




മനുഷ്യജീവിത നിബന്ധിയായ ഉയർന്ന ശാസ്ത്രതലം അനാവരണം ചെയ്തുകാണിക്കുകയാണ് 'മാനവന്റെ അമൃതേത്ത്' എന്ന ഈ കൃതി. മനുഷ്യജീവിതത്തിന്റെ മറ്റേതു തലം പോലെയോ അതിലുപരിയോ പ്രാധാന്യമുള്ളതാണ് ആരോഗ്യം. അതിനുകാരണമാകുന്ന ഭക്ഷണം, ജീവിതക്രമങ്ങൾ, മറ്റുരൂപപ്പെടലുകൾ ഇതൊക്കെയും വളരെ ശ്രദ്ധയോടെ ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ വിവരിക്കുന്നു. ഭക്ഷ്യവസ്തുക്കൾ ,മറ്റു പഴവർഗങ്ങൾ, അതിലടങ്ങിയിരിക്കുന്ന ശരീരോർജം, രോഗകാരകങ്ങളായ ഘടകങ്ങൾ, രോഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ തുടങ്ങി സജീവമായൊരു ശാസ്ത്രബോധത്തിന്റെ,അടയാളപ്പെടുത്തലുകളാണീ പുസ്തകം.

സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ പേര്, തൈരിന്റെ മേന്മ വിവരിക്കുന്ന ഒരു ലേഖനത്തിന്റേതാണ്. കൂണുകളുടെ മഹാത്മ്യം വിവരിക്കുന്ന ലേഖനം, പേരക്കായുടെ പോഷകമൂല്യം, നമ്മൾ അല്പം മാറ്റിനിർത്തുന്ന മുളകിന്റെ ഗുണങ്ങൾ, ജീരകം, കൊടമ്പുളി, സോയാബീൻ, കാബേജ്, സർപ്പഗന്ധി, ജീവകങ്ങളെക്കുറിച്ചു വിവരിക്കുന്ന ലേഖനം, തേനിനെക്കുറിച്ച്, അമ്ലങ്ങളെക്കുറിച്ച്, പുകയിലയുടെ ദോഷങ്ങൾ നാളികേരത്തിന്റെ വിശേഷങ്ങൾ, തക്കാളിയുടെ ഗുണങ്ങൾ, കറ്റാർവാഴയുടെ മഹത്വം, അടുക്കളയിൽ നാം ഉപയോഗിക്കുന്ന വ്യഞ്ജനങ്ങളുടെ പ്രത്യേകതകൾ, നെല്ലിക്കയുടെ മഹത്വം. തുടങ്ങി കൗതുകകരവും വായനക്കാരന്റെ ശാസ്ത്രബോധത്തെ ഉദ്ദീപിപ്പിക്കുന്നതുമായ ഇരുപത്തിനാലു ലേഖനങ്ങൾ. 60 രൂപയാണ് വില

**പൂവച്ചൽ രത്നാകരൻ**

ഡോ. മെറ്റൽഡ

# ചരിത്രസ്പന്ദനങ്ങളുമായൊരു ഘടികാരം

ഇന്നത്തെപ്പോലെ വാച്ചും ക്ലോക്കും ആധുനിക സമയപരിപാലന സംവിധാനങ്ങളൊന്നും പ്രചാരത്തിലില്ലായിരുന്നകാലത്ത് തിരുവിതാകൂർ ജനതയെ സമയബോധമുള്ളവരാക്കുന്നതിൽ കാലാകാലങ്ങളിൽ ഭരണം നടത്തിയിരുന്ന മഹാരാജാക്കന്മാർ ശ്രദ്ധാലുക്കളായിരുന്നു എന്നതിന് പല തെളിവുകളും ഇന്നും അവശേഷിക്കുന്നു. അവയിലൊന്നാണ് തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന സൂര്യഘടികാരം. ഇന്നും ഇതിന്റെ മാതൃക പുത്തൻ മാളിക എന്ന കുതിരമാളികയിലെ മ്യൂസിയത്തിൽ സൂക്ഷി



ച്ചിരിക്കുന്നു. എന്നാൽ കാണികൾക്ക് വിസ്മയവും ജ്ഞാനികൾക്ക് തിരുവിതാംകൂർ ചരിത്രത്തിലേക്കൊരു വിരൽചൂണ്ടിയുമായി കാലത്തെ അതിജീവിച്ച് ഒരു ഘടികാരം അനന്തപുരിക്കഭിമാനമായി ഇന്നും സ്പന്ദിക്കുന്നു. ഇതത്രെ വിഖ്യാതമായ മേത്തൻ മണി.

ശ്രീപത്മനാഭ ക്ഷേത്രത്തിലേക്കുള്ള റോഡിന്റെ ഇടതുവശത്ത് പത്മതീർഥക്കുളത്തിന് മുമ്പിലെ ചൊക്കത്താൾമണ്ഡപം അഥവാ കരുവേലപ്പുരമാളികയുടെ മുകളിലത്തെ നിലയിൽ വാസ്തുശിൽപ്പചാതുരി വിളിച്ചോതുന്ന മുഖപ്പിലാണ് മേത്തൻ മണിയുടെ സ്ഥാനം. ആധുനിക ക്ലോക്കിലേതുപോലെയാണെങ്കിലും റോമൻ അക്കങ്ങളിൽ മണിക്കൂറുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഈ ഘടികാരത്തിന് ഒട്ടേറെ സവിശേഷതകളുണ്ട്. ചിത്രഭംഗിയാർന്ന ലതയാൽ ചുറ്റപ്പെട്ട പ്രതലത്തിലാണ് മണിക്കൂറും മിനിട്ടും രേഖപ്പെടുത്തിയിരിക്കുന്ന സൂചികൾ ചലിക്കുന്നത്. ലതയുടെ രണ്ടറ്റവും അവസാനിക്കുന്നിടത്ത് തിരുവിതാംകൂറിന്റെ രാജകീയ ചിഹ്നമായ രണ്ടു ശംഖുകൾ മുദ്രണം ചെയ്തിരിക്കുന്നു. ഇവയ്ക്കിടയിൽ മുട്ടുമടക്കി ഇടിക്കാൻ സദാസന്നദ്ധരായി നിൽക്കുന്ന രണ്ട് ആട്ടിൻ കുട്ടികൾ. അവയുടെ മധ്യേ ഒരാളുടെ ശിരസ്സ്. ഇത് ഒരു മുസ്‌ളിമിന്റെ തലയെന്നാണ് ചരിത്രരേഖകളിൽ നിന്നു കണ്ടെത്താൻ കഴിയുന്നത്. മണിക്കൂറുകൾ തോറും പെൻഡുലത്തിന്റെ സ്പന്ദനത്തിനനുസരിച്ച് ശിരസ്സ് വായ് തുറക്കുമ്പോൾ മണിനാദം മുഴങ്ങുകയും ആട്ടിൻകുട്ടികൾ മുഖത്ത് ഇരുവശത്തുമായി ഇടിച്ച് വായ് അടപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതായി ഈ ഘടികാരത്തിൽ ചിത്രീകരിച്ചിരിക്കുന്നു.





മേത്തൻ മണിയെക്കുറിച്ച് കൂടുതൽ വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിട്ടുള്ളതുമായ മതിലകം രേഖകളിൽ നിന്നാണ്. ഇക്കാലത്ത് ഭരണം നടത്തിയിരുന്നത് കാർത്തികതിരുനാൾ ധർമരാജാവായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നു തിരുവിതാംകൂറിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേക്കു മാറ്റിയത്. അതോടെ മഹാരാജാവ് കൂടുതൽ സമയം തിരുവനന്തപുരത്തു കഴിച്ചുകൂട്ടി. മറ്റനേകം കൊട്ടാരങ്ങൾ ധർമരാജാവ് പണികഴിപ്പിച്ചെങ്കിലും എടുത്തുപറയേണ്ട ഒന്നാണ് പത്മതീർഥക്കരയിൽ മേത്തൻ മണി സ്ഥിതിചെയ്യുന്ന കരുവേലപ്പുരക്കൊട്ടാരം.

ക്രിസ്തുവർഷം 1771 മതിലകം രേഖയിൽ നിന്ന് മേത്തൻ മണിയുടെ പേരിനെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നു. രാജകല്പനയനുസരിച്ച് ചെമ്പുകൊണ്ട് മേത്തൻ തലയും കിടാരങ്ങളും തീർപ്പാൻ ഖജനാവിലെ പണം ചെലവാക്കിയതായി ഈ രേഖയിൽ പരാമർശമുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേത്തൻ മണിയുടെ സ്ഥാപകൻ കാർത്തികതിരുനാൾ ധർമരാജാവാണെന്ന് അനുമാനിക്കാം.

## ആദരസൂചകമായ മണി

ധർമരാജാവിന്റെ ഭരണകാലത്ത് മുസ്‌ളിങ്ങളുടെ ഉദ്ധാരണത്തിനായി പലപ്രവർത്തനങ്ങളും നടന്നതായി രേഖകളുണ്ട്. 1756 മുതൽ 1798 വരെ നാല് പതിറ്റാണ്ടിലധികം ഭരണം നടത്തിയ അദ്ദേഹം സ്തുത്യർഹമായ ഭരണം കാഴ്ച വെക്കുകയുണ്ടായി. നീതിനിഷ്ഠയോടെ രാജ്യം ഭരിച്ച മഹാരാജാവ് മുസ്‌ളിങ്ങളെ കൊട്ടാരത്തിലെ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തിയിരുന്നു. അവർക്കുവേണ്ടി അട്ടക്കുളങ്ങരയിൽ മുസ്ലീം പള്ളി പണികഴിപ്പിച്ചു. മണക്കാടു പ്രദേശത്തെ കൊട്ടാരം വക കുതിരലായം സൂക്ഷിക്കാൻ അന്നത്തെ മുസ്‌ളിം പ്രധാനികളായ പഠാനികളെ നിയോഗിച്ചതും മഹാരാജാവുതന്നെ. മുസ്‌ളിം വിഭാഗത്തോടുള്ള ആദരസൂചകമായി മേത്തൻമണി സ്ഥാപിച്ചു എന്നു കരുതാം. ധർമരാജാവിനുശേഷം ഭരണം നടത്തിയ രാജാക്കന്മാർ മേത്തൻ മണിയിൽ പല പരിഷ്‌കാരങ്ങളും നടത്തിയിട്ടുണ്ട്. അതാണ് ഇന്ന് നാം കാണുന്ന മേത്തൻ മണി.

1829 ൽ രാജ്യഭരണം ഏറ്റ സ്വാതിതിരുനാളിന്റെ ഭരണകാലത്ത് തിരുവനന്തപുരത്തു സ്ഥാപിച്ച നാഴികമണിയന്ത്രത്തിൽ മുസ്‌ളിമിന്റെ മുഖവും അതിന് ഇരുവശത്തുമുള്ള ആട്ടിൻകുട്ടികളെയും മോടിപിടിപ്പിച്ചതായി രേഖകളുണ്ട്. മാസം 650 പണം ശമ്പളമായി നൽകി ജോൺ ക്രിസ്ത്യനെ ക്ലോക്ക് മണിയുടെ ചുമതല ഏൽപ്പിച്ചിരുന്നതായും പറയുന്നു. വച്ചിയൂരിൽനിന്നെത്തിയ കൊല്ലനാണ് ക്ലോക്കിന്റെ അറ്റകുറ്റപ്പണികൾ ചെയ്തിരുന്നത്. അയാളുടെ വംശപരമ്പരയിൽപ്പെട്ടവരാണ് പിൽക്കാലത്ത് അറ്റകുറ്റപ്പണികൾ ചെയ്യുന്നതെന്നും അറിയുന്നു.

ഇന്ന് തിരുവനന്തപുരത്തെ കവടിയാർ കൊട്ടാരത്തിലെ മാർത്താണ്ഡവർമ മഹാരാജാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് കരുവേലപ്പുര കൊട്ടാരം. ഇതിന്റെ ആദ്യനിലയിൽ കൊട്ടാരം ഓഫീസ് പ്രവർത്തിക്കുന്നു. മേത്തൻമണിയുടെ ദൈനംദിന പ്രവർത്തനം സുഗമമാക്കുന്നതും ഇവിടെ നിന്നുതന്നെ. ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ഈ ഘടികാരം നൂറ്റാണ്ടുകളിലൂടെ പലവിധ മാറ്റങ്ങൾക്കും വിധേയമായതായി കാണാം. ഇതിനകംതന്നെ ഘടികാരത്തെ പല പ്രാവശ്യം അറ്റകുറ്റപ്പണിക്ക് വിധേയമാക്കിയിട്ടുണ്ട്. ആശാരിമാരുടെ സഹായത്തോടെ ഇത് നിർവഹിച്ചുപോരുന്നു. ദിവസവും പ്രവർത്തനക്ഷമമാക്കുന്ന ഈ മണിയുടെ പെൻഡുലമായി വർത്തിക്കുന്നത് ഭാരമേറിയ കല്ലാണ്.

കാലപ്പഴക്കം മേത്തൻമണിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഇപ്പോൾ പ്രവർത്തനത്തിനനുസരിച്ച് മനുഷ്യന്റെ മുഖത്ത് ആടുകൾ മണിക്കൂറുകൾതോറും ഇടിക്കുന്നില്ല. ഘടികാരത്തിന്റെ മെഷീനു കാലപ്പഴക്കം സംഭവിച്ചതാണ് കാരണം. എങ്കിലും ഒട്ടേറെ ചരിത്രസംഭവങ്ങൾക്കു സാക്ഷിയായി കരുവേലപ്പുര കൊട്ടാരത്തിലെ ഈ നാഴികമണി കാലത്തിന്റെ സ്പന്ദനങ്ങൾക്കനുസരിച്ച് സൂചികൾ ചലിപ്പിച്ച് ചരിത്രവിസ്മയമായി നില കൊള്ളുന്നു. ■

വിനോദസഞ്ചാരം

പി.എം. മണി വെള്ളറട



# നെയ്യാർ ഡാം അഗസ്ത്യന്റെ വരദാനം

തലസ്ഥാന നഗരിയിൽ നിന്നും മുപ്പതു കിലോമീറ്റർ കിഴക്കുമാറി അഗസ്ത്യമാമുനിയുടെ പാദങ്ങൾ പുണർന്നു നമിക്കുന്ന നെയ്യാർ - പള്ളിയാർ, മുല്ലയാർ, മീൻമുട്ടി, കരിപ്പയാറുകളുടെ മാതാവാണ്.

നെയ്യാറിലെ അണക്കെട്ട് ഇന്ന് തിരുവനന്തപുരം ജില്ലയിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നാണ്. കുട്ടികളുടെ ഉദ്യാനപാർക്ക്, റിസോർട്ട്, ബോട്ട് സവാരി, ഡാം ടോപ്പ്, പിക്നിക് ഹാൾ പ്രോജക്ട് ഹൗസ്, തുറന്ന ജയിൽ, മാൻ പാർക്ക്, സഫാരി പാർക്ക്, ചീങ്കണ്ണിപാർക്ക്, പവിലിയൻ, ഗോപുരം, എന്നിവ ഇവിടുത്തെ കാഴ്ചകളാണ്.

## പിരാനയും ചീങ്കണ്ണി മത്സ്യവും

പുതുതായി പ്രവർത്തനമാരംഭിച്ച അക്വേറിയത്തിൽ നാൽപ്പതിനായിരം വ്യത്യസ്ത മത്സ്യങ്ങളാണ് അന്തേവാസികൾ. ഭയാനക വേട്ടക്കാരൻ പിരാന ഇവിടെ മൂന്നെണ്ണമുണ്ട്. നരഭോജിയായ ഈ മത്സ്യം ശുദ്ധജലത്തിലും വസിക്കുമെന്ന് നെയ്യാർ അക്വേറിയം തെളിയിക്കുന്നു. കൂട്ടിനുള്ളിലും ഇവയ്ക്ക് മത്സ്യവും മാംസവും ലഭിക്കണം. ഇല്ലെങ്കിൽ പരസ്പരം കൊന്നുതിന്നും.

മറ്റൊരു വ്യത്യസ്തയിനം പരാക്രമിയാണ് ചീങ്കണ്ണിമത്സ്യം (Alligator gar). എന്തിനേയും പതിയിരുന്നാക്രമിക്കുന്ന ഈ മത്സ്യത്തിന് ചീങ്കണ്ണിക്കു സമാനമായ ചുണ്ടും പല്ലുകളുമുണ്ട്. നല്ല നീളവും ചീങ്കണ്ണിക്ക് സമാനമായ വർണവും ഇതിന്റെ പ്രത്യേകതയാണ്. ജലത്തിന്റെ അടിത്തട്ടിലാണ് ആവാസം. അടുത്തെത്തുന്ന ഏതു ജീവിയേയും ഇവൻ ആക്രമിക്കും. അസ്ത്രവേഗതയുള്ള പരാക്രമം കൂറ്റൻ ജീവികളെയും തളർത്തും.



മൂന്നു മീറ്ററോളം വളരുന്ന അരാപമാകൊയ് കാർപ്പ്, ഇരട്ടമത്സ്യമെന്ന് തോന്നിക്കുന്ന ഫ്ളവർ ഹോൺ, നടക്കുന്ന മത്സ്യം, ഷാർക്ക് ഓസ്കാർ, അരോണ, പൂച്ചമത്സ്യം,, ടൈഗർഷാർക്ക്, ഫയർ റെഡ് ഓസ്കാർ, ടിൻ ഫോയിൽബാർബ്, ജയിന്റ് ഗൗരമി, അൾബിനോ പീകോക്ക്, ഡിസ്കസ് ടെറ്റ്റസ്, തത്തമത്സ്യം, ബ്ലാക് ഗോസ്റ്റ്, ഏഷ്യാറ്റിക് ഫിഷ്, മിസ് കേരളയും ഇവിടുത്തെ മത്സ്യസമ്പത്തിലുണ്ട്.

പ്രവേശനം പാസ്മുഖേനയാണ്. മുതിർന്നവർക്ക് 20 രൂപയും കുട്ടികൾക്ക് 10 രൂപയുമാണ്.

## ചീങ്കണ്ണി പാർക്ക്

നെയ്യാർ ഡാമിൽ വനം വന്യജീവി സങ്കേതത്തിൽ 23 ചീങ്കണ്ണികളെ അടുത്തു നിന്നുകാണാം. 12 കുളങ്ങൾക്കുചുറ്റും സുരക്ഷിതമായ ഇരുമ്പുവലയുണ്ട്. സഞ്ചാരികൾക്ക് പേടിയില്ലാതെ അടുത്തുനിൽക്കാൻ ഇതു സഹായിക്കുന്നു.


## മാൻ പാർക്ക്

നെയ്യാർ ഡാമിലെത്തുന്ന സഞ്ചാരികളെ ആകർഷിക്കുന്ന മറ്റൊരു പാർക്കാണ് നെട്ടുകാൽത്തേരി മാൻപാർക്ക്. നെയ്യാർ അണക്കെട്ടിൽ നിന്നും മൂന്നു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന നെട്ടുകാൽത്തേരിയിൽ ചീങ്കണ്ണി പുനരധിവാസകേന്ദ്രവും കാണാം. ഇവിടെ പ്രവേശിക്കുന്നതിന് നെയ്യാർ വന്യജീവിസങ്കേത അധികൃതരുടെ അനുമതി വേണം. ഫോട്ടോ എടുക്കുന്നതിന് പ്രത്യേകം ഫീസ് നൽകണം.

## സഫാരി പാർക്ക്

ഇവിടുത്തെ സഫാരി പാർക്കിൽ ആറ് സിംഹങ്ങളുണ്ട. അതിൽ നാലും പെൺ സിംഹങ്ങൾ. ബസ് യാത്രയാണെങ്കിൽ ഒരാളിന് അൻപതു രുപയും ബോട്ടിൽ 200 രൂപയും നൽകണം. ■





■ **കവിത കുമാരി ഐ.എസ്.**




# പുനർജന്മം

വാടകവീടിന്റെ ഇറയത്തുനിന്ന് നോക്കുമ്പോൾ കാണാൻ കഴിയുന്ന അമ്പലത്തിൽ ഉത്സവമാണ്. പെറ്റിക്കോട്ട് ഇട്ടു നിൽക്കുന്ന അഞ്ചുവയസ്സുള്ള എനിക്ക് അമ്പലത്തിലെ ആനയും അമ്പാരിയും തോരണങ്ങളും കൗതികമായിരുന്നു. അതിലേറെ കൗതുകം അവിടെ ആകെയുണ്ടായിരുന്ന ഒരു ബലൂൺവിൽപ്പനക്കാരന്റെ കയ്യിലുള്ള ബലൂണുകളായിരുന്നു. കയ്യിലുണ്ടായിരുന്ന കളിപ്പാട്ടങ്ങൾ മാറ്റിവെച്ച് മേശപ്പുറത്തിരുന്ന രണ്ടുരൂപ നോട്ടുമെടുത്ത് ആരും കാണാതെ റോഡ് മുറിച്ചുകടന്ന് അയാളുടെ അടുത്തേക്കോടി. അയാളുടെ കയ്യിലുണ്ടായിരുന്ന ബലൂണിലായിരുന്നില്ല എന്റെ ശ്രദ്ധ. ഓറഞ്ച് നിറത്തിലുള്ള ഒരു പ്ലാസ്റ്റിക് പാവക്കുട്ടി, അതിലായിരുന്നു എന്റെ നോട്ടം. എന്നേക്കാൾ പൊക്കമുള്ള ബലൂൺ സ്റ്റാന്റിലെ പാവയെ ഞാൻ കൊതിയോടെ നോക്കി. എന്റെ കയ്യിലിരിക്കുന്ന രണ്ടുരൂപ കണ്ട് അയാൾ അതിന് അത്രയും വിലയിട്ടു. ഞാനത് വാങ്ങി വീട്ടിലേക്കോടി. അമ്മയുടെ വക ശകാരം, ആരും കാണാതെ റോഡു മുറിച്ചുകടന്നുപോയതിന്, ഇത്രയും വിലകൊടുത്ത് പ്ലാസ്റ്റിക് പാവയെ വാങ്ങിയതിന്. എന്നിരുന്നാലും പാവ എന്റെ കയ്യിലായല്ലോയെന്ന് ഞാൻ സന്തോഷിച്ചു.

ആദ്യം ഞാനതിനെ കുളിപ്പിച്ചു. പിന്നെ എന്റെ കളിയും ഉറക്കവും എല്ലാം അതിനോടൊപ്പമായി. മെല്ലെ അതെന്റെ സ്വന്തം കുഞ്ഞായി. ഞാനതിന് മണിക്കുട്ടി എന്ന് പേരുവിളിച്ചത് വീട്ടിൽ ആരും അറിഞ്ഞിരുന്നില്ല. എന്റെ രണ്ട് സഹോദരന്മാർക്കും അവളൊരു കൗതുകമായിരുന്നു. എങ്കിലും മണിക്കുട്ടി എന്റെ മാത്രമായിരുന്നു. ഒരിക്കൽ ഞങ്ങൾ മൂന്നുപേരും കൂന കൂട്ടിയിട്ടിരുന്ന മണ്ണിൽ കളിക്കുകയായിരുന്നു. മണിക്കുട്ടി കുളിച്ചു സുന്ദരിയായി എന്റെ ഒക്കത്തുണ്ട്. അവർ എന്റെ കയ്യിൽ നിന്നും അവളെ വാങ്ങി മണ്ണിൽ കുഴിച്ചിട്ടു. അതിനു മുകളിൽ ആവേശത്തോടെ മണ്ണ് കോരിയിട്ടു. ഇനി മണ്ണുമാറ്റി അതിനെ പുറത്തെടുക്കുക, അതായിരുന്നു കളി. മണ്ണ് മാറ്റിയിട്ട് ആദ്യമൊന്നും അവളെ കണ്ടെത്തിയില്ല. അന്നത്തെ കളി അതോടെ അവസാനിച്ചു. പിറ്റേന്ന് സ്കൂളിൽ പോയി. പിന്നെ ശനിയാഴ്ചവരെ കാത്തിരുന്നു, മണ്ണുമാന്തി കുട്ടിയെ തിരയാൻ. എന്റെ കുഞ്ഞിക്കൈകൾ മണിക്കുട്ടിക്കുവേണ്ടി മണ്ണ് മാന്തി. എന്നെ കാണാതെ മണിക്കുട്ടി മണ്ണിനടിയിലൊളിച്ചു. പിന്നീടുള്ള രാത്രികളിൽ ഞാൻ മണിക്കുട്ടിയില്ലാതെ ഉറങ്ങി. പിന്നെ ഞാനവളെ കണ്ടതേയില്ല.



വർഷങ്ങൾ പലതും കഴിഞ്ഞു. ഒരു കൊച്ചു നൊമ്പരമായി അവളെന്റെ മനസ്സിൽ ഇടംപിടിച്ചു. ജീവിതയാത്രയിലേപ്പോഴെങ്കിലും ഒരു കൂട്ടായി മണിക്കുട്ടി പുനർജനിക്കുമെന്ന് ഞാൻ പ്രത്യാശിച്ചു. പാവക്കുട്ടിയെ എടുത്ത് കളിക്കുന്ന പ്രായം കഴിഞ്ഞപ്പോൾ ജീവനുള്ള മണിക്കുട്ടിയെ ഞാൻ താലോലിച്ചു. അവൾക്കുവേണ്ടി താരാട്ടുപാട്ടുകൾ മൂളി. എന്നിട്ടും മണിക്കുട്ടി പുനർജനിച്ചില്ല. വർഷങ്ങൾ നീണ്ട കാത്തിരിപ്പ്. എന്റെ കൂടെ മണിക്കുട്ടി ഇല്ലാതിരുന്നതിനാൽ എല്ലാവരും എന്നോട് സഹതാപം കാണിച്ചു. മറ്റെന്ത് ഉണ്ടായാലും സ്വന്തമായി ഒരു കുഞ്ഞില്ലെങ്കിൽ എന്ത് ജീവിതം എന്ന സഹതാപവാക്കുകൾ. പുരോഗമനവാദികളും യാഥാസ്ഥിതികരും ഉൾപ്പെടുന്ന എന്റെ ബന്ധുമിത്രാദികൾ സ്വന്തമായി ഒരു കുഞ്ഞില്ലാത്തത് ശൂന്യതയാണെന്നും അതില്ലാത്ത മറ്റെന്തലങ്കാരങ്ങളും വ്യർഥമാണെന്നും വിധിയെഴുതി. കുടുംബത്തിലെ ചടങ്ങുകളിൽ നിന്നും ഞാൻ പിന്മാറി. അന്ന് മണ്ണിനടിയിലേക്ക് ഊളിയിട്ടുപോയ എന്റെ മണിക്കുട്ടി പുനർജനിക്കണേയെന്ന് ഞാൻ അഹോരാത്രം പ്രാർഥിച്ചു. ജീവിതത്തിൽ കാലിടറുമ്പോൾ നിശ്ചയമായും കൂടെ നിൽക്കേണ്ടവർ എന്റെ അവസ്ഥയിൽ സഹതപിച്ച് മാറിനിന്നു. ഞാൻ തനിച്ചായി. വയസ്സായ അച്ഛന്റെയും അമ്മയുടെയും മനസ്സിന് വയസ്സാകാത്തത് എനിക്ക് പിൻബലമായി. പിന്നെ നിലനിൽപ്പായിരുന്നു എന്റെ പ്രശ്നം. അപ്പോഴും മനസ്സിൽ ഒരു കാര്യം ഉറപ്പിച്ചു. എന്റെ ദുഃഖം പേറുന്നവരോടൊപ്പം സഹതപിക്കുന്നതിനുപകരം പതറാതെ മുന്നട്ടു പോകാനുള്ള യന്ത്രം എന്നിൽ നിന്ന് അവരിലേക്കും അവരിൽ നിന്ന് എന്നിലേക്കും പകരുക.

കാലം കുറേ കഴിഞ്ഞപ്പോൾ എന്റെ മനസ്സിന്റെ കൊച്ചു നൊമ്പരമായിരുന്ന മണിക്കുട്ടിക്ക് ഒരു ജീവന്റെ തുടിപ്പ്. എന്റെ മണിക്കുട്ടി പുനർജനിക്കുന്നതായി ഞാനറിഞ്ഞു. ഒൻപതു മാസവും പതിനൊന്ന് ദിവസവും എന്റെ ഉള്ളിൽ കൈകാലിട്ടടിച്ചു കളിച്ച മണിക്കുട്ടി ഈ ഭൂമുഖത്ത് എന്റെ സ്വന്തം മകളായി വന്നു. അന്ന് മണ്ണിൽ കുഴിച്ചിട്ടതിന് ചുണ്ടുകൾ കോട്ടി പരാതിപറഞ്ഞു. എങ്കിലും മണിക്കുട്ടിയുടെ പുനർജന്മത്തിൽ ഞാൻ ആവേശം കൊണ്ടു. എന്നോട് സഹതപിച്ചവരോടും എന്റെ ദുഃഖത്തിൽ പങ്കുകൊണ്ടവരോടും കാലം നൽകിയ മറുപടിയാണ് മണിക്കുട്ടി. ഒരാൾക്ക് സഹിക്കാൻ കഴിയുന്നത്ര പീഡനങ്ങൾ മാത്രമേ ദൈവം കൊടുക്കുകയുള്ളൂ എന്ന സത്യം ഞാൻ തിരിച്ചറിയുന്നു. ■



■ വി.വി. പ്രഭാകരൻ

# മനോഹരം, മായികം
# യക്ഷഗാന ബൊമ്മയാട്ടം

**കേരളത്തിലെ ഏക യക്ഷഗാന ബൊമ്മയാട്ട കലാകേന്ദ്രത്തെക്കുറിച്ച്**

കർണാടക സംസ്കൃതിയുടെ മുഖമുദ്രയെന്നു വിശേഷിപ്പിക്കാവുന്ന കലാരൂപമാണ് യക്ഷഗാനം. ഇന്ത്യയിലെ നാടോടി കലകളുടെയും ക്ലാസിക്കൽ നൃത്തരൂപങ്ങളുടെയും സമകീർത്ത പ്രതീകമായ യക്ഷഗാനം ദക്ഷിണ കർണാടകയിലെന്നപോലെ കാസർകോട് പ്രദേശത്തും നൂറ്റാണ്ടുകളായി പ്രചുരപ്രചാരത്തിലുണ്ട്. ഭാഷകളുടെയും സംസ്കാരങ്ങളുടെയും സംഗമഭൂമിയായ കാസർകോടുമായി യക്ഷഗാനത്തിന് നാഭീനാളബന്ധമാണുള്ളത്. യക്ഷഗാനകുലപതി പാർഥിസുബ്ബന്റെയും ഈ രംഗത്തെ അനേകം കലാചാര്യന്മാരുടെയും ഭൂമിയായ കാസർകോട്ട് യക്ഷഗാനബയലാട്ടത്തോടൊപ്പം അപൂർവ ചാരുതയാർന്ന ബൊമ്മയാട്ടവും നിറശോഭചൊരിയുന്നു.

യക്ഷഗാനത്തിൽ നിന്നും ഇതൾവിരിഞ്ഞ 'ബൊമ്മയാട്ടം' അഥവാ പാവക്കൂത്ത് കേരളത്തിലെ തോൽപ്പാവക്കൂത്തിനെ അനുസ്മരിപ്പിക്കുന്നു. യക്ഷഗാനത്തിന് ആധാരമായ കഥാപ്രമേയങ്ങൾ കാച്ചിക്കുറുക്കിയ രൂപത്തിൽ പാവക്കൂത്തിലൂടെ അവതരിപ്പിക്കുകയാണിവിടെ. നിഴലും വെളിച്ചവും ഉപയോഗിച്ചുള്ള മനോഹരവും മായികവും കാവ്യാത്മകവുമായ കലാപ്രകടനമാണിത്.

കേരളത്തിലെ ഏക യക്ഷഗാനബൊമ്മയാട്ട കലാകേന്ദ്രമാണ് കാസർകോട് പുലിക്കുന്നിലെ ഗോപാലകൃഷ്ണ യക്ഷഗാന ബൊമ്മയാട്ടസംഘം. അന്താരാഷ്ട്ര അംഗീകാരത്തിന്റെ പെരുമയിലുള്ള ഗോപാലകൃഷ്ണ ബൊമ്മയാട്ട സംഘം മൂന്നു പതിറ്റാണ്ടിന്റെ നിറവിലും തിളക്കത്തിലുമാണിപ്പോൾ.

യക്ഷഗാനകുലപതി കുമ്പള പാർഥിസുബ്ബയുടെ വംശപരമ്പരയിൽപ്പെട്ട പുലിക്കുന്നിലെ കെ.വി. രമേശന്റെ നേതൃത്വത്തിലുള്ള സംഘമാണ് യക്ഷഗാന പാവക്കൂത്തിനെ ലോകത്തിന്റെ നെറുകയിലേക്കുയർത്തിയത്.

പാവകളി ലോകമാകെ ശ്രദ്ധനേടിയ കലാരൂപമാണെങ്കിലും മുഴുവനായും ചലിച്ച് നൃത്തമാടുന്ന യക്ഷഗാന പാവകൾ ആഗോളതലത്തിൽ തന്നെ വേറിട്ട കലാവിസ്മയമാണ്. സന്ധികളിൽ ഘടിപ്പിച്ച ചരടുപയോഗിച്ച് കളിത്തട്ടിന് പിന്നിലിരുന്നാണ് ഇവയെ നിയന്ത്രിക്കുന്നത്. സൂക്ഷ്മമായ കലാപാടവവും ശ്രദ്ധയും വേണം വിരലുകൊണ്ടുള്ള ഈ അഭ്യാസത്തിന്. ചരടുകളിൽ കൈവിരലുകളുടെ മാന്ത്രിക സ്പർശമേൽക്കവെ വേദിയിലെ പാവകൾക്ക് ജീവൻ വെക്കുന്നു. പിന്നെ, രംഗത്ത് ഇതി

ഹാസ കഥാപാത്രങ്ങൾ പുനർജനിക്കുകയായി. രാമരാവണയുദ്ധം, ശ്രീകൃഷ്ണന്റെ ലീലാവിലാസങ്ങൾ, അസുരനിഗ്രഹം, മഹാഭാരതത്തിലെ ഉജ്ജ്വല മുഹൂർത്തങ്ങൾ... ഇങ്ങനെ പുരാണേതിഹാസങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമാണ് യക്ഷഗാന ബൊമ്മയാട്ടം.

ചലിക്കുന്ന നാഗവും മൂഷികനുമായുള്ള അരങ്ങിൽ ഒരു കഥാപാത്രം ഗണപതിവിഗ്രഹത്തിന് ആരതി ഉഴിയുന്നതോടെയാണ് ബൊമ്മയാട്ടത്തിന് സമാരംഭം കുറിക്കുന്നത്. ദേവീമാഹാത്മ്യം, പഞ്ചവടി, ഗരുഡഗർവഭംഗം, നരകാസുരവധം തുടങ്ങിയ കഥകൾ ഏറെ ജനപ്രിയമാണ്. പരമാവധി മൂന്നു മണിക്കൂർ നേരത്തിനുള്ളിൽ അവതരിപ്പിക്കാനുതകുന്നവിധത്തിലാണ് യക്ഷഗാന ബൊമ്മയാട്ടം സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്.

മുൻകാലങ്ങളിൽ ബൊമ്മയാട്ട അവതരണത്തിന് 12 പേർ വേണമായിരുന്നു. എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ ബൊമ്മയാട്ടത്തിനും കൈവന്നു. അഞ്ചു പേർ അടങ്ങുന്ന സംഘത്തിന് ഇന്ന് ഭംഗിയായി പരിപാടി അവതരിപ്പിക്കാനാകും. സംഗീതവും സംഭാഷണവും സിഡിയിലാക്കിയതിനാൽ കാര്യങ്ങൾ കുറേക്കൂടി സുഗമമായി.

ഭാരം കുറഞ്ഞ പാലമരത്തിലാണ് പാവകളെ കൊത്തിയുണ്ടാക്കുന്നത്. ചിത്രകലയിലും ശിൽപകലയിലും നല്ല അഭിരുചിയുള്ളതിനാൽ രമേശ് തന്നെയാണ് പാവകളെ സൃഷ്ടിക്കുന്നത്. മനുഷ്യശരീരത്തിലെ സന്ധികളെല്ലാം മരത്തിൽ കൊത്തിയെടുക്കും. തുടർന്ന് അവ ചരടുകളിൽ കൂട്ടിച്ചേർക്കും. പിന്നെ ചമയങ്ങൾ തീർക്കും. അങ്ങേയറ്റം ക്ഷമയും ഏകാഗ്രതയും ആവശ്യമുള്ള ജോലിയാണ് പാവ നിർമാണം. ഒരു പാവയ്ക്ക് രണ്ടാഴ്ചത്തെ പണി വേണ്ടിവരും. ഇരുപതിനായിരത്തോളം രൂപ നിർമാണച്ചെലവ് വരും ഒരു പാവയെ രൂപപ്പെടുത്താൻ. രണ്ടടിയോളം ഉയരമുണ്ടാകും പാവയ്ക്ക്. യക്ഷഗാനത്തിന്റെ അതേ വേഷങ്ങൾ തന്നെയാണ് ബൊമ്മയാട്ടത്തിലെ പാവകളുടേത്. അതുകൊണ്ടുതന്നെ ഏറ്റവും ചാരുതയുള്ളവയാണ് ബൊമ്മയാട്ട കഥാപാത്രങ്ങൾ. യക്ഷഗാനത്തിലെന്നപോലെ 'തെംകുതിട്ടു'വിലാണ് (തെക്കൻ ചിട്ട) ബൊമ്മയാട്ടവും അവതരിപ്പിക്കുന്നത്. ലോകപ്രശസ്തമായ നിരവധി വിദേശമ്യൂസിയങ്ങളിൽ രമേശിന്റെ അനുഗൃഹീതമായ കരവിരുതിന്റെ സാക്ഷ്യപത്രങ്ങളായ പാവകൾ സ്താനം പിടിച്ചിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമായി മൂവായിരത്തോളം പ്രദർശനങ്ങളാണ് രമേശും സംഘവും ഇതുവരെ നടത്തിയിട്ടുള്ളത്. പുലിക്കുന്നിലെ വസതിയോടനുബന്ധിച്ച് സജ്ജമാക്കിയ മ്യൂസിയത്തിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ആയിരത്തോളം പാവകളുണ്ട്. ചെക്കോസ്ലാവാക്യയിലെ പ്രാഗിൽ നടന്ന 38 രാജ്യങ്ങളിൽ നിന്നുള്ള പാവകളിക്കാരിൽ 'ബെസ്റ്റ് ട്രഡീഷണൽ പപ്പറ്റ് പെർഫോമർ' അവാർഡ് ലഭിച്ചത് രമേശിനായിരുന്നു. പാക്കിസ്ഥാൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ അരങ്ങേറിയ ലോകപാവകളി മേളയിലും ഏറ്റവും ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റിയത് രമേശും സഹപ്രവർത്തകരുമായിരുന്നു.

ചൈനയിലെ ഗുയ്ഷുവിൽ നവംബറിൽ നടന്ന അന്തർദേശീയ നാടൻ കരകൗശലമേളയിലും അംഗീകാരം ഏറ്റുവാങ്ങാൻ അനുഗൃഹീതരായ ഈ കലാകാരന്മാർക്കു കഴിഞ്ഞു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു മാത്രമല്ല, വിവിധ രാജ്യങ്ങളിൽ നിന്നും ഇടതടവില്ലാതെ കലാഗവേഷകരും ആസ്വാദകും പഠിതാക്കളും രമേശിനെത്തേടി കാസർകോട് പുലിക്കുന്നിലെ ഈ കലാകേന്ദ്രത്തിൽ എത്തുന്നു.

ബൊമ്മയാട്ടം കാണുന്നവർക്ക് യക്ഷഗാനം കാണേണ്ട അവശ്യമില്ല. സന്ധ്യമുതൽ പിറ്റേന്ന് പ്രഭാതം വരെ മുഴുനീളരാത്രിയിൽ ആടിത്തീർക്കേണ്ട യക്ഷഗാനം ഒന്നോ രണ്ടോ മണിക്കൂറിനുള്ളിലാണ് ലളിതവത്കരിച്ച് ബൊമ്മയാട്ടത്തിലൂടെ ആവിഷ്കരിക്കുന്നത്. ഈയൊരു പൊതുസ്വീകാര്യത കൊണ്ടുതന്നെ പണ്ഡിത-പാമരഭേദമെന്യേ കാണികൾ ബൊമ്മയാട്ടത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നു. ■



കെ.പി. രമേശൻ





വിദേശത്തെ അരങ്ങിൽ



# ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉത്സവദിനം

ഒരിക്കൽകൂടി ഇന്ത്യയൊട്ടാകെ പോളിങ് ബൂത്തിലേക്ക് നീങ്ങുകയാണ്. വിവിധ സംസ്ഥാനങ്ങളിലായി ഏപ്രിൽ ഏഴിന് വോട്ടെടുപ്പ് ആരംഭിച്ച് മെയ് 16ന് വോട്ടെണ്ണുന്നതോടെ പര്യവസാനിക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കാണ് ഇന്ത്യ ഒരുങ്ങുന്നത്. ഏപ്രിൽ പത്തിനാണ് കേരളത്തിൽ തെരഞ്ഞെടുപ്പ്. അതിബൃഹത്തും സൂക്ഷ്മാംശങ്ങളിൽവരെ ശ്രദ്ധയൂന്നുന്നതുമായ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, കുറ്റമറ്റ സംഘാടനം, വിപുലമായ വോട്ടർ പങ്കാളിത്തം എന്നിവകൊണ്ട് ലോകരാഷ്ട്രങ്ങളുടെ പോലും ആദരവ് നേടിയ ജനാധിപത്യരീതിയിലാണ് നമ്മുടെ തെരഞ്ഞെടുപ്പുകൾ.

ഏപ്രിൽ ഏഴ്, ഒമ്പത്, 10, 12, 17, 24, 30 മെയ് ഏഴ്, 12 തീയതികളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിലായി 81.4 കോടി വോട്ടർമാരാണ് സമ്മതിദാനാവകാശം വിനിയോഗിക്കാൻ അർഹരായവർ. ആന്ധ്രാപ്രദേശ്, ഒഡിഷ, സിക്കിം നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പും ഒപ്പം നടക്കും.

കേരളത്തിൽ പത്രികസമർപ്പണത്തിനുള്ള അവസാനതീയതി മാർച്ച് 22 നാണ്. സൂക്ഷ്മ പരിശോധന തീയതി 24, പത്രിക പിൻവലിക്കാനുള്ള അവസാനതീയതി 26.

**കേരളത്തിലെ വോട്ടർമാരുടെ എണ്ണം (1957 മുതൽ):**

| വർഷം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1957 | 3701123 | 3813503 | 7514626 |
| 1960 | 3960373 | 4080625 | 8040998 |
| 1965 | 4214868 | 4342848 | 8557716 |
| 1967 | 4243849 | 4372707 | 8616556 |
| 1971 | 5078582 | 5139311 | 10217893 |
| 1977 | 5675101 | 5788386 | 11463487 |
| 1980 | 6564487 | 6709350 | 13273837 |
| 1982 | 6475300 | 6639467 | 13114767 |
| 1984 | 7049482 | 7226590 | 14276072 |
| 1987 | 7866828 | 8083191 | 15950019 |
| 1989 | 9347897 | 9576239 | 18924136 |
| 1991 | 9715927 | 9943517 | 19659444 |
| 1996 | 10036749 | 10630660 | 20667409 |
| 1998 | 10313268 | 10875444 | 21188712 |
| 1999 | 10794307 | 11264594 | 22058901 |
| 2001 | 10521431 | 11200533 | 21721964 |
| 2004 | 10168428 | 10957045 | 21125473 |
| 2006 | 10343927 | 11140010 | 21483937 |
| 2007 | 10101094 | 10828052 | 20929146 |
| 2008 | 10238507 | 10975353 | 21213860 |
| 2009 | 10528581 | 11330955 | 21859536 |
| 2010 | 10763121 | 11668744 | 22431865 |
| 2011 | 10959115 | 11919652 | 22878767 |
| 2012 | 11188903 | 12149754 | 23338657 |
| 2013 | 11330240 | 12228390 | 23558630 |

അവലംബം : www.ceo.kerala.gov.in

